## സംശയ നിവാരണി

## തടി ലേലം

**1.** തടിലേലത്തിൽ എങ്ങനെ പങ്കെടുക്കാം **?**

ലേലത്തിൽ പങ്കെടുക്കുന്ന വ്യക്തിയുടെ സ്ഥിരമേൽവിലാസം ബന്ധപ്പെട്ട വില്ലേജ് അധികാരി സാക്ഷ്യപ്പെടുത്തിയിരിക്കണം. അല്ലെങ്കിൽ പാസ്പോർട്ടിന്റേയോ, ഇലക്ഷൻ ഐ.ഡി കാർഡിന്റെയോ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കിയാലും മതിയാകും. ചന്ദന ലേലത്തിൽ പങ്കെടുക്കുന്നതിന് നിരത ദ്രവ്യമായി 50,000 (അമ്പതിനായിരം) രൂപയും തേക്കിനും, വീട്ടിക്കും 20,000 (ഇരുപതിനായിരം) രൂപയും, മറ്റ് ഇതര തടിയിനങ്ങൾക്കാണെങ്കിൽ 10,000 (പതിനായിരം) രൂപയും, മറ്റു വനവിഭവങ്ങൾക്ക് 2,000 (രണ്ടായിരം) രൂപയും ഒടുക്കേണ്ടതാണ്. തടിലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ കാലാകാലങ്ങളിൽ സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട്.

**2.** തടിലേലത്തിൽ ആർക്കെല്ലാം പങ്കെടുക്കാം**.**

തിരിച്ചറിയൽ രേഖ ഹാജരാക്കി നിരതദ്രവ്യം ലേല നിബന്ധന പ്രകാരം അടച്ച ഏതൊരാൾക്കും ലേലത്തിൽ പങ്കെടുക്കാം. ഒപ്പം സ്ഥിര മേൽവിലാസവും സാക്ഷ്യപ്പെടുത്തി ബന്ധപ്പെട്ട വില്ലേജ് ഓഫീസർ നൽകുന്ന രേഖ/പാസ്സ്പോർട്ട്/ഡ്രൈവിംഗ് ലൈസൻസ്/ ഇലക്ഷൻ കാർഡ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പോ, പ്രോപ്പർട്ടിമാർക്ക് രജിസ്ട്രേഷൻ ഉള്ളവർക്ക് ബന്ധപ്പെട്ട ഫോറസ്റ്റ് ഓഫീസർ നൽകുന്ന ഫോട്ടോ ഐഡന്റിറ്റി കാർഡോ തിരിച്ചറിയൽ രേഖയായി സ്വീകരിക്കും

**3.** ദർഘാസ് ലേലത്തിൽ പങ്കെടുക്കുന്നത് എങ്ങനെ**?**

നൂറു രൂപയും നികുതികളും വിലവരുന്ന ദർഘാസ് ഫോറം വാങ്ങി നിരക്ക രേഖപ്പെടുത്തി മുദ്രവച്ച കവർ തടിവിൽപ്പനവിഭാഗം ഡി.എഫ്.ഒ.യ്ക്ക് ലേലദിവസം രാവിലെ 9 മണിയ്ക്ക് മുമ്പ് സമർപ്പിക്കേണ്ടതാണ്.

**4.** ലേലം ആരംഭിക്കുന്നത് എപ്പോൾ ?

മുൻകൂറായി പരസ്യപ്പെടുത്തിയ തീയതി രാവിലെ 10 മണിയ്ക്ക് ലേലം ആരംഭിയ്ക്കും.

**5.** ലേലത്തിൽ പങ്കെടുക്കാൻ എത്ര തുക കരുതണം ?

ലേലത്തിൽ വിജയിച്ച ആൾ ലേലംകൊണ്ട തുകയുടെ 35% അന്നുതന്നെ കെട്ടിവയ്ക്കണം. 35 ശതമാനം തുക 1 ലക്ഷം രൂപയ്ക്ക് മുകളിലാണെങ്കിൽ ലേലദിവസം ഒരു ലക്ഷം രൂപ അടച്ചാൽ മതിയാകും. ബാക്കി വരുന്ന തുക ഏഴ് ദിവസത്തിനകം അടയ്ക്കണം. ലേലംകൊണ്ട തടിയുടെ ആകെ വില 20,000 (ഇരുപതിനായിരം) രൂപയിൽ കുറവാണെങ്കിൽ മൊത്തം തുക തലേദിവസം തന്നെ അടയ്ക്കണം. തടികളുടെ ശരാശരി വില ഡിപ്പോകളിൽ ലഭ്യമായതിനാൽ ആവശ്യക്കാരന് ഇതുനോക്കി ഉദ്ദേശതുക കണക്കാക്കാൻ കഴിയും.

**6.** വിൽപ്പനയ്ക്കുള്ള തടികളും, വിറകും ലേലത്തിന് വയ്ക്കുന്നത് എപ്രകാരം ?

സർക്കാർ ഡിപ്പോകളിൽ തടികൾ ലോട്ടുകളായിട്ടാണ് വിൽപ്പനയ്ക്ക് വയ്ക്കുക. തേക്ക് തടി ഒരു ലോട്ടിൽ 4 ക്യൂബിക് മീറ്ററിൽ കവിയാതെയും മറ്റിനം തടികൾ ഒരു ലോട്ടിൽ 8 ക്യൂബിക് മീറ്ററിൽ കവിയാതെയും അട്ടി വച്ചിരിക്കും. കഴകളും ചെറുതടികളും വിറകും ടെറിട്ടോറിയൽ റെയ്ഞ്ചുകളിലും ലേലം ചെയ്യാറുണ്ട്. ഒന്നാം തരം തേക്കിൻ കഴകൾ 25 എണ്ണവും രണ്ടാം തരം 50 എണ്ണവും മൂന്നാം തരം 100 എണ്ണവും നാലാം തരം 200 എണ്ണവും അഞ്ചാം തരം 400 എണ്ണവുമാണ് സാധാരണയായി അട്ടിയിടുന്നത്. ഒരു ലോറിയിൽ കയറ്റാവുന്നത്ര അളവിലാണ് വിറക് സാധാരണ അട്ടി വയ്ക്കുന്നത്.

**7.** തടിലോട്ടുകൾ ലേലത്തിനു മുൻപ് പരിശോധിക്കാൻ കഴിയുമോ ?

ലേലത്തിന് നാലോ, അഞ്ചോ ദിവസം മുമ്പുതന്നെ തടികൾ ലോട്ടുകളാക്കി വച്ചിരിക്കും. തടിയുടെ ലോട്ട് നമ്പർ, എണ്ണം. ഇനം, അളവ് എന്നിവയടങ്ങിയ വിശദമായ ലിസ്റ്റ് ഡിപ്പോയിൽ നിന്നും ലഭ്യമാണ്. ലോട്ടുകൾ ഓരോന്നും പെയിന്റുകൊണ്ട് എഴുതിവച്ചിരിക്കുന്നതിനാൽ ലിസ്റ്റുമായി എളുപ്പം ഒത്തുനോക്കി ബോദ്ധ്യപ്പെടാം. ലേലത്തിൽ പിടിച്ചശേഷം പ്രസ്തുത തടിയുടെ ഗുണനിലവാരം സംബന്ധിച്ച പരാതികൾ സ്വീകരിക്കുന്നതല്ല.

**8.** തടികൾ ലേലംകൊള്ളുന്ന യൂണിറ്റ് എത്രയായിരിക്കും **?**

തടികൾ ഓരോ ക്യൂബിക് മീറ്റർ അളവിനും, കഴകൾ ഓരോ എണ്ണത്തിനും, വിറക്, ബില്ലറ്റുകൾ എന്നിവ ഓരോ മെട്രിക് ടണ്ണിനും ഉള്ള നിരക്കിലാണ് ലേലം കൊള്ളുന്നത്.

**9.** ലേലത്തിൽ പിടിച്ച തടി എപ്പോൾ കൊണ്ടുപോകാം **?**

ഫോറസ്റ്റ് കൺസർവേറ്റർ ലേലം സ്ഥിരപ്പെടുത്തിയാൽ ഒട്ടും വൈകാതെതന്നെ ബാക്കി അടയ്ക്കേണ്ട തുക, വിൽപ്പന നികുതിയും ചേർത്ത് ചെല്ലാൻ രസീത് തയ്യാറാക്കി തടിവാങ്ങിയ ആളുടെ പേർക്ക് സെയിൽസ് ഡിവിഷനിൽ നിന്നും സർട്ടിഫിക്കറ്റ് ഓഫ് പോസ്റ്റിംഗിൽ അയച്ചുതരും. ഇതിൽപ്പറയുന്ന തുക നിർദ്ദിഷ്ട ട്രഷറിയിൽ അടച്ച് രസീത് ഹാജരാക്കിയാൽ പാസ് മുഖേന തടി നീക്കം ചെയ്യാം.

**10.** നിലവിലുള്ള നികുതി നിരക്കുകൾ എപ്രകാരം **?**

<u>തടിക്ക്</u>

1. 12.5 ശതമാനം വാറ്റ് (മൂല്യവർദ്ധിത നികുതി)

2. 5 ശതമാനം വനവികസന നികുതി. (തടിവിലയുടെയും, വാറ്റിന്റെയും ആകെത്തുകയിന്മേൽ)

3. 2.5 ശതമാനം ആദായ നികുതി. (തടിവില, വാറ്റ്, വനവികസന നികുതി എന്നിവയുടെ ആകെത്തുകയിന്മേൽ)

4. ആദായ നികുതിയുടെ 2 ശതമാനം സർചാർജ്ജ്.

5. ആദായ നികുതിയുടെ 3 ശതമാനം വിദ്യാഭ്യാസ സെസ്സ്.

വിറകിന്

വിറകിന് 4 ശതമാനമാണ് മൂല്യ വർദ്ധിത നികുതി. മറ്റു നികുതികൾ മേൽ കാണിച്ച നിരക്കിലായിരിക്കും.

**11.** തടിലേല സംഖ്യ അടയ്ക്കുന്നതിനുള്ള സമയപരിധി എത്രയാണ് ?

ഘനമരത്തടികളുടെ കാര്യത്തിൽ ചെല്ലാൻ തീയതി മുതൽ 60 ദിവസത്തിനുള്ളിൽ ലേലത്തുക അടച്ചാൽ മതിയാകും. പിഴപ്പലിശയും 120 ദിവസത്തെ തറവാടകയും അടച്ചാൽ വീണ്ടും 60 ദിവസം നീട്ടിക്കിട്ടും.

**12.** തടിലേലത്തിൽ പങ്കെടുത്ത് വേഗത്തിൽ തടി നീക്കം ചെയ്യുന്നതിന് വകുപ്പുണ്ടോ ?

ഷെഡ്യൂൾ നിരക്കിനേക്കാളുമോ, ഡിപ്പോയിലെ കഴിഞ്ഞ മൂന്നു മാസത്തെ ലേലത്തുകയുടെ ശരാശരിയെക്കാളുമോ 115% അധികം തുകയ്ക്ക് ലേലം പിടിക്കുന്നവർക്ക് അപ്പോൾ തന്നെ ലേലം സ്ഥിരീകരിച്ചു കിട്ടും. ഏഴ് ദിവസങ്ങൾക്ക് ശേഷം വിലയും മറ്റു നികുതികളും അടച്ച ശേഷം തടി കൊണ്ടു പോകാം.

**13.** ലേലത്തിലെടുത്ത തടികൾ കയറ്റിക്കൊണ്ടു പോകുന്നതിന് വനം വകുപ്പ് സൗകര്യം ചെയ്തു തരുമോ ?

ഇല്ല, തടികൾ വാഹനത്തിൽ കയറ്റുന്നതിനും കൊണ്ടുപോകുന്നതിനുമുള്ള ഏർപ്പാടുകൾ ലേലം കൊണ്ടവർ തന്നെ ചെയ്യണം. കയറ്റുന്നതിനുള്ള തൊഴിലാളികൾ എല്ലാ ഡിപ്പോകളിലും ഉണ്ട്. അവരുടെ വേതനം തടി വാങ്ങിയവർ നൽകണം. മിക്കവാറും ഡിപ്പോകളിൽ കയറ്റുകൂലി നിജപ്പെടുത്തിയിട്ടുണ്ട്.

**14.** ഗാർഹിക ആവശ്യങ്ങൾക്ക് തടി ലഭിയ്ക്കുന്നതിന് സൗകര്യമുണ്ടോ ?

ലേലത്തിൽ പങ്കെടുക്കാതെ ഗാർഹിക ആവശ്യങ്ങൾക്ക് സർക്കാർ ഡിപ്പോകളിൽ നിന്ന് ചില്ലറ വിൽപ്പന വഴി തടി വാങ്ങാൻ സൗകര്യമുണ്ട്. മുൻകൂട്ടി നിശ്ചയിച്ച വിലയാണ് നൽകേണ്ടത്.

**15.** ചില്ലറ വിൽപ്പനവഴി തേക്ക് തടി വാങ്ങാനുള്ള നടപടിക്രമം എന്താണ് **?**

സ്വന്തം ആവശ്യത്തിനുവേണ്ടിയാണ് തടി വാങ്ങുന്നതെന്ന് തെളിയിക്കുവാൻ മതിയായ രേഖകൾ (മേൽവിലാസം തെളിയിക്കുന്ന രേഖ, റേഷൻ കാർഡ്, ബിൽഡിംഗ് പെർമിറ്റ്, അംഗീകരിച്ച പ്ലാൻ തുടങ്ങിയവ) ഹാജരാക്കി സർക്കാർ തടി ഡിപ്പോകളിൽ നിന്ന് 5 ക്യൂബിക് മീറ്റർ തടിവരെ ചില്ലറയായി വാങ്ങാം. ഡിപ്പോ ഓഫീസറിൽ നിന്നും ടോക്കൺ വാങ്ങി തടി തെരഞ്ഞെടുക്കാം. തെരഞ്ഞെടുത്ത തടിയുടെ 1/10 വില (പരമാവധി 20,000 രൂപ) അപ്പോൾ തന്നെ പണമായോ ആ സ്ഥലത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായോ അടയ്ക്കണം. മുഴുവൻ തുകയും അടച്ചാൽ അന്നു തന്നെ തടി നീക്കം ചെയ്യാം. ബാക്കി തുക 3 ദിവസത്തിനകം അടയ്ക്കേണ്ടതും തുടർന്ന് 7 ദിവസത്തിനകം, വാങ്ങിയ തടി ഡിപ്പോയിൽ നിന്നും നീക്കം ചെയ്യേണ്ടതുമാണ്. വനം വകുപ്പിന്റെ തടി ഡിപ്പോകളുടെ പേരും ബന്ധപ്പെട്ട തടിവിൽപ്പന വിഭാഗം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ വിലാസവും, ഫോൺ നമ്പരും താഴെ കൊടുക്കുന്നു.

| തടിവില്പ്പന ഡിവിഷൻ | ഡിപ്പോയുടെ പേര് | ചുമതലയുള്ള ഉദ്യോഗസ്ഥന്റെ വിലാസവും ഫോൺ നമ്പരും. |
|---|---|---|
| തിരുവനന്തപുരം | കുളത്തൂപ്പുഴ, തെന്മല, ആര്യങ്കാവ്, അച്ചൻകോവിൽ | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ<br>ടിമ്പർ സെയിൽസ്,<br>തിരുവനന്തപുരം, **0471 - 2360166** |
| പുനലൂർ | കടയ്ക്കാമൺ പത്തനാപുരം | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ |

| | | |
|---|---|---|
| | കോന്നി, അരീക്കക്കാവ്<br><br>ളയം, വീയപുരം. | ടിമ്പർ സെയിൽസ്, പുനലൂർ<br><br>**0475 - 2222617** |
| കോട്ടയം | പാറമ്പുഴ, വെട്ടിക്കോട്<br><br>തലക്കോട്, കോതമംഗലം | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ<br><br>ടിമ്പർ സെയിൽസ്,കോട്ടയം<br><br>**0481 – 2312448** |
| പെരുമ്പാവൂർ | വീട്ടൂർ, വാരാപ്പുഴ<br><br>മുടിയ്ക്കൽ, ചെട്ടിക്കളം<br><br>ചാലക്കുടി. | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ<br><br>ടിമ്പർ സെയിൽസ്,പെരുമ്പാവൂർ<br><br>**0484- 2522219** |
| പാലക്കാട് | അരുവക്കോട്, നെടുങ്കയം<br><br>വാളയാർ | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ<br><br>ടിമ്പർ സെയിൽസ്, പാലക്കാട്<br><br>**0491 - 2555800** |
| കോഴിക്കോട് | ചാലിയം, ബാവലി,<br><br>കണ്ണോത്ത്, കുപ്പാടി, പരപ്പ,<br><br>മഞ്ചക്കൽ. | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ<br><br>ടിമ്പർ സെയിൽസ്, കോഴിക്കോട്<br><br>**0495 – 2320702.** |

വനേതര പ്രദേശങ്ങളിൽ നിന്ന് മരം മുറിയ്ക്കുന്നതുമായി

ബന്ധപ്പെട്ട നടപടി ക്രമം

**16.** ‘വനേതര ഭൂമി ’ എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത് **?**

2005-ലെ കേരള വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമത്തിലെ നിർവ്വചനമനുസരിച്ച് എല്ലാ സ്വകാര്യഭൂമിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭൂമിയും വനേതര ഭൂമിയാണ്. എന്നാൽ കാർഡമം ഹിൽ റിസർവ്വ്, പതിച്ച നൽകിയെങ്കിലും ഡിസ് റിസർവ്വ് ചെയ്യാത്ത വനഭൂമി, ഏതെങ്കിലും നിയമപ്രകാരം റിസർവ്വ് വനമായി പ്രഖ്യാപിച്ചിട്ടുള്ളതോ/പ്രഖ്യാപിച്ചതായി കരുതപ്പെടുന്നതോ ആയ ഭൂമി, മറ്റ വനഭൂമി, നിലവിലുള്ള നിയമ പ്രകാരം പട്ടിക വർഗ്ഗക്കാർക്ക് നൽകിയിട്ടുള്ള ഭൂമി, നെൽപ്പാടങ്ങൾ എന്നിവ വനേതര ഭൂമിയിൽപ്പെടില്ല.

**17.** വീട്ടുവളപ്പിൽ ചന്ദനമരം വളർത്താമോ **?**

വളർത്താം. എന്നാൽ ചന്ദനമരങ്ങൾ മുറിക്കുന്നതും, കൊണ്ടുപോകുന്നതും, വിൽക്കുന്നതും വനംവകുപ്പ് മുഖേന ആയിരിക്കണമെന്ന് ചട്ടപ്രകാരം നിർബന്ധമുണ്ട്. ഉടമസ്ഥന്റെ അപേക്ഷ പ്രകാരം വനം ഉദ്യോഗസ്ഥർ ചന്ദനമരം അളന്ന് മുറിപ്പിച്ച് വകുപ്പിന്റെ മറയൂരിലുള്ള ചന്ദന ഡിപ്പോയിൽ എത്തിച്ച് ലേലം ചെയ്യും. മറയൂർ ചന്ദനത്തിന് വൻവില ലഭിക്കുമെന്നതിനാൽ ഇവിടെ വിൽക്കുന്ന സ്വകാര്യ വ്യക്തിയുടെ ചന്ദനത്തിനും മുന്തിയ വില കിട്ടും. ലേലം ചെയ്ത് കിട്ടുന്ന തുകയിലെ 30 ശതമാനം അല്ലെങ്കിൽ മുറിക്കാനും ലേലത്തിനും വേണ്ടിവന്ന ചെലവ്, ഇതിൽ ഏതാണോ കൂടുതൽ അത്രയും തുക മാത്രം വകുപ്പ് എടുത്തുകൊണ്ട് ബാക്കി തുക മുഴുവൻ ചന്ദനമരത്തിന്റെ വിലയായി ഉടമസ്ഥന് ലഭിക്കും.

**18.** വീട്ടുവളപ്പിലെ മരംമുറിക്കാൻ അനുവാദം വാങ്ങേണ്ടതുണ്ടോ **?**

വനേതര പ്രദേശങ്ങളിലെ വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമപ്രകാരം വിജ്ഞാപനം ചെയ്യാത്ത വനേതര പ്രദേശങ്ങളിലെ ചന്ദനം ഉൾപ്പെടെ 12 ഇനം മരങ്ങൾ ഒഴികെയുള്ള മരങ്ങൾ മുറിക്കുന്നതിനും കടത്തിക്കൊണ്ടുപോകുന്നതിനും അനുവാദം ആവശ്യമില്ല. ചന്ദനം മുറിക്കുന്നതിനുള്ള അപേക്ഷ വനം വകുപ്പിന് സമർപ്പിക്കണം. ചന്ദനം മുറിച്ച് വിൽപ്പന നടത്തുന്നത് വനം വകുപ്പുവഴി മാത്രമേ പാടുള്ളൂ. മേൽ 12 ഇനം മരങ്ങളിൽ

ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിച്ച് കടത്തിക്കൊണ്ടു പോകുന്നതിന് മുൻപ് ഒരു പ്രതിജ്ഞാപത്രം ബന്ധപ്പെട്ട റെയ്ഞ്ചാഫീസർക്ക് സമർപ്പിച്ച് കൈപ്പറ്റ് രസീത് വാങ്ങിയിരിക്കണം.

**19.** വനേതര പ്രദേശങ്ങളിലെ വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമവും വ്യവസ്ഥിതികളും**.**

സ്വാഭാവിക വനങ്ങളെ മനുഷ്യൻ അനിയന്ത്രിതമായി ചൂഷണം ചെയ്തു തുടങ്ങിയപ്പോഴാണ് വനസംരക്ഷണത്തിന്റെ അനിവാര്യത സമൂഹത്തിന് ബോധ്യമായി തുടങ്ങിയത്. അതീവ പരിസ്ഥിതി പ്രാധാന്യവും, ജൈവസമ്പന്നതയും, വൈവിദ്ധ്യാധിഷ്ഠിതവുമായ ഇത്തരം വനങ്ങൾ അവന്റെ നിലനിൽപ്പിന്റെ തന്നെ ആധാരശിലയാണ്. ഈയൊരു തിരിച്ചറിവാണ് വനേതര പ്രദേശങ്ങളിലും വൃക്ഷം വളർത്താൻ മനുഷ്യന് പ്രേരണയായത്. ശക്തമായും, ക്രിയാത്മകമായും ഈ കർമ്മം നടപ്പാക്കുന്നതിനാണ് കേരള സർക്കാർ 2005-ൽ വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമം പ്രാബല്യത്തിൽ വരുത്തിയത്.

വനത്തിന് പുറത്തെ ഭൂമിയിൽ ഹരിതാഭ വർദ്ധിപ്പിക്കുന്നതിനും അവിടെയുള്ള മണ്ണ് സംരക്ഷിക്കുന്നതിനും പുറമേ വ്യവസായികാവശ്യങ്ങൾക്കുള്ള തടി, മുള എന്നിവയുടെ ലഭ്യത ഉറപ്പാക്കുക, സമൂഹത്തിന് ആവശ്യമായ വിറക്, കാലിത്തീറ്റ, തടി എന്നിവയുടെ ലഭ്യത വൃക്ഷം വളർത്തലിലൂടെ ഉറപ്പുവരുത്തുക. കൂടാതെ റോയൽ ട്രീസ് എന്ന് നിർവ്വഹിച്ചിരുന്ന ഈട്ടി, തേക്ക്, എബണി തുടങ്ങിയ മരങ്ങളും ഗാർഹിക വ്യാവസായിക ആവശ്യങ്ങൾക്കുള്ള മരങ്ങളും, മുറിക്കുവാനും നീക്കം ചെയ്യുവാനുമുള്ള നിയമങ്ങൾ ലഘൂകരിക്കുവാനും ഈ നിയമം ലക്ഷ്യമാക്കുന്നു. ഇതിനെല്ലാം ഉപരിയായി കാലാവസ്ഥാവ്യതിയാനം പോലെയുള്ള ആഗോള പ്രശ്നങ്ങൾ പ്രാദേശികമായി പരിഹരിക്കുന്നതിനും, നാടിന്റെ പരിസ്ഥിതി സംരക്ഷിക്കുന്നതിനും ഇത്തരം നിയമങ്ങൾ ഉണർവ്വേകുന്നു.

**20.** നോട്ടിഫൈ ചെയ്യാത്ത സ്ഥലത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം**.**

സ്വകാര്യ ഭൂമിയിൽ നോട്ടിഫൈ ചെയ്യാത്ത സ്ഥലത്തു നിൽക്കുന്ന ഏതു മരവും മുറിക്കാനും കടത്തിക്കൊണ്ട് പോകുവാനും ഭൂഉടമയ്ക്ക് പൂർണ്ണമായ അധികാരമുണ്ട്. ഇതിനു പുറമേ സ്വകാര്യ ഭൂമിയിൽ നിൽക്കുന്ന നിയന്ത്രണം ബാധകമായ ഏതെങ്കിലുമൊരു മരം (സ്പെസിഫൈഡ് മരം) മുറിച്ചതിനു ശേഷം അത് പുറത്തേയ്ക്ക് കടത്തിക്കൊണ്ട്

പോകണമെങ്കിൽ ബന്ധപ്പെട്ട ഫോറസ്റ്റ് റെയ്ഞ്ച് ഓഫീസർക്ക് ഇത് സംബന്ധിച്ച ഡിക്ലറേഷൻ സമർപ്പിക്കേണ്ടതും സമ്മതപത്രം നേടിയിരിക്കേണ്ടതാണെന്നും ഓർക്കുക.

**21.** എന്താണ് നോട്ടിഫൈഡ് സ്ഥലങ്ങൾ

നാടിന്റെ ഹരിതാഭയ്ക്ക് ക്ഷതം സംഭവിക്കാതിരിക്കുന്നതിനായി പരിസ്ഥിതി പ്രാധാന്യമുള്ള ചില വില്ലേജുകളിലെ വൃക്ഷങ്ങൾ മുറിക്കുന്നതു സംബന്ധിച്ച് സർക്കാർ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തി, അവ ഏതൊക്കെ എന്ന് ഗസറ്റിൽ വിജ്ഞാപനം ചെയ്യാറുണ്ട്. ഇത്തരം സ്ഥലങ്ങളെയാണ് നോട്ടിഫൈഡ് സ്ഥലങ്ങൾ എന്നു പറയുന്നത്.

**22.** കേരളത്തിലെ നോട്ടിഫൈഡ് സ്ഥലങ്ങൾ ഏതൊക്കെ **?**

കേരളത്തിലെ 1453 വില്ലേജുകളിൽ 50 എണ്ണം ഇപ്രകാരം നോട്ടിഫൈ ചെയ്ത വില്ലേജുകളാണ്. ഇതിനു പുറമെ ഏലം, കാപ്പിത്തോട്ടങ്ങൾ, സമുദ്രതീരത്തെ കണ്ടൽ വനങ്ങൾ എന്നിവയും നോട്ടിഫൈ ചെയ്ത ഭൂവിഭാഗങ്ങളുടെ ഗണത്തിൽപ്പെടുന്നു. KPT Act സെക്ഷൻ 5 നോട്ടിഫിക്കേഷന് ടി സ്ഥലങ്ങൾ വിധേയമാക്കിയിട്ടുണ്ടെങ്കിൽ അവിടെ മരങ്ങൾ മുറിക്കുന്നതിന് നിയന്ത്രണവും ഉണ്ടാകും.

<u>നോട്ടിഫൈ ചെയ്ത സ്ഥലങ്ങൾ</u>

| നമ്പർ | ജില്ല | താലൂക്ക് | വില്ലേജ് |
|---|---|---|---|
| 1. | പത്തനംതിട്ട | കോഴഞ്ചേരി | അരുവാപ്പലം |
| 2. | പത്തനംതിട്ട | കോഴഞ്ചേരി | തണ്ണിത്തോട് |
| 3. | പത്തനംതിട്ട | റാന്നി | കൊല്ലമല |
| 4. | പത്തനംതിട്ട | റാന്നി | ചിറ്റാർ - സീതത്തോട് |
| 5. | പത്തനംതിട്ട | റാന്നി | റാന്നി |

| | | | |
|---|---|---|---|
| 6. | ഇടുക്കി | ദേവികുളം | കണ്ണൻദേവൻ ഹിൽസ് |
| 7. | ഇടുക്കി | ദേവികുളം | കാന്തല്ലൂർ |
| 8. | ഇടുക്കി | ദേവികുളം | മാങ്കുളം |
| 9. | ഇടുക്കി | ദേവികുളം | മറയൂർ |
| 10. | ഇടുക്കി | ദേവികുളം | മറയൂർ |
| 11. | ഇടുക്കി | ദേവികുളം | പള്ളിവാസൽ |
| 12. | ഇടുക്കി | തൊടുപുഴ | അറക്കുളം |
| 13. | ഇടുക്കി | തൊടുപുഴ | ഇടുക്കി |
| 14. | കോട്ടയം | കാഞ്ഞിരപ്പള്ളി | എരുമേലി (നോർത്ത്) |
| 15. | കോട്ടയം | കാഞ്ഞിരപ്പള്ളി | എരുമേലി (നോർത്ത്) |
| 16. | എറണാകുളം | കോതമംഗലം | നേര്യമംഗലം |
| 17. | എറണാകുളം | കോതമംഗലം | കുട്ടമ്പുഴ |
| 18. | എറണാകുളം | കുന്നത്തുനാട് | മലയാറ്റൂർ |
| 19. | തൃശ്ശൂർ | മുകുന്ദപുരം | പരിയാരം |
| 20. | തൃശ്ശൂർ | തൃശ്ശൂർ | പീച്ചി |
| 21. | തൃശ്ശൂർ | തൃശ്ശൂർ | പാണൻചേരി |

| | | | |
|---|---|---|---|
| 22. | തൃശ്ശൂർ | തൃശ്ശൂർ | മാടക്കത്തറ |
| 23. | തൃശ്ശൂർ | തൃശ്ശൂർ | പുത്തൂർ |
| 24. | പാലക്കാട് | മണ്ണാർക്കാട് | പാടവയൽ |
| 25. | പാലക്കാട് | മണ്ണാർക്കാട് | പുതൂർ |
| 26. | പാലക്കാട് | മണ്ണാർക്കാട് | ഷോളയൂർ |
| 27. | പാലക്കാട് | മണ്ണാർക്കാട് | കോട്ടത്തറ |
| 28. | പാലക്കാട് | മണ്ണാർക്കാട് | അഗളി |
| 29. | പാലക്കാട് | ആലത്തൂർ | മംഗളം ഡാം |
| 30. | പാലക്കാട് | ചിറ്റൂർ | മുതലമട-1 |
| 31. | പാലക്കാട് | ചിറ്റൂർ | മുതലമട-2 |
| 32. | പാലക്കാട് | ചിറ്റൂർ | നെല്ലിയാമ്പതി |
| 33. | പാലക്കാട് | ചിറ്റൂർ | പോത്തുണ്ടി |
| 34. | മലപ്പുറം | ഏറനാട് | എടവണ്ണ |
| 35. | മലപ്പുറം | ഏറനാട് | പേരകമണ്ണ |
| 36. | മലപ്പുറം | നിലമ്പൂർ | നിലമ്പൂർ |
| 37. | മലപ്പുറം | നിലമ്പൂർ | അകംപാടം |

| | | | |
|---|---|---|---|
| 38. | മലപ്പുറം | നിലമ്പൂർ | ചുങ്കത്തറ |
| 39. | മലപ്പുറം | നിലമ്പൂർ | എടക്കര |
| 40. | കോഴിക്കോട് | കൊയിലാണ്ടി | ചെമ്പനോട |
| 41. | കോഴിക്കോട് | വടകര | കാവിലമ്പാറ |
| 42. | കോഴിക്കോട് | കോഴിക്കോട് | കോടഞ്ചേരി |
| 43. | വയനാട് | വൈത്തിരി | വെള്ളരിമല |
| 44. | വയനാട് | വൈത്തിരി | കൽപ്പറ്റ |
| 45. | വയനാട് | സുൽത്താൻബത്തേരി | പാടിച്ചിറ |
| 46. | വയനാട് | സുൽത്താൻബത്തേരി | പുൽപ്പള്ളി |
| 47. | വയനാട് | മാനന്തവാടി | കാഞ്ഞിരങ്ങാട് |
| 48. | വയനാട് | മാനന്തവാടി | പെരിയ |
| 49. | കണ്ണൂർ | തളിപ്പറമ്പ് | ആലക്കോട് |
| 50. | കണ്ണൂർ | തലശ്ശേരി | ആറളം |

**23.** നോട്ടിഫൈ ചെയ്ത സ്ഥലങ്ങളിലെ ചെറുകിട ഭൂഉടമകളുടെ അവകാശങ്ങൾ എന്തൊക്കെ**.**

ഒരു ഹെക്ടറോ അതിനു താഴെയോ ഭൂമി സ്വന്തമായുള്ളവരാണ് ചെറുകിട ഭൂഉടമകൾ. ചന്ദനവും സ്പെസിഫൈഡ് മരങ്ങളും (നിയന്ത്രണം ബാധകമായ 12 ഇനം മരങ്ങൾ) ഒഴികെ മറ്റേത് മരവും മുറിക്കുന്നതിനും, കടത്തുന്നതിനും ഇവർക്ക് അനുവാദമുണ്ട്. അതേ സമയം

സ്പെസിഫൈഡ് മരങ്ങൾ മുറിക്കുന്നതിനും കടത്തിക്കൊണ്ടു പോകുന്നതിനും ബന്ധപ്പെട്ട അധികാരിയുടെ അനുമതി പത്രം ആവശ്യമാണുതാനും.

സ്പെിഫൈഡ് മരങ്ങൾ അഥവാ നിയന്ത്രണം ബാധകമായ 10 ഇനം മരങ്ങൾ

| | |
|---|---|
| ചന്ദനം | കമ്പകം |
| തേക്ക് | ചടച്ചി |
| ഈട്ടി | ചന്ദന വേമ്പ് |
| ഇരുൾ | വെള്ളകിൽ |
| തേന്മാവ് | എബണി |

**23.** നോട്ടിഫൈ ചെയ്ത സ്ഥലത്തിലെ വൻകിട ഭൂവുടമകളുടെ അവകാശങ്ങൾ എന്തൊക്കെ**.**

ഒരു ഹെക്ടറിനു മുകളിൽ ഭൂമിയുള്ളവരാണ് വൻകിട ഭൂഉടമകൾ. ഇവർക്ക് ഷെഡ്യൂൾഡ് മരങ്ങൾ (നിയന്ത്രണം ബാധകമല്ലാത്ത 20 ഇനം മരങ്ങൾ) ഒഴികെ ഏതുമരവും മുറിക്കുന്നതിനും കടത്തിക്കൊണ്ടു പോകുന്നതിനും മുൻകൂർ അനുമതി ആവശ്യമാണ്.

<u>ഷെഡ്യൂൾഡ് മരങ്ങൾ അഥവ നിയന്ത്രണം</u>

<u>ബാധകമാകാത്ത **28** ഇനം മരങ്ങൾ</u>

| | | |
|---|---|---|
| തെങ്ങ് | ശീമക്കൊന്ന | കിളിമരം |
| റബ്ബർ | നെല്ലി | മഞ്ചാടിമരം |
| കശുമാവ് | വേപ്പ് | വട്ട |
| പുളി | മുരിക്ക് | പന |
| മാവ് | ജാതി | അരണമരം |
| പ്ലാവ് | അൽബി<br>സിയ | യൂക്കാലിപ്പ്റ്റ<br>സ് |
| കുടംപുളി | ഇലവ് | ശീമപ്ലാവ് |
| മട്ടി | അക്കേഷ്യ | പാല |

| | |
|---|---|
| കമുക് | മാഞ്ചിയം |
| കൊന്ന | ആഞ്ഞിലി |

**24.** ജീവനോ സ്വത്തിനോ ഭീഷണിയായ മരങ്ങൾ

നിയന്ത്രണം ബാധകമായ മരങ്ങൾ (സ്പെസിഫൈഡ് മരങ്ങൾ) എവിടെ നിന്നാലും അത് ജീവനോ സ്വത്തിനോ ഭീഷണിയായയണെങ്കിൽ ടി മരം അടിയന്തിരമായി മുറിച്ച് നീക്കുന്നതിന് അനുമതി ഉറപ്പായും കൊടുത്തിരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ബാധ്യസ്ഥനാണ്.

മനുഷ്യന് എല്ലാ കാര്യത്തിലും സ്വായത്തമായ അറിവുണ്ടെങ്കിലും, ചില പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയില്ലെങ്കിൽ ഭാവിയിൽ അത് പല പ്രശ്നങ്ങൾക്കും ഇടവരുത്തും. ഇക്കാര്യം മുന്നിക്കണ്ടാണ് ഇതുപോലെയുള്ള നിയമങ്ങൾ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്നത്. വ്യക്തിപരമായി ചിലർക്ക് ഇത്തരം നിയമങ്ങൾ അപൂർവ്വമായിട്ടെങ്കിലും അസൗകര്യങ്ങൾ സൃഷ്ടിക്കുമെങ്കിലും മൊത്തത്തിൽ അത് സമൂഹത്തിന്റെ ഉന്നമനം ലക്ഷ്യമാക്കിയുള്ളതാണെന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്.

സ്വകാര്യ ഭൂമിയിലെ മരം മുറിച്ചു കൊണ്ടുപോകുന്നതിന് മുൻകാലത്ത് ഫ്രീ പാസ്സ് നൽകിയിരുന്നു. ഇതിനുപകരമായി ഇപ്പോൾ ഈ നിയമപ്രകാരം വനേതര പ്രദേശങ്ങളിലെ വിജ്ഞാപനം ചെയ്യാത്ത വില്ലേജുകളിൽ നിന്നും മുറിച്ച നിയന്ത്രണം ബാധകമായ മരങ്ങൾ മറ്റൊരു സ്ഥലത്തേയ്ക്കു കൊണ്ടുപോകണമെങ്കിൽ തടിയുടെ ഉടമസ്ഥൻ സ്വയം നൽകുന്ന ഒരു പ്രതിജ്ഞാപത്രം വേണം. ഇതു ലഭിയ്ക്കുന്നതിന് വൃക്ഷത്തിന്റെ ഉടമസ്ഥൻ തടികൊണ്ടുപോകുന്നതിനു മുമ്പായി ആ പ്രദേശത്ത് അധികാര പരിധിയുള്ള ഫോറസ്റ്റ് റെയ്ഞ്ച് ഓഫീസറുടെ മുമ്പാകെ ഏതു ഭൂമിയിൽ നിന്നാണോ മരം മുറിച്ചത് ആ ഭൂമിയുടെ സർവ്വേ നമ്പർ, വൃക്ഷങ്ങളുടെ എണ്ണം, വൃക്ഷങ്ങളുടെ ഇനം, തടിയുടെ അളവ്, ഏത് സ്ഥലത്തേയ്ക്കാണ് തടി കൊണ്ടു പോകുന്നത് തുടങ്ങിയ വിവരങ്ങൾ അടങ്ങിയ ഒരു

പ്രതിജ്ഞാപത്രം നേരിട്ട് കൊടുക്കുകയോ, കൈപ്പറ്റ് രസീതോടുകൂടിയ രജിസ്റ്റേഡ് തപാൽ മുഖേന അയയ്ക്കുകയോ ചെയ്യേണ്ടതാണ്. ഈ പ്രതിജ്ഞാ പത്രത്തിന്റെ മാതൃക ചുവടെ ചേർക്കുന്നു.

ഇങ്ങനെ ഫയൽ ചെയ്യുന്ന ഓരോ പ്രതിജ്ഞാ പത്രത്തിനും ഫോറസ്റ്റ് റെയ്ഞ്ച് ഓഫീസർ കൈപ്പറ്റ് രസീത് നൽകുന്നതും, അങ്ങനെ കൈപ്പറ്റ് രസീത് നൽകിയിട്ടുള്ള പ്രതിജ്ഞാപത്രത്തിന്റെ പകർപ്പ് തടി കൊണ്ടുപോകുന്ന സമയത്ത് അതിനോടൊപ്പം ഉണ്ടായിരിക്കേണ്ടതുമാണ്.

എന്നാൽ, റിസർവ്വ് വനാതിർത്തിയിൽ നിന്നും അഞ്ചു കിലോമീറ്ററിനുള്ളിലുള്ള വനേതര ഭൂമിയിൽ നിന്നുമാണ് നിർദ്ദേശിക്കപ്പെട്ട വൃക്ഷത്തിന്റെ തടി കൊണ്ടു പോകുന്നതെങ്കിൽ, പതിനഞ്ച് ദിവസങ്ങൾക്കുള്ളിൽ ആവശ്യമായ പരിശോധന ഫോറസ്റ്റ് റെയ്ഞ്ച് ഓഫീസർ നടത്തേണ്ടതാണ്. പ്രതിജ്ഞാപത്രം ലഭിച്ച് 20 ദിവസങ്ങൾക്കുള്ളിൽ ഫോറസ്റ്റ് റെയ്ഞ്ച് ഓഫീസറുടെ കൈപ്പറ്റ് രസീത് കിട്ടിയില്ലെങ്കിൽ അത് ലഭിച്ചതായി കരുതപ്പെടും.

വിജ്ഞാപനം ചെയ്യപ്പെട്ട വില്ലേജുകളിലെ ഒരു ഹെക്ടറിൽ താഴെയുള്ള ഭൂമിയിലെ സ്പെസിഫൈഡ് അഥവാ നിയന്ത്രണം ബാധകമായ 12 ഇനം മരങ്ങളും, ഒരു ഹെക്ടറിന് മുകളിലുള്ള ഭൂമിയിലെ ഷെഡ്യൂൾഡ് അഥവാ നിയന്ത്രണം ബാധകമാകാത്ത 20 ഇനം ഒഴികെയുള്ള മരങ്ങൾ മുറിക്കുന്നതിനും, കടത്തിക്കൊണ്ടുപോകുന്നതിനും ബന്ധപ്പെട്ട റെയ്ഞ്ച് ഓഫീസർക്ക് അപേക്ഷ നൽകി അനുവാദം വാങ്ങിയിരിക്കണം. അപേക്ഷാ ഫോറങ്ങളുടെ മാതൃക തുടർന്ന് ചേർക്കുന്നു.

KERALA FOREST DEPARTMENT

FORM 1

(See Rule 3a(1)

Form of Declaration for transporting timber of specified trees from outside 'notified areas' under Section 6

1. Name and address of the applicant :

2. Sy. No. and extent of the field or fields on which the :

Tree or trees proposed to be cut, uprooted to

burnt stand

3. Name of the Village /Taluk/Block and

District where the land on which the tree stand/lie. :

4. Proof of ownership of the trees :

5. List showing the species of tree or trees proposed :

to be cut or list of logs to be transported as the case

May be etc. with GBH of the tree (1.4 m from ground

Level) serially numbered.

6. Purpose in which the tree/trees are proposed to be :

cut

7. Details of regeneration proposed :

8. Place to which to be transported :

Place : Signature of the Applicant

Date:

**Declaration**

I hereby declare that the information furnished above is true to the best of my knowledge and belief. I also undertake to comply with the conditions subject to which the permission may be granted the Authorized officer.

Signature of the Applicant

**For Office use only**

1. Date of receipt of the application by the authorized officer.

2. Orders of the authorized officer.

Place : No: Date.

Date: Authorized officer

Note : (1) Application shall be presented in duplicate and one more copy shall be retained by the applicant (ii) One copy with the order of the Authorized Officer shall be returned to the applicant.

ഫോം ഒന്നിലെ അഞ്ചാം നമ്പരിലെ മരങ്ങളുടെ ലിസ്റ്റ്

തയ്യാറാക്കുന്നതിന്റെ മാതൃക താഴെച്ചേർക്കുന്നു

അളവു പട്ടിക (മാതൃക)

| ക്രമ ന. | ഇനം | മരത്തിന്റെ നമ്പർ | തടിയുടെ നീളം | മദ്ധ്യവണ്ണം | ഘനമാനം ക്യു. മീറ്റർ |
|---|---|---|---|---|---|
| **1** | **2** | **3** | **4** | **5** | **6** |
| 1 | തേക്ക് | A | 3.40 | 0.97 | 0.199 |
| 2 | തേക്ക് | A | 4.70 | 0.76 | 0.169 |
| 3 | തേക്ക് | B | 3.75 | 1.27 | 0.378 |

| | | | | | |
|---|---|---|---|---|---|
| 4 | തേക്ക് | B | 4.10 | 1.03 | 0.272 |
| 5 | തേക്ക് | B | 4.90 | 0.71 | 0.123 |
| ആകെ | | | **20.85** | **4.74** | **1.141** |

(NB: 1 മുതൽ 5 വരെയുള്ള കോളങ്ങളിലെ മുഴവൻ വിശദാംശങ്ങളും നിർബന്ധമായും രേഖപ്പെടുത്തണം).

അപേക്ഷകന്റെ ഒപ്പും പേരും മേൽവിലാസവും

KERALA FOREST DEPARTMENT

FORM II

Application for permission for cutting of trees and transport of timber from the ‘notified areas’

| | | |
|---|---|---|
| 1 | Name and address of the applicant : | |
| 2 | Sy.No and extent of the field or fields on which the tree or the trees proposed to be cut, uprooted or burnt stand : | |
| 3 | Name of the village/Taluk/Block and District where the land on which the trees stand/lie : | |
| 4 | Proof of ownership of trees : | |
| 5 | List showing the species of tree or trees proposed to be cut or list of logs to be transported as the case may be etc. with GBH of the tree (1.4 m from ground level) serially numbered. : | |
| 6 | Purpose for which tree/trees is proposed to be cut : | |
| 7 | Details of regeneration proposed : | |
| 8 | Place to which to be transported : | |
| Place :<br><br>Date: | | Signature of the Applicant |

**Declaration**

I hereby declare that the information furnished above is true to the best of my knowledge and belief. I also undertake to comply with the conditions subject to which the permission may be granted by the authorized officer.

Signature of the Applicant

**For Office use only**

1. Date of receipt of the application by the authorized officer

2. Orders of the authorized officer

| | | |
|---|---|---|
| Place: | No. | Date |
| Date: | | Authorized Officer. |

Note:- Application shall be presented in duplicate (ii) One copy with the order of the Authorized Officer shall be returned to the applicant.

KERALA FOREST DEPARTMENT

FORM III

(See Rule 3b(iv)
(Counter foil to be retained by the issuing Officer)

................................................................Forest Division

Pass.No

Pass for the Transport of Timber from the ‘notified non-forest areas’

| | | |
|---|---|---|
| 1 | Name and residence of the person to whom pass is granted : | |

| | | | |
|---|---|---|---|
| 2 | Description of produce | : | |
| 3 | Quantity | : | |
| 4 | Marks | : | |
| 5 | Whence obtained | : | |
| 6 | Destination | : | |
| 7 | Route (specify the names of Forest Watch Station/Checking Station on the route) | : | |
| 8 | Time Allowed | : | |
| 9 | Remarks | | |
| | | | Signature of the Authorised Officer<br>Name:<br>Designation:<br>(Office Seal) |

Note:- (i) Enter number species and measurement of each log or description of produce covered by this pass on the back.

(ii) To be issued in triplicate. The duplicate copy shall be sent to the Divisional Forest Officer concerned and the triplicate copy is to be retained by the authorized officer.

| | | | |
|---|---|---|---|
| 1 | Name and address of the applicant | : | |
| 2 | Survey No. and extent of the land | : | |
| 3 | Name of the Vilalge, Taluk, Block and District | : | |
| 4 | No and date of the order of the authorized office rejecting the request (copy of the order should be attached) | : | |
| 5 | Ground of appeal | | |
| Place: | | | |
| Date: | | | Signature of the Applicant |

<u>അപ്പീലിന്റെ മാതൃക</u>

## <u>Declaration</u>

I hereby declare that the information furnished above is true to the best of my knowledge and belief. I also undertake to comply with the conditions subject to which the permission may be granted by the appellate authority.

Signature of the Appellate

**25.** ഏതെല്ലാം മരങ്ങൾ മുറിക്കുന്നതിനാണ് മുൻകൂർ അനുവാദം വാങ്ങേണ്ടത് **?**

വനേതര പ്രദേശങ്ങളിലെ വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമത്തിൽ വിജ്ഞാപനം ചെയ്തിട്ടുള്ള അൻപത് വില്ലേജുകളിൽ ഒരു ഹെക്ടറിൽ താഴെയുള്ള ഭൂമിയിലെ ഇനിപ്പറയുന്ന പന്ത്രണ്ടിനം മരങ്ങൾ മുറിക്കുവാൻ അനുവാദം വാങ്ങണം.

ചന്ദനം, തേക്ക്, ഈട്ടി, തേമ്പാവ്, കമ്പകം, ചടച്ചി, ചന്ദനവേമ്പ്, എബണി, വെള്ളകിൽ, ചീനി, ചെമ്പകം.

ഒരു ഹെക്ടറിൽ കൂടുതൽ വിസതീർണ്ണമുള്ള ഭൂമിയലെ ഷെഡ്യൾഡ് മരങ്ങൾ (2 ഇനം) ഒഴികെയുള്ള എല്ലാ മരങ്ങളും മുറിക്കുവാൻ അനുവാദം വാങ്ങണം.

26. പരിസ്ഥിതി ദുർബലപ്രദേശമായി വിജ്ഞാപനം ചെയ്തിട്ടുള്ള സ്ഥലം വനമാണോ?

പരിസ്ഥിത് ദുർബലപ്രദേശമായി വിജ്ഞാപനം ചെയ്തിട്ടുള്ള ഭൂമിക്ക് നിയപരമായി ഒരു റിസർവ്വ് വനത്തിന്റെ പദവിയാണുള്ളത്.

<u>വന സന്ദർശനവും വന വിഭവങ്ങളുടെ ശേഖരണവും</u>

28. ഗവേഷണ ആവശ്യങ്ങൾക്കായി ജൈവവസ്തുക്കൾ വനത്തിൽ നിന്ന് ശേഖരിക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ എന്തെല്ലാമാണ്?

വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ, എന്നിവിടങ്ങളിൽ പ്രവേശിക്കുവാനും സ്പെസിമെനുകൾ ശേഖരിക്കുന്നതിനും സംസ്ഥാന ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ അനുമതി ആവശ്യമാണ്. മറ്റ് വനപ്രദേശമാണെങ്കിൽ ഇതിനായി സംരക്ഷണ വിഭാഗം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററെ സമീപിക്കേണ്ടതാണ്. കേന്ദ്ര/കേരളസർക്കാർ അംഗീകരിച്ച ശാസ്ത്രീയ ഗവേഷണ സ്ഥാപനങ്ങൾക്കു മാത്രമേ ഇത്തരത്തിൽ അനുവാദം ലഭിക്കുകയുള്ളൂ. ഗവേഷണത്തിന്റെ തലവൻ, ഗവേഷകൻ, സഹായികൾ എന്നിവരെ മാത്രമേ വനത്തിനുള്ളിൽ പ്രവേശിക്കുവാനനുവദിക്കുകയുള്ളൂ. അനുവാദം ലഭിച്ചവർ രേഖാമൂലമുള്ള ഉത്തരവ് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ മുമ്പാകെ ഹാജരാക്കേണ്ടതാണ്.

29. മണൽ, കരിങ്കല്ല് എന്നിവയുടെ ശേഖരണം അനുവദനീയമാണോ?

ജി.ഒ(ആർ.റ്റി) നമ്പർ 29/2013/വനം, തീയതി 16/01/2013 പ്രകാരം അംഗീകൃത കടവുകളിൽ നിന്നുള്ള മണൽ ശേഖരണം സംബന്ധിച്ച-മാനദണ്ഡങ്ങൾ പരിഷ്കരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കാലാകാലങ്ങളിലുള്ള അനുമതി പ്രകാരം നിയന്ത്രിത തോതിൽ മണൽ ശേഖരണം അനുവദിക്കുന്നുണ്ട്. തിരുവനന്തപുരം, തെന്മല, റാന്നി എന്നീ വനം ഡിവിഷനുകളിൽ നിന്നു മാത്രമാണ് മണൽ ശേഖരണം അനുവദിക്കുന്നത്. ഡിസംബർ മുതൽ മേയ് വരെ ആറുമാസമാണ് ശേഖരണത്തിനുള്ള കാലാവധി. 5 ക്യൂബിക് മീറ്റർ മണലാണ് ഒരു ലോഡായി കണക്കാക്കുന്നത്. ആറ്റുമണൽ ഗാർഹിക ആവശ്യങ്ങൾക്കു മാത്രം ഏറ്റവും കുറഞ്ഞത് 1 $m^3$ പരമാവധി 10 $m^3$ മണൽ അപേക്ഷകന് ലഭിക്കുന്നതാണ്. ഒരു ക്യൂബിക് മീറ്റർ മണലിന് നിലവിൽ അടയ്ക്കേണ്ട തുക താഴെപ്പറയും പ്രകാരമാണ്.

ബി.പി.എൽ/എ.പി.എൽ വ്യത്യാസമില്ലാതെ എല്ലാ വിഭാഗത്തിനും 1000 രൂപയും സീനിയറേജ് നിരക്ക് VAT,FDT, റോയൽറ്റി, മണൽ ശേരണകൂലി, സർവ്വീസ് ചാർജ്ജ് കടവിലുള്ള മണൽ ലോഡിംഗ് കൂലി എന്നിവകൂടി ബാധകമാണ്. (മണൽ ശേഖരണകൂലി, സർവ്വീസ് ചാർജ്ജ് എന്നിവ റെയിഞ്ച് ഓഫീസർ, വി.എസ്.എസ് പ്രസിഡന്റ് വി.എസ്.എസ് സെക്രട്ടറി, പഞ്ചായത്ത് പ്രസിഡന്റ്, പഞ്ചായത്ത് മെമ്പർ എന്നിവർ അടങ്ങുന്ന പ്രാദേശിക മാനേജ്മെന്റ് കമ്മിറ്റി ഒരു വർഷത്തേയ്ക്ക് തീരുമാനിച്ചിരിക്കുന്നത്,

കടവിലുള്ള മണൽ ലോഡിംഗ് കൂലി തൊഴിൽ വകുപ്പ് നിശ്ചയിച്ച് പ്രദർശിപ്പിച്ചിട്ടുള്ള നിരക്ക് ഉൾപ്പെടെ)

ഗുണഭോക്താക്കൾ അപേക്ഷകൾ നേരിട്ട് ബന്ധപ്പെട്ട റെയിഞ്ച് ഓഫീസർക്ക് നൽകണം. അപേക്ഷയോടൊപ്പം ഐഡന്റിറ്റി തെളിയിക്കുന്നതിനാവശ്യമായ സാക്ഷ്യപത്രം, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ച കെട്ടിട നിർമ്മാണ അനുമതി സർട്ടിഫിക്കറ്റ്, അംഗീകൃത പ്ലാൻ എന്നിവ ഹാജരാക്കേണ്ടതാണ്. ഓരോ ഗുണഭോക്താവിനും ഒരിക്കൽ മാത്രമേ മണൽ അനുവദിക്കുകയുള്ളൂ. മണൽ വില ഈടാക്കിയതിനു ശേഷം ബന്ധപ്പെട്ട റെയിഞ്ച് ഓഫീസർ അപേക്ഷകന് മണൽ കൊണ്ടുപോകാനുള്ള അനുമതി പത്രം നൽകുകയും, തുടർന്ന് ബന്ധപ്പെട്ട വി.എസ്.എസ്സുകൾക്ക് അനുവദിച്ചിട്ടുള്ള മണൽ അതാതു സ്ഥലത്തുള്ള ഫോറസ്റ്റ് ഉദ്യോഗസ്ഥന്റെ പരിശോധനയ്ക്ക് വിധേയമായി ഗുണഭോക്താവിന് വിട്ടുകൊടുക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതുമായിരിക്കും. ഒരു അപേക്ഷകൻ തനിക്ക് അനുവദിച്ചു കിട്ടിയ മണൽ തങ്ങളുടെ ഗാർഹിക ആവശ്യത്തിനല്ലാതെ മറ്റ് വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന പക്ഷം ടിയാന്റെ പെർമിറ്റ് റദ്ദ് ചെയ്യുന്നതായിരിക്കും.

വന പ്രദേശത്ത് പ്രവർത്തിച്ചിരുന്ന കരിങ്കൽ ക്വാറികൾക്ക് ഇപ്പോൾ പ്രവർത്തന അനുമതി ഇല്ല.

30. വനം സന്ദർശിക്കാൻ എന്താണ് ചെയ്യേണ്ടത് ?

ഏത് വനമാണോ സന്ദർശിക്കാൻ ഉദ്ദേശിക്കുന്നത് ആ സ്ഥലത്തിന്റെ അധികാരപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ/വൈൽഡ് ലൈഫ് വാർഡന്റെ മുൻകൂർ അനുവാദത്തോടെ മാത്രമേ സന്ദർശനം നടത്താവൂ.

31. തടിയിതര വനവിഭവങ്ങൾ എവിടെ നിന്നൊക്കെ വാങ്ങാം?

<u>'വനശ്രീ''</u>

പങ്കാളിത്ത വനപരിപാലന സ്ഥാപനങ്ങളായ വനസംരക്ഷണ സമിതികൾ (വി.എസ്.എസ്സ്) ഇക്കോർഡെവലപ്പ്മെന്റ് കമ്മിറ്റികൾ (ഇ.ഡി.സി) എന്നിവയുടെ ഉദ്ദേശ്യങ്ങളായ വനസംരക്ഷണവും, വനാശ്രിത സമൂഹത്തിന്റെ ജീവനോപാധി സംവർദ്ധനവും ലക്ഷ്യമിട്ടാണ് 'വനശ്രീ''എന്ന ആശയം ഉടലെടുത്തത്. ഔഷധ സസ്യങ്ങൾ ഉൾപ്പെടെയുള്ള തടിയേതര വനവിഭാവങ്ങളുടെ ശാസ്ത്രീയമായ ശേഖരണം, സംസ്കരണം, മൂല്യവർദ്ധനവിപണനം എന്നീ രംഗങ്ങളിൽ വി.എസ്.എസുകൾക്കും, ഇ.ഡി.സികൾക്കും

സാങ്കേതിക –സാമ്പത്തിക സേവനങ്ങൾ നൽകുന്നതിന് സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന 'വനശ്രീ'' 2008-ൽ ആണ് വിഭാവനം ചെയ്തത്. 'വനശ്രീ' യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വനം വകുപ്പ് ആസ്ഥാനത്ത് വനശ്രീ സെൽ ആരംഭിക്കുകയും തുടർന്ന് സർക്കിൾ, ഡിവിഷൻ, റെയിഞ്ച് തലത്തിൽ 'വനശ്രീ' സെല്ലുകൾ ആരംഭിക്കുകയും ഉണ്ടായി.

തടിയേതര വനവിഭവങ്ങളുടെ സുസ്ഥിര പരിപാലനം, ശാസ്ത്രീയമായ ശേഖരണം, മൂല്യവർദ്ധനവിപണനം എന്നിവ നിർവ്വഹിക്കുന്നതിന് വനസംരക്ഷണ സമിതികളുടെയും ഇക്കോഡെവലപ്പ്മെന്റ് കമ്മിറ്റികളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, വനപ്രദേശങ്ങളിലെ തടിയേതര വനവിഭവങ്ങളുടെ ലഭ്യത സംബന്ധിച്ച് വിവരങ്ങൾ ശേഖരിക്കുക, സംസ്കരണ സംവിധാനം ഏർപ്പെടുത്തുക, ഗുണമേന്മ സർട്ടിഫിക്കറ്റ് ലഭ്യമാക്കുക, വിപണന സൗകര്യം ഒരുക്കുക, വിപണന മേളകൾ സംഘടിപ്പിക്കുക എന്നീ ലക്ഷ്യങ്ങളാണ് വനശ്രീ സെല്ലുകൾക്കുള്ളത്.

സംസ്ഥാനത്തെ മൂന്ന് ലക്ഷത്തോളം വരുന്ന വനാശ്രിതരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക, അവർ ശേഖരിക്കുന്ന തടിയേതര വനവിഭവങ്ങളുടെ പൂർണ്ണമായ നേട്ടം അവർക്കുതന്നെ ലഭിക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെ വനശ്രീ സെല്ലിൻ കീഴിൽ വനശ്രീ ഷോപ്പുകൾ ആരംഭിച്ചു.

<u>വനശ്രീ ഷോപ്പുകൾ</u>

| ക്രമ നമ്പർ | ഡിവിഷൻ | വനശ്രീ യൂണിറ്റ് |
|---|---|---|
| 1 | തിരുവനന്തപുരം | വന ആസ്ഥാന കാര്യാലയം, മൊബൈൽ വനശ്രീ യൂണിറ്റ് |
| 2 | വൈൽഡ് ലൈഫ് ഡിവിഷൻ, തിരുവനന്തപുരം | നെയ്യാർ |
| 3 | അച്ചൻകോവിൽ | മണലാർ-കുംഭാവരുട്ടി |

| | | |
|---|---|---|
| 4 | അച്ചൻകോവിൽ | ഇക്കോഷോപ്പ്(അയ്യപ്പക്ഷേത്രം) |
| 5 | തെന്മല | പാലരുവി |
| 6 | പുനലൂർ | ആയൂർ |
| 7 | കോന്നി | കോന്നി |
| 8 | റാന്നി | കൊച്ചാണ്ടി |
| 9 | ആലപ്പുഴ (സോഷ്യൽ ഫോറസ്റ്റി) | കൊമ്മാടി |
| 10 | മലയാറ്റൂർ | കോടനാട് |
| 11 | മലയാറ്റൂർ | പാണേലിപോര് |
| 12 | മലയാറ്റൂർ | മുളങ്കുഴി |
| 13 | ചാലകുടി | ചാലക്കുടി |
| 14 | വാഴച്ചാൽ | ആതിരപ്പള്ളി |
| 15 | വാഴച്ചാൽ | വാഴച്ചാൽ |
| 16 | പറമ്പിക്കുളം | പറമ്പിക്കുളം |
| 17 | പറമ്പിക്കുളം | മലമ്പുഴ |
| 18 | പറമ്പിക്കുളം | ആനപ്പാടി |
| 19 | സൈലന്റ് വാലി ദേശിയോദ്യാനം | മുക്കാലി |

| | | |
|---|---|---|
| 20 | സൗത്ത് വയനാട് | സൂചിപ്പാറ |
| 21 | നോർത്ത് വയനാട് | തൃശിലേരി(പുതിയ ഇക്കോഷോപ്പ്) |
| 22 | നോർത്ത് വയനാട് | കാളിന്ദി (പുതിയ ഇക്കോഷോപ്പ്) |
| 23 | നോർത്ത് വയനാട് | മാനന്തവാടി |
| 24 | നോർത്ത് വയനാട് | പ്ലാമൂല |
| 25 | നിലമ്പൂർ നോർത്ത് | അരുവാക്കോട് |
| 26 | നിലമ്പൂർ നോർത്ത് | നെടുങ്കയം |
| 27 | വയനാട് വന്യജീവി സങ്കേതം | മുത്തങ്ങ |
| 28 | ശെന്തുരുണി വന്യജിവി സങ്കേതം | ശെന്തുരുണി. |

വനത്തിൽ നിന്ന് ശേഖരിച്ച വാറ്റുപുല്ലിൽ നിന്നും ഉല്പാദിപ്പിക്കുന്ന പുൽതൈലം, മറ്റു വനോല്പന്നങ്ങളായ കുന്തരിക്കം, വെള്ള കുന്തരിക്കം, ഇഞ്ച, കുരുമുളക്, ഏലം എന്നിവയും യൂക്കാലിതൈലവും തേൻമെഴുകും ചേർത്ത് നിർമ്മിക്കുന്ന വേദനസംഹാരി എന്നിങ്ങനെ അനവധി വനോൽപ്പന്നങ്ങൾ വനശ്രീ ഷോപ്പുകളിൽ വില്പനക്കായി സജ്ജീകരച്ചിരിക്കുന്നു. പ്ലാസ്റ്റിക് പൂർണ്ണമായും ഒഴിവാക്കി പരിസ്ഥിതി സൗഹൃദ പാക്കിംഗ് കവറുകളിലാണ് ഉല്പന്നങ്ങൾ വിപണനം ചെയ്യുന്ന വനശ്രീ എന്ന പേരിൽ വിപണിയിൽ എത്തിക്കുന്ന വനവിഭവാധിഷ്ടിത ഉല്പന്നങ്ങൾ ഗുണമേന്മയ്ക്ക് കോട്ടം സംഭവിക്കാത്ത വിധത്തിൽ വനാശ്രിത സമൂഹത്തിന്റെ പരമ്പരാഗത അറിവും സാങ്കേതിക വിദ്യയും സമന്വയിപ്പിച്ച് തയ്യാറാക്കുന്നവയാണ്.

**32.** **എസ്സ്.സി..എസ്സ്.റ്റി. ഡെവലപ്മെന്റ് കോർപ്പറേഷൻ.**

കേരളത്തിലെ വനങ്ങളിൽ നിന്നും തടി ഒഴികെയുള്ള വനവിഭവങ്ങൾ ശേഖരിക്കുന്നതിനുള്ള അവകാശം അംഗീകാരമുള്ള പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിലെ ആദിവാസികൾക്കാണ്. ഇങ്ങനെ ശേഖരിച്ചുകിട്ടുന്ന വിവിധയിനം ചെറുവനവിഭവങ്ങൾ സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷനാണ് സംഭരിച്ച് വിപണനം നടത്തുന്നത്. കേരളത്തിൽ ഫെഡറേഷൻ വനമാലിക എന്ന പേരിൽ നാല് ഔട്ട് ലെറ്റുകളാണ് ഉള്ളത്. മൊത്തവ്യാപാരം ഇവിടെ നടത്തുന്നതെങ്കിലും കുന്തിരിക്കം, ചെറുതേൻ തുടങ്ങിയവ ചില്ലറയിൽ പൊതുജനങ്ങൾക്ക് ഇവിടെനിന്നും നേരിട്ട് വാങ്ങാവുന്നതാണ്. ആയുർധാര എന്ന നാമധേയത്തിൽ ഔഷധ നിർമ്മാണ-വിപണന രംഗത്തും ഫെഡറേഷന്റെ സാന്നിധ്യമുണ്ട്. ഫെഡറേഷൻ ഔട്ട്‌ലെറ്റുകളുടെ വിലാസവും ഫോൺസമ്പറും താഴെ കൊടുക്കുന്നു.

| | | | |
|---|---|---|---|
| 1. | ബ്രാഞ്ച് മാനേജർ,<br><br>കേരള സ്റ്റേറ്റ് ഫെഡറേഷൻ ഓഫ് SC/ST ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, പേരൂർക്കട.പി.ഒ, തിരുവനന്തപുരം-695005, ഫോൺ-0471-2439611 | 2. | ബ്രാഞ്ച് മാനേജർ,<br><br>കേരള സ്റ്റേറ്റ് ഫെഡറേഷൻ ഓഫ് SC/STഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് II, 682 A.S.അഞ്ചേരി, അഞ്ചേരി.പി.ഒ, തൃശ്ശൂർ-680006, ഫോൺ-0487-2351693 |
| 3. | ബ്രാഞ്ച് മാനേജർ,<br><br>കേരള സ്റ്റേറ്റ് ഫെഡറേഷൻ ഓഫ് SC/ST ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, മുൻസിപ്പൽ ലൈബ്രറിക്ക് സമീപം, കോതമംഗലം.പി.ഒ, എറണാകുളം-686691, ഫോൺ-0485-2862084 | 4. | ബ്രാഞ്ച് മാനേജർ,<br><br>കേരള സ്റ്റേറ്റ് ഫെഡറേഷൻ ഓഫ് SC/ST ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, ആനപ്പാറ ബിൽഡിംഗ്സ്, കൽപ്പറ്റ.പി.ഒ, വയനാട്-673 121, ഫോൺ-04936-202402 |

പ്രധാനപ്പെട്ട തടിയിതര വനവിഭവങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| ക്രമനം. | പേര് | ക്രമ നം. | പേര് |
|---|---|---|---|
| 1. | അമൽപൊരി | 37. | കൊടിത്തൂവ വേര് |

| | | | |
|---|---|---|---|
| 2. | അടപതിയൻ കിഴങ്ങ് | 38. | കോലിഞ്ചി |
| 3. | ഇടംപിരി വലംപിരി | 39. | പട്ടിഞ്ച |
| 4. | ആടലോടക വേര് | 40. | പഞ്ഞിക്കായ |
| 5. | ഈന്തപ്പനക്കായ | 41. | പത്തിരപ്പൂവ് |
| 6. | ഉറുഞ്ചിക്കായ | 42. | കാട്ടുപാവലം |
| 7. | ഓരില | 43. | പാൽമുതുക്കിൻ കിഴങ്ങ് |
| 8. | ഓടക്കുരു | 44. | പാടക്കിഴങ്ങ് |
| 9. | കസ്തൂരി മഞ്ഞൾ | 45. | പാച്ചോറ്റിതൊലി |
| 10. | കഴഞ്ചിക്കുരു | 46. | പൂത്തരിച്ചുണ്ട |
| 11. | ചെറുതേൻ | 47. | പൊള്ളക്കായ (നാഞ്ചിക്കുരു) |
| 12. | കൽപ്പാശം | 48. | പുന്നപ്പൂവ് |
| 13. | കണ്ണാടിവെള്ള | 49. | പുളി |
| 14. | കടുക്ക | 50. | പാലിക്കുരു |
| 15. | കാട്ടുകുരുളകിൻവള്ളി | 51. | പീനാറി |
| 16. | കാട്ടുപാവയ്ക്ക | 52. | തകര വേര് |
| 17. | കാട്ടുമഞ്ഞൾ | 53. | വൻതേൻ |
| 18. | കാട്ടുതിപ്പല്ലി വേര് | 54. | തേൻമെഴുക് |
| 19. | കാഞ്ഞിരക്കുരു | 55. | താന്നിക്കായ |
| 20. | കാട്ടിഞ്ചി | 56. | തേമ്പ്രക്കായ |
| 21. | കാന്താരിമുളക് | 57. | തേറ്റാംപരൽ |
| 22. | കന്മദം | 58. | താമരക്കിഴങ്ങ് |
| 23. | കക്കുംകായ | 59. | നാങ്കിൻകുരു |
| 24. | കരിംകുറിഞ്ഞി | 60 | നറുനീണ്ടി(നന്നാറി) |

| | | | |
|---|---|---|---|
| 25. | കാട്ടുപയർവേര് | 61. | നീല അമരി |
| 26. | കാട്ടുതുളസി വേര് | 62. | നെല്ലിക്കായ |
| 27. | കാട്ടുപുന്നക്കായ | 63. | നീർവാളക്കുരു |
| 28. | കിരിയാത്തി | 64. | നായ്ക്കുരണപരിപ്പ് |
| 29. | കീഴാർനെല്ലി | 65. | മഞ്ഞക്കൂവ |
| 30. | കുന്തിരിക്കം | 66. | മട്ടിപ്പാൽ |
| 31. | കുറുന്തോട്ടി | 67. | മരോട്ടിക്കുരു |
| 32. | കുമിഴിൻവേര് | 68. | ആവില |
| 33. | കൈതോന്നി | 69. | മുത്തങ്ങ |
| 34. | കുടംപുളി | 70. | മുള്ളിലക്കുരു |
| 35. | കൊപ്പവെള്ള | 71. | ചിറ്റരത്തക്കിഴങ്ങ് |
| 36. | കോലരക്ക് | 72. | ചീനിക്കായ |
| 73. | ചിറ്റമൃത് | 112. | താളിപ്പൂവ് |
| 74. | ചെറുതേൻവേര് | 113. | തൊട്ടാവാടി |
| 75. | ചെമ്പരത്തിവേര് | 114. | ഇലഞ്ഞിപ്പൂവ് |
| 76. | ചിത്തിരപ്പൂവ് | 115. | നിലനാരകം |
| 77. | രാമച്ചം | 116. | പുളിയാറില |
| 78. | ചങ്ങലംപെരണ്ട | 117. | ചുവന്ന കൊടുവേലി |
| 79. | ശതാവരിക്കിഴങ്ങ് | 118. | പച്ചില |
| 80. | വയമ്പ് | 119. | പൊങ്ങ്/ഉങ്ങ് |
| 81. | വയണപ്പൂവ് | 120. | മുഞ്ഞ |
| 82. | വൻകുറുന്തോട്ടി | 121. | മഞ്ചട്ടി |
| 83. | വെള്ളത്തുമ്പ | 122. | ഞാവൽ |

| | | | |
|---|---|---|---|
| 84. | സീതാരി | 123. | ഞെരിഞ്ഞിൽ |
| 85. | തഴുതാമവേര് | 124. | പൂവൻകുരുന്ന് |
| 86. | വെളുത്താവണക്കിൻ വേര് | 125. | അടയ്ക്കാമണിയൻ |
| 87. | ഗരുഡക്കൊടി | 126. | കാട്ടുചേന |
| 88. | ജീവകം | 127. | ഇലവിൻപശ |
| 89. | ദർഭപ്പുല്ല് | 128. | കൊടകപ്പാല |
| 90. | ഏലക്കായ | 129. | കുന്നിക്കുരു |
| 91. | ചിറ്റോലം | 130. | കുസ |
| 92. | അത്തിത്തിപ്പലി | 131. | ലന്തക്കുരു |
| 93. | പ്ലാശ് (പൂവും കായും) | 132. | നാഗപ്പുല്ല് |
| 94. | പുൽത്തൈലം | 133. | നമ്പൂകപ്പുല്ല് |
| 95. | കറ്റാർവാഴ | 134. | നായ്ക്കുരുണവേര് |
| 96. | ബ്രഹ്മി | 135. | ഞാവൽക്കുരു |
| 97. | എരുക്ക് | 136. | ഞെരിഞ്ഞാപ്പുളി കിഴങ്ങ് |
| 98. | ഉഴിഞ്ഞ | 137. | പുലിച്ചുവടി |
| 99. | തകര | 138. | ചെറുപുന്നയരി |
| 100. | കൊടങ്ങൽ | 139. | ചെറുതിപ്പലി |
| 101. | കാട്ടുവെള്ളരി | 140. | തിരുതാളി |
| 102. | കോവൽ | 141. | കണ്ടകാരി |
| 103. | കാക്കത്തൊണ്ടി | 142. | കരിഞ്ചീരകം |
| 104. | നിലപ്പന | 143. | വീഴാലരി |
| 105. | ആനച്ചുവടി | 144. | ചൂൽപ്പുല്ല് |
| 106. | കരിങ്കടൽ | | |

| | | | |
|---|---|---|---|
| 107. | മേന്തോന്നി | | |
| 108. | ചക്കരക്കൊല്ലി | | |
| 109. | തേക്കട | | |
| 110. | വയൽച്ചുള്ളി | | |
| 111 | തെറ്റി | | |

<u>ഇക്കോ ടൂറിസം പ്രകൃതി പഠനക്യാമ്പുകൾ</u>

33. വനം വകുപ്പ് നടപ്പാക്കുന്ന ഇക്കോ ടൂറിസം പദ്ധതികൾ എവിടെയൊക്കെ?

പരിസ്ഥിതി സൗഹൃദ വിനോദസഞ്ചാരം കൂടുതൽ ജനകീയമാക്കുന്നതിന്റെ ഭാഗമായി കേരള വനം വകുപ്പ് ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് ഇക്കോടൂറിസം. വനാശ്രിത സമീഹത്തിന്റെ പങ്കാളിത്തത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത് എന്ന പ്രത്യേകത കൂടി ഇതിനുണ്ട്. സന്ദർശകരിൽ നിന്ന് ലഭിക്കുന്ന വരുമാനത്തിന്റെ ഒരു വിഹിതം വനാശ്രിത സമൂഹത്തിന്റെ ക്ഷേമത്തിനായുള്ള കരുതൽ ധനമാണ്. കേരളത്തിൽ ഇപ്പോൾ 60 ഇക്കോടൂറിസം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നം. | ഇക്കോടൂറിസം മേഖലകൾ | എത്താവുന്ന ദൂരം (ജില്ലാ ആസ്ഥാനത്തു നിന്നും) | സമീപ വിനോദസഞ്ചാര കേന്ദ്രങ്ങൾ | പ്രവേശന ഫീസ് | ബന്ധപ്പെടേണ്ട ഉദ്യോഗസ്ഥന്റെ വിലാസം/നമ്പർ |
|---|---|---|---|---|---|
| തിരുവനന്തപുരം ജില്ല | | | | | |

| | | | | | |
|---|---|---|---|---|---|
| 1. | അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് | 35 കി.മീ. | കോട്ടൂർ ആന പുനരധിവാസ കേന്ദ്രം, അഗസ്ത്യ കൊടുമുടിയിലേക്ക് ട്രക്കിംഗ്, പക്ഷി നിരീക്ഷണം | 200 രൂപ അഗസ്ത്യ കൊടുമുടിയിലേക്ക് ട്രക്കിംഗിന് | വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം 0471-2360762/ 9447979082 |
| 2. | നെയ്യാർ | 30 കി.മീ കാട്ടാക്കട- 11 കി.മീ | ലയൺ സഫാരി പാർക്ക്, മുതല കേന്ദ്രം, നെയ്യാർ ഡാം, ട്രക്കിംഗ് | ഇന്ത്യാക്കാർക്ക് 200, വിദേശികൾക്ക് 300, കുട്ടികൾക്ക് 100 | വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം 0471-2360 762/ 9447979082 |
| 3. | പേപ്പാറ | 44 കി.മീ | വനത്തിലേയ്ക്ക് ട്രക്കിംഗ്, ആദിവാസി കോളനിയിൽ സന്ദർശനം, വെള്ളച്ചാട്ടം | ഒരാൾക്ക് 10 രൂപ, സർവ്വീസ് ചാർജ്ജ് 25 | വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം 0471-2360762/ 9447979082 |
| 4. | പൊന്മുടി | 61 കി.മീ | ട്രക്കിംഗ്, വാച്ച് ടവർ, കഫ്റ്റീരിയ | ഒരാൾക്ക് 10 രൂപ | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, തിരുവനന്തപുരം 9447979038 |
| 5. | അരിപ്പ | 60 കി.മീ | ട്രക്കിംഗ്, പക്ഷി നിരീക്ഷണം, കമ്പക തോട്ടം | ഇല്ല | പ്രിൻസിപ്പൽ ഫോറസ്റ്റ് ട്രെയിനിംഗ് സ്കൂൾ അരിപ്പ 9447979171 |
| | | | | | |

| കൊല്ലം ജില്ല | | | | | |
|---|---|---|---|---|---|
| 6. | തെന്മല | കൊല്ലത്തു നിന്നും 66 കി.മീ, തിരുവനന്തപുരത്തു നിന്നും 72 കി.മീറ്ററും | മ്യൂസിക്കൽ ഡാൻസിംഗ് ഫൗണ്ടൻ, പർവ്വതാരോഹണം, പരമ്പരാഗത പാതയിലൂടെയുള്ള ഉൾവന ട്രക്കിംഗ്, തെന്മല ഡാമിലൂടെയുള്ള ബോട്ടുയാത്ര, മാൻ സംരക്ഷണ കേന്ദ്രം, കുട്ടികളുടെ പാർക്ക് | മുതിർന്നവർക്ക് 165 രൂപയും, കുട്ടികൾക്ക് 100 രൂപയും | തെന്മല ഇക്കോടൂറിസം പ്രൊമോഷൻ സൊസൈറ്റി, 0475-2344800<br>Or<br>വൈൽഡ് ലൈഫ് വാർഡൻ, ശെന്തുരുണി 9447979081 |
| 7. | കുളത്തുപ്പുഴ | തിരുവനന്തപുരത്തു നിന്നും 60 കി.മീ, കൊല്ലത്തു നിന്നും 60 കി.മീ.മീറ്റർ | പുഴയിൽ കുളിക്കാനുള്ള സൗകര്യം, കുളത്തുപ്പുഴ നദിയിലെ മത്സ്യങ്ങളെ കാണാനുള്ള സൗകര്യം, ട്രക്കിംഗ്, കുളത്തുപ്പുഴ ക്ഷേത്ര സന്ദർശനം | ഇല്ല | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, തിരുവനന്തപുരം 9447979038 |
| 8. | അച്ചൻകോവിൽ/മണലാർ/<br>കുംഭാംവുരുട്ടി | തിരുവനന്തപുരത്തു നിന്നും 104 കി.മീ | വെള്ളച്ചാട്ടം, ട്രക്കിംഗ്, അച്ചൻകോവിൽ നദി, തേക്ക് പ്ലാന്റേഷൻ സന്ദർശനം, അച്ചൻകോവിൽ ക്ഷേത്ര സന്ദർശനം | ഒരാൾക്ക് 10 രൂപ | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, അച്ചൻകോവിൽ 9447979032 |
| 9. | പാലരുവി | കൊല്ലത്തു നിന്നും 75 കി.മീ | വെള്ളച്ചാട്ടം, കുളിക്കാനുള്ള സൗകര്യം, ചരിത്ര സ്മാരകങ്ങൾ | ഒരാൾക്ക് 10 രൂപ | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, തെന്മല, 9447979037 |

| | | | | | |
|---|---|---|---|---|---|
| | | | സന്ദർശിക്കാനുള്ള അവസരം | | |
| | | പത്തനംതിട്ട ജില്ല | | | |
| 10. | കോന്നി | പത്തനംതിട്ട യിൽ നിന്ന് 7 കി.മീ. | ട്രക്കിംഗ്, പർവ്വതാരോഹണം, ആന സവാരി, വന്യമൃഗ നിരീക്ഷണം, ആനത്താവള സന്ദർശനം | ഒരാൾക്ക് 10 രൂപ | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കോന്നി 9447979033 |
| 11. | കൊച്ചാണ്ടി | പത്തനംതിട്ട യിൽ നിന്ന് 65 കി.മീ. | ട്രക്കിംഗ് | ഒരാൾക്ക് 30 രൂപ | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, റാന്നി 9447979035 |
| | | ആലപ്പുഴ ജില്ല | | | |
| 12. | ഗാന്ധി സ്മൃതിവനം, പുറക്കാട് | ആലപ്പുഴയിൽ നിന്നും 20 കി.മീ. | പ്രകൃതി പഠനം, ഇന്റർപ്രട്ടേഷൻ സെന്റർ, ദേശീയ നേതാക്കളുടെ ഓർമ്മക്കായിട്ടുള്ള വനം വച്ചു പിടിപ്പിക്കൽ | ഇല്ല | അസി.ഫോറസ്റ്റ് കൺസർവേറ്റർ ആലപ്പുഴ 9447979131 |
| | | കോട്ടയം ജില്ല | | | |
| 13. | കുമരകം | കോട്ടയത്ത് നിന്നും 15 കി.മീ | പക്ഷി നിരീക്ഷണം, വേമ്പനാട്ടു കായലിലൂടെയുള്ള ബോട്ട് യാത്ര | ഇല്ല | ഡെപ്യൂട്ടി ഡയറക്ടർ (PTR) വെസ്റ്റ് പീരുമേട് 9447979092 |
| | | ഇടുക്കി ജില്ല | | | |

| | | | | | |
|---|---|---|---|---|---|
| 14. | കോലാഹലമേട് | പീരുമേട്ടിൽ നിന്നും 7 കി.മീ. | പുൽമേട്, ഹിൽസ്റ്റേഷൻ, സാഹസിക വനയാത്രകൾ, പൈൻ പ്ലാന്റേഷൻ | ഇല്ല | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കോട്ടയം 9447979043 |
| 15. | കുട്ടിക്കാനം | പീരുമേട്ടിൽ നിന്നും 2 കി.മീ. | ഹിൽ സ്റ്റേഷൻ, പുൽമേടുകൾ, ട്രക്കിംഗ്, പൈൻ തോട്ടം, പീർ മുഹമ്മദിന്റെ ഖബർ | ഇല്ല | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കോട്ടയം 9447979043 |
| 16. | തേക്കടി | കുമളിയിൽ നിന്നും 3 കി.മീ. | പെരിയാർ തടാകത്തിലൂടെയുള്ള ബോട്ട് യാത്ര, ഇന്റർപ്രട്ടേഷൻ സെന്റർ, മുല്ലപ്പെരിയാർ ഡാം, വനത്തിനുള്ളിലെ താമസം | മുതിർന്നവർക്ക് 25 രൂപ, കുട്ടികൾക്ക് 5രൂപ/- വിദേശികൾക്ക് 300/-രൂപ | ഡെപ്യൂട്ടി ഡയറക്ടർ/ പെരിയാർ ടൈഗർ റിസർവ്വ് ഈസ്റ്റ്ഡിവിഷൻ 9447979091 |
| 17. | രാജമല/ ഇരവികുളം | മൂന്നാറിൽ നിന്ന് 12 കി.മീ. | രാജമല സന്ദർശനം, പുൽമേട്, ഇരവികുളം ഹട്ട്, ലക്കംവെള്ളച്ചാട്ടം, ട്രക്കിംഗ്, പക്ഷി നിരീക്ഷണം, നീലക്കുറിഞ്ഞി വന്യജീവി സങ്കേതം | ഒരാൾക്ക് 15 രൂപ, കുട്ടികൾക്ക് 5/-രൂപ വിദേശികൾക്ക് 200/-രൂപ | വൈൽഡ് ലൈഫ് വാർഡൻ, മൂന്നാർ 9447979093 |
| 18. | ഇടുക്കി | | ബോട്ടിംഗ്, വന്യജീവി ദർശനം, പ്രകൃതി പഠനം | ഇല്ല | വൈൽഡ് ലൈഫ് വാർഡൻ, ഇടുക്കി 9447979094 |

| | | | | | |
|---|---|---|---|---|---|
| 19. | തൊമ്മൻകുത്ത് | തൊടുപുഴയിൽ നിന്നും 20 കി.മീ. | ട്രക്കിംഗ്, നിത്യ ഹരിത വന സന്ദർശനം, പക്ഷി നിരീക്ഷണം | മുതിർന്നവർക്ക് 10 രൂപ, കുട്ടികൾക്ക് 5 രൂപ | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കോതമംഗലം, 9447979042 |
| 20. | ചിന്നാർ | മൂന്നാറിൽ നിന്ന് 40 കി.മീ. | മറയൂർ ചന്ദന മരങ്ങൾ, ചന്ദന ഡിപ്പോ, പാമ്പാർ വെള്ളച്ചാട്ടം | ഇല്ല | വൈൽഡ് ലൈഫ് വാർഡൻ, മൂന്നാർ 9447979093 |
| എറണാകുളം ജില്ല | | | | | |
| 21. | ഭൂതത്താൻകെട്ട് | എറണാകുളത്തു നിന്നും 70 കി.മീ. | ബോട്ടിംഗ്, ട്രക്കിംഗ് | ഇല്ല | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, മലയാറ്റൂർ, 9447979053 |
| 22. | തട്ടേക്കാട് പക്ഷി സങ്കേതം | എറണാകുളത്തു നിന്നും 65 കി.മീ. | പക്ഷി, ചിത്രശലഭ, വന്യജീവി നിരീക്ഷണം, പ്രകൃതി പഠന കേന്ദ്രം | ഒരാൾക്ക് 10 രൂപ | വൈൽഡ് ലൈഫ് വാർഡൻ, ഇടുക്കി 9447979094 |
| 23. | മംഗളവനം | എറണാകുളം ടൗൺ | പക്ഷി സങ്കേതം, തദ്ദേശീയ/ ദേശാടന പക്ഷി നിരീക്ഷണം | ഇല്ല | അസി.ഫോറസ്റ്റ് കൺസർവേറ്റർ, പ്രകൃതി പഠന കേന്ദ്രം, കാലടി, 0484-2397070 |
| 24. | കോടനാട്/ കാപ്രിക്കാട് | എറണാകുളത്തു നിന്നും 40 കി.മീ. | ആനക്കൂട്, ചെറിയ മൃഗശാല, ട്രക്കിംഗ് | ഒരാൾക്ക് 2 രൂപ | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, മലയാറ്റൂർ, 9447979053 |

| | | | | | |
|---|---|---|---|---|---|
| 25. | മുളങ്കുഴി | അങ്കമാലിയിൽ നിന്നും 32 കി.മീ | മഹാഗണിത്തോട്ടത്തിലൂടെ ട്രക്കിംഗ്, പ്രകൃതിദത്ത നീരാടൽ കേന്ദ്രം | ഒരാൾക്ക് 10 രൂപ | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, മലയാറ്റൂർ, 9447979053 |
| 26. | പാണേലിപോര് | ആലുവായിൽ നിന്നും 35 കി.മീ | പെരിയാർ നദീതട സന്ദർശനം | ഒരാൾക്ക് 10 രൂപ | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, മലയാറ്റൂർ, 9447979053 |
| തൃശ്ശൂർ ജില്ല | | | | | |
| 27. | അതിരപ്പള്ളി/ വാഴച്ചാൽ | തൃശ്ശൂരിൽ നിന്നും 60 കി.മീ | അതിരപ്പള്ളി വെള്ളച്ചാട്ടം, കുട്ടികളുടെ പാർക്ക് | മുതിർന്നവർക്ക് 15, കുട്ടികൾക്ക് 5, വിദേശികൾക്ക് 30 രൂപ | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, വാഴച്ചാൽ, 9447979055 |
| 28. | ചിമ്മിണി | തൃശ്ശൂരിൽ നി ന്നും 40 കി.മീ | പക്ഷി നിരീക്ഷണം, ട്രക്കിംഗ്, പ്രകൃതി പഠന ക്യാമ്പ് | മുതിർന്നവർക്ക് 10, കുട്ടികൾക്ക് 5, വിദേശികൾക്ക് 150 രൂപ | വൈൽഡ് ലൈഫ് വാർഡൻ, പീച്ചി 9447979103 |
| 29. | പീച്ചി/വാഴാനി | തൃശ്ശൂരിൽ നിന്നും 20 കി.മീ | പക്ഷി നിരീക്ഷണം, ട്രക്കിംഗ്, പ്രകൃതി പഠന ക്യാമ്പ് | മുതിർന്നവർക്ക് 20, കുട്ടികൾക്ക് 10, വിദേശികൾക്ക് 150 രൂപ | വൈൽഡ് ലൈഫ് വാർഡൻ, പീച്ചി 9447979103 |
| 30. | ഷോളയാർ | തൃശ്ശൂരിൽ നിന്നും 9 കി.മീ | ഡാം സന്ദർശനം, ഉൾവന ട്രക്കിംഗ് | ഇല്ല | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, വാഴച്ചാൽ, 9447979055 |
| പാലക്കാട് ജില്ല | | | | | |

| | | | | | |
|---|---|---|---|---|---|
| 31. | ചൂളന്നൂർ | പാലക്കാട് നിന്നും 40 കി.മീ. | മയിൽ വളർത്തൽ സങ്കേതം | ഒരാൾക്ക് 20, കുട്ടികൾക്ക് 10, വിദേശികൾക്ക് 150 രൂപ | വൈൽഡ് ലൈഫ് വാർഡൻ, പീച്ചി 9447979103 |
| 32. | നെല്ലിയാമ്പതി | പാലക്കാട് നിന്നും 40 കി.മീ. | ട്രക്കിംഗ്, വന്യജീവി സന്ദർശനം | ഒരാൾക്ക് 15 രൂപ, കുട്ടികൾക്ക് 8, വിദേശികൾക്ക് 30 രൂപ | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നെന്മാറ 9447979062 |
| 33. | സൈലന്റ് വാലി | പാലക്കാട് നിന്നും 60 കി.മീ. | നിത്യഹരിത വന സന്ദർശനം, ട്രക്കിംഗ്, പ്രകൃതി പഠനം | ഒരാൾക്ക് 35, സ്കൂൾകുട്ടികൾക്ക് 25 രൂപ വിദേശികൾക്ക് 220 രൂപ | വൈൽഡ് ലൈഫ് വാർഡൻ, സൈലന്റ് വാലി 9447979104 |
| 34. | പറമ്പിക്കുളം | പാലക്കാട് നിന്നും 90 കി.മീ. | ട്രക്കിംഗ്, പക്ഷി നിരീക്ഷണം, വന്യജീവി സന്ദർശനം | ഒരാൾക്ക് 15, സ്കൂൾ കുട്ടികൾക്ക് 5, വാഹന വന സന്ദർശനം 150 രൂപ | വൈൽഡ് ലൈഫ് വാർഡൻ, പറമ്പിക്കുളം, തുണക്കടവ് 04253245025/ 245005/ 9447979102 |
| 35. | മലമ്പുഴ | പാലക്കാട് നിന്നും 6 കി.മീ. | ബോട്ടിംഗ്, പാമ്പുവളർത്തൽ കേന്ദ്രം | ഒരാൾക്ക് 10, സ്കൂൾ കുട്ടികൾക്ക് 5 രൂപ | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ പാലക്കാട് 9447979067 |
| 36. | വാളയാർ | പാലക്കാട് നിന്നും 31 കി.മീ. | മാൻ പാർക്ക് | ഒരാൾക്ക് 15, സ്കൂൾ | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ |

| | | | | | |
|---|---|---|---|---|---|
| | | | | കുട്ടികൾക്ക് 3 രൂപ | പാലക്കാട് 9447979067 |
| 37. | ധോണി | പാലക്കാട് നിന്നും 9 കി.മീ. | വെള്ളച്ചാട്ടം, പക്ഷി നിരീക്ഷണം, ട്രക്കിംഗ് | ഒരാൾക്ക് 10, സ്കൂൾ കുട്ടികൾക്ക് 5 രൂപ | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ പാലക്കാട് 9447979067 |
| 38. | അനങ്ങൻമല | പാലക്കാട് നിന്നും 45 കി.മീ. | ട്രക്കിംഗ്, പ്രകൃതി രമണീയ സ്ഥലം | ഒരാൾക്ക് 10, സ്കൂൾ കുട്ടികൾക്ക് 5 രൂപ | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ പാലക്കാട് 9447979067 |
| 39. | തുടികോട്-മീൻ വല്ലം | പാലക്കാട് നിന്നും 25 കി.മീ. | നനവാർന്ന നിത്യഹരിത വനം | ഒരാൾക്ക് 10 രൂപ | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ പാലക്കാട് 9447979067 |
| മലപ്പുറം ജില്ല | | | | | |
| 40. | നിലമ്പൂർ | മലപ്പുറത്തു നിന്നും 37 കി.മീ | കനോലി തേക്ക് പ്ലാന്റേഷൻ | ഒരാൾക്ക് 20 രൂപ, കുട്ടികൾക്ക് 10, വിദേശികൾക്ക് 40 രൂപ | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നിലമ്പൂർ നോർത്ത് 9447979063 |
| 41. | നെടുങ്കയം, നിലമ്പൂർ | നിലമ്പൂരിൽ നിന്നും 15 കി.മീ | അനക്കുട്, ലോക പ്രസിദ്ധമായ നിലമ്പൂർ തേക്ക് തോട്ടം | ഒരാൾക്ക് 10 രൂപ, കുട്ടികൾക്ക് 5 രൂപ | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നിലമ്പൂർ സൗത്ത് 9447979065 |
| കോഴിക്കോട് ജില്ല | | | | | |
| 42. | കക്കയം | കോഴിക്കോട് നിന്നും 80 കി.മീ. | വെള്ളച്ചാട്ടം, തൂക്കുപാലം, ട്രക്കിംഗ് | ഒരാൾക്ക് 10 രൂപ, കുട്ടികൾക്ക് 5 രൂപ | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ |

| | | | | | |
|---|---|---|---|---|---|
| | | | | | കോഴിക്കോട് 9447979073 |
| 43. | പെരുവണ്ണാമൂഴി | കോഴിക്കോട് നിന്നും 60 കി.മീ. | മുതല സംരക്ഷണ കേന്ദ്രം, വെള്ളച്ചാട്ടം, ട്രക്കിംഗ് | ഒരാൾക്ക് 10 രൂപ, കുട്ടികൾക്ക് 5 രൂപ | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ കോഴിക്കോട് 9447979073 |
| 44. | കൊളവിപ്പാലം | കോഴിക്കോട് നിന്നും 40 കി.മീ. | കടലാമ സംരക്ഷണ കേന്ദ്രം, കണ്ടൽ കേന്ദ്രം | ഇല്ല | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ കോഴിക്കോട് 9447979073 |
| 45. | ചാലിയം | കോഴിക്കോട് നിന്നും 10 കി.മീ. | ഔഷധ ഉദ്യോനം, പാമ്പ് സംരക്ഷണ കേന്ദ്രം | ഒരാൾക്ക് 10 രൂപ, കുട്ടികൾക്ക് 5 രൂപ | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ കോഴിക്കോട് 9447979073 |
| 46. | കടലുണ്ടി-വള്ളിക്കുന്ന് കമ്മ്യൂണിറ്റി റിസർവ്വ് | കോഴിക്കോട് നിന്നും 12 കി.മീ. | ദേശാടനപക്ഷി, കണ്ടൽ കേന്ദ്രം, അഴിമുഖം | ഇല്ല | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ കോഴിക്കോട് 9447979073 |
| 47. | തുഷാരഗിരി | കോഴിക്കോട് നിന്നും 50 കി.മീ. | വെള്ളച്ചാട്ടം, തൂക്കുപാലം, ട്രക്കിംഗ് | ഒരാൾക്ക് 10 രൂപ, കുട്ടികൾക്ക് 5 രൂപ | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ കോഴിക്കോട് 9447979073 |
| 48. | കാക്കവയൽ വനപർവ്വം | കോഴിക്കോട് നിന്നും 40 കി.മീ. | ഔഷധ സസ്യ ചിത്രശലഭ ഉദ്യാനം | ഒരാൾക്ക് 10 രൂപ, കുട്ടികൾക്ക് 5 രൂപ | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ കോഴിക്കോട് 9447979073 |
| 49. | കക്കാട് | കോഴിക്കോട് നിന്നും 40 കി.മീ. | സ്വാഭാവിക വനസന്ദർശനം | ഒരാൾക്ക് 10 രൂപ, കുട്ടികൾക്ക് 5 രൂപ | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ |

| | | | | | |
|---|---|---|---|---|---|
| | | | | | കോഴിക്കോട് 9447979073 |
| 50. | ജാനകിക്കാട് | കോഴിക്കോട് നിന്നും 50 കി.മീ. | ട്രക്കിംഗ് അന്താരാഷ്ട്ര പഠന കേന്ദ്രം | ഒരാൾക്ക് 10 രൂപ, കുട്ടികൾക്ക് 5 രൂപ | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ കോഴിക്കോട് 9447979073 |
| | | | വയനാട് ജില്ല | | |
| 51. | തോൽപ്പെട്ടി | സുൽത്താൻ ബത്തേരിയിൽ നിന്നും 50 കി.മീ. | ട്രക്കിംഗ്, വന്യജീവി സന്ദർശനം | ഒരാൾക്ക് 20 രൂപ, കുട്ടികൾക്ക് 10, വിദേശികൾക്ക് 110 രൂപ | വൈൽഡ് ലൈഫ് വാർഡൻ വയനാട് 9447979105 |
| 52. | മുത്തങ്ങ | സുൽത്താൻ ബത്തേരിയിൽ നിന്നും 36 കി.മീ. | ട്രക്കിംഗ്, വന്യജീവി സന്ദർശനം | ഒരാൾക്ക് 20 രൂപ, കുട്ടികൾക്ക് 10, വിദേശികൾക്ക് 110 രൂപ | വൈൽഡ് ലൈഫ് വാർഡൻ വയനാട് 9447979105 |
| 53. | കുറുവ ദ്വീപ് | സുൽത്താൻ ബത്തേരിയിൽ നിന്നും 36 കി.മീ. | | ഒരാൾക്ക് 10 രൂപ, കുട്ടികൾക്ക് 5 രൂപ | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, സൗത്ത് വയനാട് 9447979075 |
| 54. | തിരുനെല്ലി | സുൽത്താൻ ബത്തേരിയിൽ നിന്നും 71 കി.മീ. | മഴക്കാടുകൾ, ചോലവനങ്ങൾ, പക്ഷിപാതാളം, തിരുനെല്ലി ക്ഷേത്രം | തദ്ദേശീയർക്ക് 800, വിദേശികൾക്ക് 1000 രൂപ | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, നോർത്ത് വയനാട് 9447979074 |

| | | | | | |
|---|---|---|---|---|---|
| 55. | ബാണാസുരൻ കോട്ട | സുൽത്താൻ ബത്തേരിയിൽ നിന്നും 48 കി.മീ. | ബാണാസുരമല, പ്രകൃതി രമണീയമായ ദൃശ്യങ്ങൾ | ഇല്ല | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, നോർത്ത് വയനാട് 9447979074 |
| 56. | വെള്ളരിമല | സുൽത്താൻ ബത്തേരിയിൽ നിന്നും 48 കി.മീ. | സൂചിപ്പാറ വെള്ളച്ചാട്ടം | ഒരാൾക്ക് 10 രൂപ, കുട്ടികൾക്ക് 5, വിദേശികൾക്ക് 40 രൂപ | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, സൗത്ത് വയനാട് 9447979075 |
| 57. | മാനന്തവാടി | സുൽത്താൻ ബത്തേരിയിൽ നിന്നും 50 കി.മീ. | വെള്ളച്ചാട്ടം, പഴശ്ശിസമര സ്മാരകങ്ങൾ | ഇല്ല | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, നോർത്ത് വയനാട് 9447979074 |
| കണ്ണൂർ ജില്ല | | | | | |
| 58. | പൈതൽമല | കണ്ണൂരിൽ നിന്നും 65 കി.മീ. | ട്രക്കിംഗ് | ഇല്ല | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ കണ്ണൂർ |
| 59. | ആറളം | കണ്ണൂരിൽ നിന്നും 62 കി.മീ. | നക്ഷത്രവനം, ഋക്കപാലം, മുളചങ്ങാടത്തിലൂടെയുള്ള യാത്ര, വെള്ളച്ചാട്ടത്തിനടിയിൽ നീരാടൽ, | ഒരാൾക്ക് 15 രൂപ, കുട്ടികൾക്ക് 7, വിദേശികൾക്ക് 150 രൂപ | വൈൽഡ് ലൈഫ് വാർഡൻ ആറളം 9447979101 |

| | | | | | |
|---|---|---|---|---|---|
| | | | വൃക്ഷങ്ങളിൽ കെട്ടി ഉയർത്തിയ കുടിലുകളിലെ താമസം | | |
| കാസർഗോഡ് ജില്ല | | | | | |
| 60. | റാണി പുരം | കാഞ്ഞങ്ങാട് നിന്നും 45 കി.മീ | ട്രക്കിംഗ്, പ്രകൃതിഭംഗി അസ്വദിക്കൽ | ഇല്ല | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ കണ്ണൂർ |

34. പ്രകൃതി പഠന ക്യാമ്പുകൾ സംഘടിപ്പിക്കാൻ എന്ത് ചെയ്യണം?

പ്രകൃതി പഠന ക്യാമ്പുകളിൽ പങ്കെടുക്കുന്നതിനുള്ള എൽ.കെ.ജി, യു.കെ.ജി, ലോവർ പ്രൈമറി വിഭാഗം വിദ്യാർത്ഥികളുടെ അപേക്ഷകൾ വിദ്യാലയത്തിന്റെ തലവൻ അതാതു ടെറിട്ടോറിയൽ വിഭാഗം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്കാണ് നൽകേണ്ടത്. അപ്പർ പ്രൈമറി വിഭാഗം മുതൽ മുകളിലോട്ടുള്ള വിദ്യാർത്ഥികൾക്കുള്ള അപേക്ഷ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മേധാവി ബന്ധപ്പെട്ട വൈൽഡ് ലൈഫ് വാർഡന് സമർപ്പിക്കണം. പ്രകൃതി പഠന ക്യാമ്പുകളിൽ പങ്കെടുക്കാൻ താൽപര്യമുള്ള മാധ്യമ പ്രതിനിധികൾക്ക് പ്രസ്സ് സെക്രട്ടറി മുഖാന്തിരം അപേക്ഷ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ചീഫ് വൈൽഡ് ലൈഫ് വാർഡൻ)-ന് നൽകാം. കോർപ്പറേഷൻ കൗൺസിലറന്മാർ, മുൻസിപ്പാലിറ്റി, ജില്ല, ബ്ളോക്ക്, ഗ്രാമപഞ്ചായത്ത് തുടങ്ങിയവയിലെ അംഗങ്ങൾക്ക് അതാതു വൈൽഡ് ലൈഫ് വാർഡന് അപേക്ഷ നൽകി പ്രകൃതി പഠന ക്യാമ്പുകളിൽ പങ്കെടുക്കാം.

ചാരിറ്റബിൾ, സർക്കാരിതര, യുവജന സംഘടനകൾ അപേക്ഷ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ചീഫ് വൈൽഡ് ലൈഫ് വാർഡൻ)-ന് സമർപ്പിക്കണം. ലഭിക്കുന്ന അപേക്ഷയുടെ മുൻഗണനാക്രമമനുസരിച്ച് 2/3 ദിവസം ദൈർഘ്യമുള്ള ക്യാമ്പുകളാവും അനുവദിക്കുക. പരമാവധി 40 പേർക്ക് ഓരോ ക്യാമ്പിലും പങ്കെടുക്കാവുന്നതാണ്. പഠന ക്യാമ്പുകളിൽ വനം പരിസ്ഥിതി രംഗത്തെ വിദഗ്ധർ ക്ലാസ്സുകൾ നയിക്കും. അതാതു വന്യജീവി സങ്കേതത്തോട് ചേർന്നുള്ള പ്രദേശങ്ങളിലെ അപേക്ഷകർക്ക് മുൻഗണന ഉണ്ടായിരിക്കും.

അപേക്ഷ ഒരു മാസം മുൻപേ സമർപ്പിക്കേണ്ടതാണ്. അപേക്ഷയുടെ മാതൃക, വനം വകുപ്പിന്റെ വെബ് സൈറ്റിൽ ലഭ്യമാണ് (www.forest.kerala.gov.in). ക്യാമ്പിന്റെ ലഭ്യത അതാത് വൈൽഡ് ലൈഫ് വാർഡനിൽ/ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിൽ നിന്നും അറിയാവുന്നതാണ്.

പ്രകൃതിപഠന ക്യാമ്പിന് അപേക്ഷ സമർപ്പിക്കേണ്ട വൈൽഡ് ലൈഫ് വാർഡൻമാരുടെ മേൽവിലാസവും ഫോൺ നമ്പരും.

| ക്രമ നം. | ദേശീയ ഉദ്യാനങ്ങൾ/വന്യജീവി സങ്കേതങ്ങൾ | ആസ്ഥാന കാര്യാലയത്തിന്റെ വിലാസം | ഫോൺ |
|---|---|---|---|
| 1. | നെയ്യാർ പേപ്പാറ വന്യജീവി സങ്കേതങ്ങൾ, അഗസ്ത്യ വനം | വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം, വൈൽഡ് ലൈഫ് ഡിവിഷൻ, രാജീവ്ഗാന്ധി നഗർ, പി.ടി.പി, വട്ടിയൂർക്കാവ് പി.ഒ, തിരുവനന്തപുരം | 9447979082 (Mob)<br>0471-2360762 (Ph) |
| 2. | ശെന്തുരുണി വന്യജീവി സങ്കേതം | വൈൽഡ് ലൈഫ് വാർഡൻ, ശെന്തുരുണി വന്യജീവി സങ്കേതം, തെന്മല ഡാം പി.ഒ, കൊല്ലം-691 301. | 9447979081 (Mob)<br>0475-2344600 (Ph) |
| 3. | പെരിയാർ ടൈഗർ റിസർവ്വ് വെസ്റ്റ് | ഡെപ്യൂട്ടി ഡയറക്ടർ, പെരിയാർ ടൈഗർ റിസർവ്വ് വെസ്റ്റ്, പീരുമേട് പി.ഒ, ഇടുക്കി-685 531. | 9447979092 (Mob)<br>04869-232010 (Ph) |
| 4. | പെരിയാർ ടൈഗർ റിസർവ്വ് ഈസ്റ്റ് | ഡെപ്യൂട്ടി ഡയറക്ടർ, പെരിയാർ ടൈഗർ റിസർവ്വ് ഈസ്റ്റ്, തേക്കടി പി.ഒ, കുമിളി, ഇടുക്കി-685 536. | 9447979091 (Mob)<br>04869-222027 (Ph) |
| 5. | ഇടുക്കി വന്യജീവി സങ്കേതം, തട്ടേക്കാട് പക്ഷി സങ്കേതം | വൈൽഡ് ലൈഫ് വാർഡൻ, സഹ്യസാനു, വെള്ളാപ്പാറ പി.ഒ, പൈനാവ്,ഇടുക്കി-685 603. | 9447979094 (Mob)<br>0486-2232271 (Ph) |

| | | | |
|---|---|---|---|
| 6. | ഇരവികുളം, ആനമിടി, മതികെട്ടാൻചോല, പാമ്പാടുംചോല ദേശീയോദ്യാനങ്ങൾ, കുറിഞ്ഞിമല, ചിന്നാർ വന്യജീവി സങ്കേതങ്ങൾ | വൈൽഡ് ലൈഫ് വാർഡൻ, ഇരവികുളം ദേശീയോദ്യാനം, മൂന്നാർ പി.ഒ, ഇടുക്കി-685 612 | 9447979093 (Mob) 04865-231587(Ph) |
| 7. | പീച്ചി-വാഴാനി, ചിമ്മിണി വന്യജീവി സങ്കേതങ്ങൾ, മംഗളവനം പക്ഷി സങ്കേതം, ചൂലന്നൂർ മയിൽ സങ്കേതം | വൈൽഡ് ലൈഫ് വാർഡൻ, പീച്ചി-വാഴാനി വന്യജീവി സങ്കേതം, പീച്ചി.പി.ഒ, തൃശ്ശൂർ-680 683 | 9447979103 (Mob) 0487-2699017 (Ph) |
| 8. | പറമ്പിക്കുളം വന്യജീവി സങ്കേതം | വൈൽഡ് ലൈഫ് വാർഡൻ, പറമ്പിക്കുളം വന്യജീവി സങ്കേതം, തുണക്കടവ് പി.ഒ, പൊള്ളാച്ചി (വഴി), പാലക്കാട്-678661 | 9447979102 (Mob) 04253-245005 (Ph) |
| 9. | സൈലന്റ് വാലി ദേശീയോദ്യാനം | വൈൽഡ് ലൈഫ് വാർഡൻ, സൈലന്റ് വാലി ദേശീയോദ്യാനം മണ്ണാർക്കാട്.പി.ഒ, പാലക്കാട് – 678 582 | 9447979104 (Mob) 04924-222056 (Ph) |
| 10 | വയനാട്,വന്യജീവി സങ്കേതം | വൈൽഡ് ലൈഫ് വാർഡൻ, വയനാട് വന്യജീവി സങ്കേതം സുൽത്താൻബത്തേരി.പി.ഒ, വയനാട്- 673 592. | 9447979105 (Mob) 04936-220454 (Ph |
| 11 | ആറളം | വൈൽഡ് ലൈഫ് വാർഡൻ, ആറളം, വന്യജീവിസങ്കേതം ഇരിട്ടി.പി.ഒ, കണ്ണൂർ -670 703 | 9447979101 (Mob) 0490-2493160 (Ph) |

<u>വന നിയമങ്ങളെ സംബന്ധിച്ച്</u>

35. വനം കുറ്റ കൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ എന്താണ ചെയ്യേണ്ടത് ?

ഉടനെതന്നെ 1800 425 4733 എന്ന ടോൾഫ്രീ നമ്പറിൽ വിളിച്ച് വിവരം അറിയിക്കുക. തൊട്ടടുത്ത വനം ഓഫീസിലും വിവരം അറിയിക്കണം.

36. മനുഷ്യവാസസ്ഥലത്ത് പ്രവേശിക്കാനിടവന്ന ഒരു രാജവെമ്പാലയെ കൊല്ലാൻ ശ്രമിക്കുന്നതുകണ്ടാൽ എന്തു ചെയ്യണം?

വന്യജീവി സംരക്ഷണ നിയമപ്രകാരം ഷെഡ്യൂൾ രണ്ടിൽ വരുന്ന വംശനാശഭീഷണി നേരിടുന്ന ഒരു ജീവിയാണ് രാജവെമ്പാല. രാജവെമ്പാലയെ കൊല്ലുന്നത് കുറ്റകരമാണ്. ഇതിന് ശ്രമിക്കുന്ന ജനത്തെ കൃത്യത്തിൽ നിന്നും പിൻതിരിപ്പിക്കണം. കുറ്റകൃത്യം ശ്രദ്ധയിൽപ്പെട്ടാൽ എത്രയുംപെട്ടെന്ന് വനം ഉദ്യോഗസ്ഥരെ വിവരം അറിയിക്കണം. മനുഷ്യവാസ സ്ഥലങ്ങളിൽ വന്നുപെടുന്ന വിഷപ്പാമ്പുകളെ ജീവനോടെ പിടികൂടാൻ വൈദഗ്ധ്യമുള്ള ചില വ്യക്തികളുടെ പേരും ഫോൺ നമ്പരും താഴെകൊടുക്കുന്നു. ഇവരിൽ മിക്കവരും ഫീസ് ഈടാക്കാതെ പാമ്പുകളോടുള്ള സ്നേഹം കൊണ്ട് ഈ സേവനം ചെയ്യുന്നവരാണ്. പിടിച്ച പാമ്പുകളെ വനം വകുപ്പിന് കൈമാറണം.

| | | |
|---|---|---|
| | സുരേഷ്, ശ്രീകാര്യം, തിരുവനന്തപുരം | 9387974441 |
| | ദിലീപ്, ചാക്ക, തിരുവനന്തപുരം | 9745684466 |
| | ബൈജു,മണികണ്ഠേശ്വരം | 9745610776 |
| | മുരുകൻ കൊല്ലം. | 9946666158 |
| | മാർട്ടിൻ മേക്കമാലി,വടാട്ടുപാറ,ഇടുക്കി | 9961855775 |
| | ഷംസുദ്ദീൻ, പാലക്കാട് | 9447924204 |
| | സജീവൻ, കോഴിക്കോട് | 9946889148 |

സർക്കാർ ഉത്തരവ് ജി.ഒ.(സാ) നമ്പർ 299/2011 വനം-വന്യജീവി വകുപ്പ്, തീയതി 02.07.11 ഉത്തരവ് പ്രകാരം ഓരോ ജില്ലയിലും ജനവാസകേന്ദ്രങ്ങളിൽ ഭീഷണി സൃഷ്ടിക്കുന്ന പാമ്പുകളെ പിടികൂടി വനത്തിൽ വിടുന്നതിന് സഹായിക്കുന്ന വ്യക്തികളിൽ നിന്നും തിരഞ്ഞെടുക്കുന്ന ഒരാൾക്ക് 10000/- രൂപ ഒറ്റത്തവണ പാരിതോഷികം നൽകാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. രാജവെമ്പാലയെപ്പോലെ തന്നെ മറ്റ് വന്യജീവികളും സംരക്ഷണം അർഹിക്കുന്നു. അവയേയും കൊല്ലാനോ ഉപദ്രവിക്കാനോ പാടില്ല.

വന്യമൃഗങ്ങൾ നാട്ടിലിറങ്ങിയാൽ തൊട്ടടുത്തുള്ള വനം വകുപ്പിന്റെ ഓഫീസിൽ വിവരം അറിയിക്കണം.

**37.** വനം ഉദ്യോഗസ്ഥനെ സഹായിക്കാൻ പൗരന് നിയമപരമായി ബാദ്ധ്യതയുണ്ടോ?

കേരള വനനിയമത്തിലെ 72-ാം വകുപ്പുപ്രകാരം എല്ലാ വന ഉദ്യോഗസ്ഥന്മാരും പൊതുജന സേവകരാണ്. ആയതിനാൽ വനം ഉദ്യോഗസ്ഥനെ കൃത്യനിർവ്വഹണത്തിൽ സഹായിക്കുന്നതിന് പൗരന് നിയമപരമായ ബാദ്ധ്യതയുണ്ട്.

**38.** ഫോറസ്റ്റ് സ്റ്റേഷനുകളുടെ പ്രവർത്തനം വിശദമാക്കാമോ?

വനസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനായാണ് 1988 മുതൽ പോലീസ് സ്റ്റേഷൻ മാതൃകയിൽ ഫോറസ്റ്റ് സ്റ്റേഷനുകൾ വന വകുപ്പ് ആരംഭിച്ചത്. ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ റാങ്കിലുള്ള ഉദ്യോഗസ്ഥനാണ് സ്റ്റേഷന്റെ ചുമതല. സംസ്ഥാനത്ത് നിലവിൽ വിവിധ ജില്ലകളിലായി 108 ഫോറസ്റ്റ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുണ്ട്. 14 പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ ആരംഭിക്കാനുള്ള ശുപാർശ പരിഗണിച്ചുവരുന്നു. പൊതുജനങ്ങൾക്ക് സ്റ്റേഷൻ സന്ദർശിച്ച് വനം വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഉപദേശം തേടാവുന്നതും, പരാതികൾ രേഖാമൂലം സമർപ്പിക്കാവുന്നതുമാണ്.

**39.** വന്യജീവികളുടെ ആക്രമണത്തിൽ നാശനഷ്ടങ്ങൾ നേരിടേണ്ടിവന്നാൽ

നഷ്ടപരിഹാരം ലഭിക്കുമോ?

വന്യജീവികളുടെ ആക്രമണഫലമായി ജീവനോ, സ്വത്തിനോ നാശനഷ്ടങ്ങൾ സംഭവിച്ചാൽ വനം വകുപ്പിൽ നിന്നും നഷ്ടപരിഹാരം ലഭിക്കും. ആക്രമണം നടന്ന സ്ഥലത്തെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക്/ ചീഫ് വൈൽഡ് ലൈഫ് വാർഡന് e-district online മുഖേന നിശ്ചിത ഫോറത്തിൽ സംഭവം നടന്ന് മൂന്ന് മാസത്തിനുള്ളിൽ ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കണം. ജീവനാശം സംഭവിച്ചാൽ 3,00,000/- (മൂന്നുലക്ഷം) രൂപയും, സ്ഥിരമായ അംഗവൈകല്യമാണെങ്കിൽ 75,000/- രൂപയും പരിക്ക് പറ്റിയാൽ 75,000/ രൂപയുമാണ് നഷ്ടപരിഹാരം . വിളനാശം, വീട് നഷ്ടം, കന്നുകാലിനഷ്ടം എന്നിവയ്ക്ക് പരമാവധി 75,000/- രൂപ വരെ നഷ്ടപരിഹാരം ലഭിക്കുന്നതാണ്. വനത്തിന് പുറത്ത് വച്ച് പാമ്പ് കടിയേറ്റ് ജീവഹാനി സംഭവിച്ചാൽ 1,00,000/- (ഒരു ലക്ഷം) രൂപയാണ് നഷ്ടപരിഹാരം.

40. കൃഷിയിടങ്ങളിൽ നിരന്തരം കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ വെടിവച്ചുകൊല്ലാൻ അനുമതി ഉണ്ടോ?

01.02.2011-ലെ സ.ഉ(സാധാ) നം.04/2011/വനം, 17.06.2011-ലെ സ.ഉ.(സാധാ)നം.265/2011/വനം, 23.03.2011-ലെ സ.ഉ(സാധാ)നം.281/2011/വനം. 31.08.2011-ലെ ഉ.(സാധാ)നം.392/2011/വനം, 04.08.2012-ലെ സ.ഉ(സാധാ)നം.399/2012, വന്യ ജീവി വിഭാഗം മുഖ്യവനപാലകന്റെ 12.12.12-ലെ ഡബ്ലിയൂ.എൽ.466/2011 എന്നീ ഉത്തരവുകൾ പ്രകാരം കൃഷിനാശം ഉണ്ടാക്കുന്ന കാട്ടുപന്നികളെ വെടിവെച്ചുകൊല്ലുന്നതിന് താഴെപ്പറയുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

1. നിരന്തരം ശല്യമുണ്ടായി കൃഷിനാശം സംഭവിക്കുമ്പോൾ ബന്ധപ്പെട്ട റെയിഞ്ചർ/അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡന് കാട്ടുപന്നിയെ വെടിവച്ചു കൊല്ലണമെന്നാവശ്യപ്പെട്ട് കർഷകൻ അപേക്ഷ സമർപ്പിക്കണം. ഇപ്രകാരം ആവശ്യപ്പെടുമ്പോൾ കൃഷിയിടത്തിന്റെ സ്ഥാനം വിളകൾക്കുണ്ടായ നാശനഷ്ടം, അക്രമകാരിയായ കാട്ടുപന്നികളുടെ എണ്ണം എന്നിവ കൂടി അറിയിക്കേണ്ടതാണ്.

2. ഇപ്രകാരം അപേക്ഷ ലഭിച്ചാൽ റെയിഞ്ചർ/അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ വനസംരക്ഷണ സമിതി പ്രസിഡന്റ്/ ഇക്കോഡെവലപ്പമെന്റ് കമ്മിറ്റി പ്രസിഡന്റ്/ഗ്രാമപഞ്ചായത്ത് അംഗം എന്നിവരുമായി കൂടിയാലോചിച്ച് അപേക്ഷയുടെ നിജസ്ഥിതി ഉറപ്പുവരുത്തി കാട്ടുപന്നിയെ വെടിവെച്ചുകൊല്ലാനുള്ള തീരുമാനം അപേക്ഷ ലഭിച്ച് മൂന്ന് ദിവസത്തിനകം കർഷകനെ അറിയിക്കേണ്ടതാണ്. അപേക്ഷ നിരസിക്കുകയാണെങ്കിൽ കാരണം സഹിതം അപേക്ഷകന് മൂന്ന് ദിവസത്തിനകം മറുപടി നൽകേണ്ടതാണ്.

3. കാട്ടുപന്നിയെ വെടിവെച്ചുകൊന്നാൽ ഫോറസ്റ്റർ റാങ്കിൽ കുറയാതെ ഒരു ഉദ്യോഗസ്ഥൻ രണ്ട് പൊതുജനങ്ങളുടെ സാന്നിദ്ധ്യത്തിൽ മഹസ്സർ തയ്യാറാക്കേണ്ടതാണ്.

4. വെടിവെച്ചുകൊല്ലുന്ന പന്നിയുടെ മാംസം ഭക്ഷണ ആവശ്യത്തിനോ മറ്റേതെങ്കിലും ആവശ്യത്തിനോ ഉപയോഗിക്കുവാൻ പാടില്ലാത്തതാകുന്നു.

5. കൊല്ലപ്പെടുന്ന പന്നിയുടെ ജഡത്തിൽ മണ്ണെണ്ണ ഒഴിച്ച് മൂന്നടി താഴ്ചയുള്ള കുഴിയിൽ അടക്കം ചെയ്യേണ്ടതോ, കത്തിച്ചുകളയേണ്ടതോ ആണ്.

6. ഇത്തരം കേസ്സുകൾ ചീഫ് വൈൽഡ് ലൈഫ് വാർഡനെ ഉടനടി അറിയിക്കേണ്ടതാണ്.

7. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ, സ്ഥലം എം.എൽ.എ, ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, കർഷക സംഘടനാ പ്രതിനിധികൾ തദ്ദേശിയരായ സർക്കാരിതര സന്നദ്ധ സംഘടനകളുടെ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി ഒരു മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും, ഈ കമ്മിറ്റി പന്നികളെ വെടിവെച്ചുകൊല്ലാനുള്ള ഉത്തരവ് നടപ്പാക്കികഴിഞ്ഞാൽ ഈ പ്രശ്നം സംബന്ധിച്ച് വിലയിരുത്തൽ നടത്തേണ്ടതുമാണ്.

വിളനാശം ഉണ്ടാക്കുന്ന കാട്ടുപന്നികളെ വെടിവെച്ചുകൊല്ലുന്നത് താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായിട്ടായിരിക്കും.

1. റഗുലറൈസ് ചെയ്യപ്പെടാത്ത കയ്യേറിയ വനഭൂമിയിൽ കാട്ടുപന്നികളെ ഇപ്രകാരം വെടിവെച്ചുകൊല്ലാൻ അനുവാദം നൽകുന്നതല്ല.
2. മുലയൂട്ടുന്ന പന്നികളെ യാതൊരു കാരണവശാലും വെടിവെച്ചുകൊല്ലാൻ പാടുള്ളതല്ല.
3. അംഗീകൃത പട്ടികവർഗ്ഗ കോളനികളിൽ ഒഴികെ മറ്റുവനപ്രദേശങ്ങളിൽ യാതൊരു കാരണവശാലും കാട്ടുപന്നികളെ വെടിവെച്ചുകൊല്ലാൻ പാടുള്ളതല്ല.
4. സർക്കാർ ചെലവിൽ ആനക്കിടങ്ങുകൾ നിർമ്മിച്ചതോ, സോളാഡ ഫെൻസിംഗ് സ്ഥാപിച്ചതോ, കൽകെട്ടുകൾ ഉണ്ടാക്കി സംരക്ഷിച്ചിട്ടുള്ളതോ ആയ കൃഷിയിടങ്ങളിൽ കാട്ടുപന്നികളെ യാതൊരു കാരണവശാലും വെടിവെച്ചുകൊല്ലാൻ പാടില്ല.
5. ഒരു കാട്ടുപന്നിയെ ഇപ്രകാരം വെടിവെയ്ക്കാൻ ഒരുങ്ങുമ്പോൾ, അത് വനത്തിലേക്ക് രക്ഷപ്പെട്ടാൽ യാതൊരു കാരണവശാലും വനത്തിനകത്തുകയറി വെടിവെയ്ക്കാൻ പാടില്ലാത്തതാണ്.
6. വെടിവെച്ചുകൊല്ലപ്പെടുന്ന പന്നിയെ വനം വകുപ്പുതന്നെ സംസ്കരിക്കുന്നതായിരിക്കും.

**4.1** വനം–വന്യജീവി കുറ്റകൃത്യങ്ങൾ സംബന്ധിച്ച് രഹസ്യവിവരം വനവകുപ്പിന് കൈമാറുന്ന സ്വകാര്യ വ്യക്തികൾക്ക് പാരിതോഷികം ലഭിക്കുമോ**?**

ലഭിക്കും, പ്രധാനപ്പെട്ട വനം-വന്യജീവി കുറ്റകൃത്യങ്ങളെ സംബന്ധിച്ച് സത്യസന്ധവും, സുപ്രധാനവുമായ വിവരം വനം വകുപ്പിന് കൈമാറുന്ന വ്യക്തികൾക്ക് അവർ കൈമാറുന്ന വിവരത്തിന്റെ പ്രാധാന്യമനുസരിച്ച് പാരിതോഷികം ലഭിക്കും. ഇത്തരക്കാരുടെ പേരും, വിലാസവും രഹസ്യമായി സൂക്ഷിക്കുന്നതാണ്. ടോൾഫ്രീനമ്പർ - 1800-425-47-33.

42. വന്യമൃഗങ്ങളുടെ തോൽ, കൊമ്പ് എന്നിവ കൈവശം ഉള്ളവർ എന്തൊക്കെ ശ്രദ്ധിക്കണം. ?

വന്യമൃഗങ്ങളുടെ തോൽ, കൊമ്പ്, തലയോട്ടി, അസ്ഥികൾ എന്നിവ ട്രോഫികളായി കൈവശം സൂക്ഷിക്കുന്ന പൊതുജനങ്ങൾ 1972-ലെ വന്യജീവി സംരക്ഷണ നിയമപ്രകാരം നിശ്ചിത ഫോറത്തിൽ സംസ്ഥാന ചീഫ് വൈൽഡ് ലൈഫ് വാർഡന് അപേക്ഷ സമർപ്പിച്ച് നേടിയ പൊസഷൻ സർട്ടിഫിക്കറ്റ് സൂക്ഷിച്ചിട്ടില്ലായെങ്കിൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ വനം വകുപ്പിന്റെ ടോൾഫ്രീ നമ്പരിൽ 1800-424-47-33 ബന്ധപ്പെടുക.

**43.** വളർത്തുപക്ഷി/മൃഗങ്ങളെ വാങ്ങുമ്പോൾശ്രദ്ധിക്കേണ്ട കാര്യങ്ങൾ**.**

വളർത്തുമൃഗങ്ങൾ എന്ന പേരിൽ ചില വില്പനക്കാർ വന്യജീവി സംരക്ഷണ നിയമത്തിന്റെ പരിധിയിൽപ്പെടുന്ന കാട്ടുപക്ഷികളേയും, മൃഗങ്ങളെയും വളർത്തി വിറ്റുവരുന്നുണ്ട്. 1972-ലെ വന്യജീവി സംരക്ഷണ നിയമപ്രകാരം ഇത്തരം വന്യജീവികളെ വാങ്ങുന്നതും, വിൽക്കുന്നതും കുറ്റകരവും ശിക്ഷാർഹവുമാണ്. ഇക്കാര്യം പൊതുജനങ്ങളുടെ ശ്രദ്ധയിൽപ്പെട്ടാൽ തൊട്ടടുത്ത വനം വകുപ്പ് ഓഫീസിലോ, 1800 425 4733 എന്ന ടോൾഫ്രീ നമ്പരിലോ വിളിച്ചറിയിക്കാവുന്നതാണ്. വന്യമൃഗങ്ങളേയോ, അതിന്റെ ശരീരഭാഗങ്ങളോ, ഔഷധാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതും, അവയുടെ നഖം, തോൽ തുടങ്ങിയ ശരീര ഭാഗങ്ങൾ അനധികൃതമായി വിൽക്കുന്നതും വാങ്ങുന്നതും കുറ്റകരവും ശിക്ഷാർഹവുമാണ്.

44. അവശനിലയിലോ ഒറ്റപ്പെട്ട അവസ്ഥയിലോ**,** പക്ഷികളേയോ മറ്റ് വന്യജീവികളേയോ നാട്ടിൻപുറങ്ങളിൽ കണ്ടാൽ എന്താണ് ചെയ്യേണ്ടത്?

വന്യജീവി സംരക്ഷണം ഭരണഘടനാപരമായി ഭരതത്തിലെ ഓരോ പൗരന്റെയും കടമയാണ്. ദേശാടന പക്ഷികൾ കൂട്ടം തെറ്റിയോ, അപകടത്തിൽപ്പെട്ടോ ചിലപ്പോ നമ്മുടെ നാട്ടിൻപുറങ്ങളിൽ വന്നെത്താറുണ്ട്. അതുപോലെതന്നെ വളരെ അപൂർവ്വമായി മാത്രം കാണുന്ന ചില വന്യജീവകളും നാട്ടിൻപുറങ്ങളിൽ പ്രത്യക്ഷപ്പെടാറുണ്ട്. വന്യജീവികളെ, പ്രത്യേകിച്ച് വന്യജീവി സംരക്ഷണ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളവയെ സ്വന്തമാക്കുന്നതും, കൂട്ടിലടച്ച വളർത്തുന്നതും, കല്ലേറിയുകയോ, മറ്റ് രീതിയിൽ ഉപദ്രവിക്കുകയോ ചെയ്യുന്നതും ശിക്ഷാർഹമായ കുറ്റമാണ്. ഇത്തരം കൃത്യങ്ങളിൽ ഏർപ്പെടുന്നവരെ തടയാനുള്ള ആർജ്ജവം ജനങ്ങൾക്കുണ്ടാകേണ്ടതാണ്. ഇത്തരം കൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഏറ്റവും അടുത്തുള്ള വനം വകുപ്പ് കാര്യലയത്തിലോ വനം വകുപ്പിന്റെ ടോൾ ഫ്രീ നമ്പരിലോ(1800-425 4733) അറിയിക്കണം. കൂടാതെ സൊസൈറ്റി ഫോർ പ്രിവൻഷൻ ഓഫ് ക്രൂവൽറ്റി റ്റു അനിമൽസ് (എസ്.പി.സി.എ)പോലുള്ള സ്ഥാപനങ്ങളുമായും, വന്യജീവി/പ്രകൃതിസംരക്ഷണ രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളുമായും ബന്ധപ്പെടാവുന്നതാണ്.

45. വെള്ളവയറൻ പരുന്തുകളെ സംരക്ഷിക്കുന്നവർക്ക് അംഗീകാരം.

കണ്ണൂർ, കാസർകോഡ് ജില്ലകളിൽ തീരദേശമേഖലകളിലെ ഉയരം കൂടിയ വൃക്ഷങ്ങളിൽ കൂടുകൂട്ടുന്ന വെള്ളവയറൻ കടൽപരുന്തി (Whie bellied sea eagle) ആവാസവ്യവസ്ഥ സംരക്ഷിച്ചവർക്ക് വനം വകുപ്പ് അർഹമായ അംഗീകാരം നൽകുകയുണ്ടായി. സ്വന്തം പുരയിടത്തിലെ വൃക്ഷങ്ങളിൽ കൂടുകെട്ടിയ വെള്ളവയറൻ കടൽപരുന്തിനെ സംരക്ഷിച്ചവർക്കാണ് 5000 രൂപയുടെ ക്യാഷ് അവാർഡും പ്രശംസ ഫലകവും നൽകിയാണ് വനം വകുപ്പ് ആദരവ് പ്രകടിപ്പിച്ചത്. സഹജീവി സംരക്ഷണത്തിൽ കരുണ കാട്ടുന്നതിന് എല്ലാവരും മുന്നോട്ടു വരുന്നതിനുള്ള ഒരു പ്രചോദനം കൂടിയാണീ അംഗീകാരം.

46. കടലാമ, തിമിംഗലങ്ങൾ, ഡോൾഫിനുകൾ, അപൂർവ സ്രാവുകൾ, മുതലായ വന്യജീവികൾ മീൻപിടുത്ത വയലിൽപ്പെട്ടാലോ, അവയെ വിപണനം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടാലോ എന്താണ് ചെയ്യേണ്ടത്.?

കടലാമകൾ, തിമിംഗലങ്ങൾ ഡോൾഫിനുകൾ, അപൂർവ സ്രാവുകൾ മുതലായ വന്യജീവി സംരക്ഷണ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ജീവികളാണ്. ഇത്തരം വന്യജീവികൾ കടൽത്തീരത്ത് അടിയുന്നതും, മത്സ്യത്തൊഴിലാളികളുടെ വലയിൽ കുടുങ്ങുന്നതും സാധാരണമാണ്. അവയെ തിരികെ കടലിൽ സ്വതന്ത്രമാക്കേണ്ടതാണ് അവയുടെ വംശനാശം തടയുന്നതിന് ഇത് അനിവാര്യവുമാണ്. ഇത്തരം വന്യജീവികളെ കൊല്ലുന്നതും, ഇറച്ചിക്കും മറ്റ് ആവശ്യങ്ങൾക്കുമായി വിപണനം ചെയ്യുന്നതും വന്യജീവി(സംരക്ഷണ) നിയമപ്രകാരം മൂന്ന് വർഷം മുതൽ ഏഴ് വർഷം വരെ തടവും, പതിനായിരം രൂപയിൽ കുറയാത്ത തുക പിഴയും, ചുമാത്താവുന്ന കുറ്റമാണ്. ഇത്തരം കൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ തടയേണ്ടതും, അടിയന്തിരമായി അടുത്തുള്ള വനം വകുപ്പ് കാര്യാലയത്തിലോ, വനം വകുപ്പിന്റെ ടോൾഫ്രീ നമ്പരിലോ(1800 425 4733) ചീഫ് വൈൽഡ് ലൈഫ് വാർഡനെയോ (0471-2321610) അറിയിക്കേണ്ടതുമാണ്.

<u>നാട്ടാന പരിപാലനം</u>

47. നാട്ടാനകളെ പീഢിപ്പിക്കുന്നത് കണ്ടാൽ എന്തു ചെയ്യണം?

നാട്ടാനകളെ പീഢിപ്പിക്കുന്നത് നാട്ടാന പരിപാലന ചട്ടപ്രകാരവും, വന്യജീവിസംരക്ഷണ നിയമപ്രകാരവും ഗുരുതരമായ കുറ്റമാണ്. ഇത്തരം കുറ്റകൃത്യം ശ്രദ്ധയിൽപ്പെട്ടാൽ ഏറ്റവും അടുത്തുള്ള വനം ഓഫീസിൽ വിവരം അറിയിക്കണം.

48. പൊതുസ്ഥലങ്ങളിൽ ആന വിരണ്ടാൽ എന്ത് ചെയ്യണം**?**

കേരളത്തിൽ ഉത്സവവേളകളിൽ ആനകളെ എഴുന്നള്ളിക്കാറുണ്ട്. ഇതിന് പുറമേ തടിപിടിക്കുന്നതടക്കം മറ്റ് പലജോലികളും ആനകളെ ഉപയോഗിച്ച് ചെയ്യാറുമുണ്ട്. എന്നാൽ അമിത അധ്വാനം മൂലമുണ്ടാകുന്ന ശാരീരിക അസ്വാസ്ഥ്യം, പാപ്പാൻമാരുടെ പീഢനം, പൊതുജനങ്ങളിൽ നിന്നും ചിലപ്പോൾ നേരിടേണ്ടിവരുന്ന ഉപദ്രവം തുടങ്ങിയവ ഇവയെ പ്രകോപിതരാക്കുന്നു. മദപ്പാടുള്ള ആനയെ പൊതുകാര്യങ്ങൾക്ക് ഉപയോഗിക്കുന്നത് കുറ്റകരവും അപകടകരമാണ്. ഇത്തരം അവസരങ്ങളിൽ ആന വസ്തുവകകൾ നശിപ്പിക്കുവാനും, കൺമുന്നിൽ കാണുന്നവരെ കൊല്ലാനും മുതിർന്നെന്നുവരും. ഈ അപകടകരമായ അവസരത്തിൽ ആനയെ കൂടുതൽ പ്രകോപിപ്പിക്കാതെ ശ്രദ്ധിക്കേണ്ടതും, വിവരം തൊട്ടടുത്ത പോലീസ്, വനം അധികാരികളെ അറിയിക്കുന്നതിനൊപ്പം ഓരോ ജില്ലയിലെയും എലിഫന്റ് സ്ക്വാഡിന്റെ ചുമതലയുള്ള ജില്ലാ ചീഫ് വെറ്ററിനറി ഓഫീസറേയും വിളിച്ചറിയിക്കാവുന്നതാണ്. രാവിലെ 8 മുതൽ രാത്രി 8 മണിവരെയാണ് വെറ്ററിനറി ഓഫീസ് പ്രവർത്തന സമയം, ടെലിഫോൺ നമ്പറുകൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ജില്ല | ജില്ലാ വെറ്ററിനറി സെന്ററുകളുടെ ഫോൺ നമ്പർ |
|---|---|---|
| 1 | തിരുവനന്തപുരം | 0471 - 2302643 |
| 2 | കൊല്ലം | 0474 - 2795076 |
| 3 | ആലപ്പുഴ | 0477 – 2252635 |
| 4 | പത്തനംതിട്ട | 0468 - 2270908 |
| 5 | ഇടുക്കി | 0486 - 2325992 |
| 6 | കോട്ടയം | 0481 – 2568768 |
| 7 | എറണാകുളം | 0484 - 2351264 |

| | | |
|---|---|---|
| 8 | തൃശ്ശൂർ | 0487 - 2334686 |
| 9 | പാലക്കാട് | 0491 – 253 4220 |
| 10 | മലപ്പുറം | 0483 - 2734815 |
| 11 | കോഴിക്കോട് | 0495 - 2368349 |
| 12 | വയനാട് | 04936 - 202729 |
| 13 | കണ്ണൂർ | 0497 - 2700184 |
| 14 | കാസർഗോഡ് | 04994 - 224624 |

**49.** നാട്ടാനകളെ തിരിച്ചറിയുന്നതിന് എന്തെങ്കിലും സംവിധാനമുണ്ടോ**?** നാട്ടാന ഇടഞ്ഞ് അപകടമുണ്ടായാൽ ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാണോ?

നാട്ടാനകളെ തിരിച്ചറിയുന്നതിനാണ് മൈക്രോചിപ്പ് ഘടിപ്പിക്കുന്നത്. ഇവയ്ക്ക് ഇൻഷ്വറൻസ് എടുക്കേണ്ടതും നിർബന്ധമാക്കിയിട്ടുണ്ട്. ഇവ രണ്ടും ഇല്ലാതെ നാട്ടാനകളെ ഉത്സവങ്ങളിലോ, പൊതുചടങ്ങുകളിലോ, പങ്കെടുപ്പിക്കുവാൻ പാടില്ല. നാട്ടാനകളുടെ ആക്രമണം മൂലം ആനപാപ്പാന്മാർക്കോ, പൊതുജനങ്ങൾക്കോ മരണമോ, സ്ഥിരമായ അംഗവൈകല്യമോ സംഭവിച്ചാൽ 2.50 ലക്ഷം രൂപാവരെ ഇൻഷ്വറൻസ് പരിരക്ഷ നൽകത്തക്കവിധം ആന ഉടമകൾ ഇൻഷ്വറൻസ് എടുക്കേണ്ടതും നിർബന്ധമാക്കിയിട്ടുണ്ട്.

50. നാട്ടാന പരിപാലന ചട്ടം

കേരള ക്യാപ്റ്റീവ് എലിഫന്റ് (മാനേജമെന്റ് ആന്റ് മെയന്റെനൻസ്) റൂൾസ് 2012

ഈ ചട്ടങ്ങളിൽ ആനകൾക്ക് നൽകേണ്ട താമസസൗകര്യം, ആഹാരം, സംരക്ഷണം എന്നിവയെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ട്. ഓരോ പ്രായത്തിലുമുള്ള ആനകളെക്കൊണ്ട് എടുപ്പിക്കാവുന്ന ഭാരം, അവയെ യാത്രകൊണ്ടുപോകുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ കൊമ്പ് മുറിക്കുമ്പോൾ പാലിക്കേണ്ട കാര്യങ്ങൾ തുടങ്ങി ആനകൾക്കെതിരെയുള്ള ക്രൂരതകൾ എന്നിവയെപ്പറ്റി എഴുതപ്പെട്ടിരിക്കുന്നു. നാട്ടാനകൾക്ക് നിർബന്ധമായും പരിശീലനം ലഭിച്ച പാപ്പാനുണ്ടായിരിക്കണം എന്നും അനുശാസിക്കുന്നു.

ചട്ടങ്ങളിൽ പ്രധാനപ്പെട്ടവ

1. ആനകൾക്ക് വേണ്ട പരിചരണം, ആഹാരം, സംരക്ഷണൺ എന്നിവ കൃത്യമായും നൽകണം.

2. ആനകളെ ആവശ്യത്തിൽ കൂടുതൽ പണിയെടുപ്പിക്കുവാൻ പാടുള്ളതല്ല.

3. മൂന്ന് വർഷമെങ്കിലും ജോലി പരിചയമുള്ള ഒരു പാപ്പാനെ ആനയുടെ കാര്യങ്ങൾക്കായി നിയമിക്കേണ്ടതും, ഇയാളുടെ ജോലി പരിചയം ചീഫ് വൈൽഡ് ലൈഫ് വാർഡൻ സർട്ടിഫൈ ചെയ്യേണ്ടതും ആണ്. (റൂൾ - 3).

4. വനം വകുപ്പ് കാലാകാലങ്ങളിൽ നടത്തുന്ന പരിശീലന പരിപാടികളിൽ പാപ്പാന്മാരെ പങ്കെടുപ്പിക്കേണ്ടതും ആന ഉടമസ്ഥർ പാപ്പാനെ സഹായിക്കുവാനായി ഒരു രണ്ടാം പാപ്പാനെ നിയമിക്കേണ്ടതുമാണ്.

5. ആനയെ 65-ാം വയസ്സിൽ ജോലിയിൽ നിന്നും വിരമിക്കുവാൻ അനുവദിക്കേണ്ടതാണ്.

6. ഒരു ദിവസം 30.കി.മീ. കൂടുതൽ ആനയെ നടത്തുവാൻ പാടുള്ളതല്ല. 50 കി.മീ-ൽ ആധികമുള്ള ദൂരത്തേക്ക് വാഹനങ്ങളിൽ മാത്രമേ കൊണ്ടുപോകാൻ പാടുള്ളൂ.

7. പ്രസവ സമയമടുത്ത പിടിയാനകളെ ലോറിയിൽ കയറ്റി കൊണ്ടുപോകുവാൻ പാടുള്ളതല്ല.

8. 65 വയസ്സിന് മുകളിൽ പ്രായമുല്ള ആരോഗ്യമുള്ള ആനകളെ ശരിയായ പരിശോധനയ്ക്ക് ശേഷം ആയാസരഹിതമായ പണികൾ ചെയ്യിപ്പിക്കാവുന്നതാണ്.

9. ആനകളെ പങ്കെടുപ്പിക്കുന്ന ഉത്സവങ്ങളിൽ നടത്തിപ്പുകാർ പരിപാടികളുടെ വിശദവിവരം ആ പ്രദേശത്തെ സ്റ്റേഷൻ ഹൗസ് ഓഫീസറെയും, റെയിഞ്ച് ഓഫീസറെയും രേഖാമൂലം അറിയിക്കേണ്ടതും ബന്ധപ്പെട്ട അധികാരികൾ അഞ്ചാം ചട്ടത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

<u>ആനകൾക്കുമേലുള്ള ക്രൂരതകളായി കണക്കാക്കാവുന്ന കാര്യങ്ങൾ-</u>

- ആനയ്ക്ക് വേദനയും ബുദ്ധിമുട്ടും ഉണ്ടാകുന്ന രീതിയിൽ അതിനെ അടിക്കുക, തൊഴിക്കുക, സവാരി ചെയ്യുക, ഓടിക്കുക, ഉപദ്രവിക്കുക തുടങ്ങിയവ

- ആരോഗ്യമില്ലാത്ത ആനയെ ഉപയോഗിച്ച് പണിയെടുപ്പിക്കുക.

- മൃഗഡോക്ടറുടെ ഉപദേശപ്രകാരമല്ലാതെ മദമിളകൽ ഉണ്ടാവാതിരിക്കാൻ തെറ്റായ മരുന്നുകൾ നൽകുക

- ആനയ്ക്ക് വേദന ഉണ്ടാകുന്ന രീതിയിൽ അതിനെ വാഹനങ്ങളിൽ കൊണ്ട് പോകുക.

- നിയമപ്രകാരമുള്ള വലിപ്പം ഇല്ലാത്ത കൂടുകളിൽ ആനയെ താമസിപ്പിക്കുക.

- ആനയെ ആവശ്യത്തിലധികം സമയം ബന്ധിച്ചിടുക

- ദിവസം 9 മണിക്കൂറിലേറയോ, തുടർച്ചയായി 5 മണിക്കൂറിലേറെയോ വിശ്രമമില്ലാതെ ആനയെ ഭാരം വലിക്കുവാനോ, വണ്ടി വലിക്കുവാനോ ഉപയോഗിക്കുക.

- ആനയ്ക്ക് ആവശ്യത്തിന് ജലവും, ഭക്ഷണവും സംരക്ഷണവും നൽകുന്നതിൽ വീഴ്ച വരുത്തുക.

- വേദന അനുഭവിക്കുന്ന ആനയെ വിൽക്കാൻ ശ്രമിക്കുക.

- അസുഖം ബാധിച്ചതും, മുറിവേറ്റതും, ഗർഭിണിയായതുമായ ആനകൾക്ക് വേണ്ട വൈദ്യസഹായം നൽകാതിരിക്കുക.

- കൊമ്പനാനയുടെ കൊമ്പുകൾ തീരെ ചെറുതാക്കി മുറിക്കുക.

- 2 വയസ്സിൽ താഴെയുള്ള കുട്ടിയാനകളെ അതിന്റെ മാതാവിൽ നിന്നും ബലം പ്രയോഗിച്ച് മാറ്റുക.

- കട്ടി കൂടിയ ചങ്ങലയും കൂർത്ത അറ്റമുള്ള തകിടും ഉപയോഗിച്ച് ആനയെ തളയ്ക്കുക.

- ഗർഭിണയായ പിടിയാനകളെ ഇടകെട്ട് കെട്ടിക്കുക.

- പണിയെടുക്കുന്ന ആനകളുടെ നട്ടെല്ലിനു ക്ഷതം പറ്റുന്ന വിധത്തിൽ അനുബന്ധങ്ങൾ ഘടിപ്പിക്കുക.

- അസുഖം ബാധിച്ചതും, മുറിവേറ്റതും, ഗർഭിണിയായതുമായ ആനകളെയും, കുട്ടിയാനകളെയും ഒറ്റയടിക്ക് വളരെ ദൂരം നടത്തുക.

- ആവശ്യത്തിന് വലിപ്പമില്ലാത്ത വാഹനങ്ങളിൽ ആനയെ യാത്ര ചെയ്യിക്കുക.

- ശരിയായ രീതിയിൽ തുലനം ചെയ്യാതെ ആനപ്പുറത്ത് ഭാരം കയറ്റുക.

- ആനയെ വളരെ നേരം വെയിലത്ത് നിർത്തുക.

· നെറ്റിപ്പട്ടവും മറ്റ് ആഭരണങ്ങളും അണിയിച്ച് അധികനേരം നിർത്തുക, ആനയുടെ പുറത്ത് കയറിയോ അതിന്റെ അടുത്തുവച്ചോ പടക്കം പൊട്ടിക്കുക.

· വിനോദ സഞ്ചാര പരിപാടികൾക്കായി ആനയെ അധികം ബുദ്ധിമുട്ടിക്കുക.

· ആനയ്ക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്ന രീതിയിൽ അതിനെ കായിക പരിപാടിയിൽ പങ്കെടുപ്പിക്കുക.

നിയമങ്ങൾ ലംഘിക്കുന്നത് വന്യജീവി സംരക്ഷണ നിയമത്തിൻ 51-ാം വകുപ്പ് പ്രകാരം ശിക്ഷാർഹമാണ്.

57. ആനകളെ വാഹനത്തിൽ കയറ്റികൊണ്ടുപോകുന്നത് വഴി ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിന് കേരള നാട്ടാന പരിപാലന ചട്ടങ്ങൾ അനുസരിച്ചുള്ള നിയന്ത്രണങ്ങൾ.

1. ട്രാൻസ്പോർട്ടിംഗ് പെർമിറ്റിനുള്ള അപേക്ഷ ഉടമസ്ഥൻ, അധികാരപ്പെടുത്തിയ വ്യക്തിക്കോ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്കോ സമർപ്പിക്കേണ്ടതാണ്.

2. ആനയോ കൊണ്ടുപോകുന്നതിനുള്ള പെർമിറ്റിന് 15 ദിവസം മുൻപ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. അടിയന്തിരഘട്ടത്തിൽ ഈ സമയപരിധിക്ക് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്ക് ഇളവ് അനുവദിക്കാവുന്നതാണ്.

3. ആനകളെ കൊണ്ടുപോകാൻ ചരക്കുലോറികൾ മാത്രമേ ഉപയോഗിക്കാവൂ കഴിവതും മൃഗങ്ങളെ കയറ്റികൊണ്ടുപോകുന്നതിനുള്ള പ്രത്യേക സൗകര്യങ്ങളും അനുമതിയുമുള്ള ലോറികൾ മാത്രമേ ഉപയോഗിക്കാവൂ.

4. ലോറികൾക്ക് 420.സെ.മീ -480 സെ.മീ വരെ നീളവും 360 സെ.മീ : 200 സെ.മീ.വീതിയും ഉണ്ടായിരിക്കണം.

5. റോഡ് ട്രാൻസ്പോർട്ട് നിയമം അനുവദിക്കുന്ന ഏറ്റവും കുറഞ്ഞ ഉയരത്തിൽ പ്ലാറ്റ്ഫോം ഉള്ള ലോറിയായിരിക്കണം ആനകളെ കൊണ്ടുപോകാൻ ഉപയോഗിക്കേണ്ടത്.

6. ആനയെ കയറ്റുന്നതിനും ഇറക്കുന്നതിനും ലോറിയുടെ വീതിക്ക് അനുസരണമായ നീളമുള്ളതും 100 സെ.മീറ്ററോളം വീതിയുള്ളതുമായ ചവിട്ടുപടി ഉണ്ടായിരിക്കണം. ഇത് ആനയെ കയറ്റുന്നതിനും ഇറക്കുന്നതിനും മുൻപ് ലോറിയുടെ ഷാസിയോ ബലമായി ഘടിപ്പിക്കേണ്ടതാണ്.

7. ആനയുടെ ഉയരത്തിന്റെ പകുതിയിൽ കുറയാത്ത ഉയരത്തിൽ സ്റ്റീൽ പൈപ്പുകൊണ്ടോ തടികൊണ്ടോ ബലമുള്ള വെച്ച് കെട്ട് വാഹനത്തിന് ഉണ്ടായിരിക്കണം. ആനയുടെ ശരീരത്തിന്റെ ഇരുവശവും നെടുകയും മുന്നിലും പിന്നിലും കുറുകെയും ബലമുള്ളതും ഉറപ്പുള്ളതുമായ കഴകൊണ്ട് താങ്ങ് കെട്ടേണ്ടതാണ്. ആനയക്ക് മുന്നിൽ കുറുകെയുള്ള കഴ തമ്പിക്കൈ കൊണ്ട് ചുറ്റിപ്പിടിക്കാൻ പാകത്തിലുള്ളതായിരിക്കണം.

8. പാപ്പാന്റെ പക്കൽ പ്രഥമശുശ്രൂഷ നൽകുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കണം.

9. വാഹനത്തിൽ ആനയുടെ ഉടമസ്ഥന്റെ ഫോൺ നമ്പരുകൾ രേഖപ്പെടുത്തിയ ബോർഡ് ഘടിപ്പിക്കണം.

10. ക്രമമായ വേഗതയിൽ മാത്രമേ ലോറി ഓടിക്കാൻ പാടുള്ളൂ. ശക്തിയായ കുലുക്കം, പെട്ടന്നുള്ള ബ്രേക്കിടൽ എന്നിവ ഒഴിവാക്കത്തക്കവണ്ണം വേഗത മണിക്കൂറിൽ 25 കിലോമീറ്ററിൽ കൂടാൻ പാടില്ല.

11. യാത്രയിലുടനീളം ആനയുടെ കൂടെ പ്ലാറ്റ്ഫോമിൽ നിർബന്ധമായും ഒരു പാപ്പാൻ ഉണ്ടായിരിക്കേണ്ടതാണ്. ടിയാന് ഇരിപ്പടവും വെയിലും മഴയും എൽക്കാതിരിക്കാനുള്ള സൗകര്യവും വാഹനത്തിൽ ഉണ്ടായിരിക്കണം.

12. ആനപിണ്ഡം, ആഹാരാവശിഷ്ടങ്ങൾ എന്നിവ വഴിയിൽ ചിതറുന്നത് ഒഴുവാക്കുന്നതിനായി സൈഡ് ബോഡിയുള്ള ലോറി മാത്രമേ ആനയെ കൊണ്ടുപോകാൻ ഉപയോഗിക്കാവൂ.

13. റോഡിന് കുറുകെ കാണുന്ന ഇലക്ട്രിക് വയറുകളും കേബിളുകളും സുരക്ഷിതമായി ഉയർത്തി അപകടം ഒഴുവാക്കുന്നതിന് ഉണങ്ങിയ ഒരു കഴ ലോറിയിൽ കരുതിയിരിക്കണം.

14. ലോറി ക്യാബിന് അഭിമുഖമായി, ക്യാബിനിൽ നിന്നും കുറഞ്ഞത് 60 സെ.മീ അകലത്തിൽ അനയെ നിർത്താൻ ശ്രദ്ധിക്കേണ്ടതാണ്.

15. ആനയ്ക്ക് ആവശ്യമായ വെള്ളവും മതിയായ അളവിൽ മുറിച്ച് കഷണങ്ങളാക്കിയ പനമ്പട്ടയും വാഹനത്തിൽ ലഭ്യമാക്കേണ്ടതാണ്. ഭക്ഷണം കുറഞ്ഞ അളവിൽ കൂടുതൽ തവണ നൽകുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

16. മൂത്രം, പിണ്ഡം,ജലം എന്നിവയാൽ തീറ്റ മലിനമാകാത്ത വിധം 10 സെ.മീറ്ററോളം ഉയരത്തിൽ ആനക്ക് മുന്നിലായി തടികൊണ്ടുണ്ടാക്കിയ ഒരു പ്ലാറ്റ് ഫോമിൽ തീറ്റ ലഭ്യമാക്കേണ്ടതാണ്.

17. സഞ്ചാരവേളയിൽ ഇടച്ചങ്ങല കൊണ്ടുമാത്രം ആനയെ ബന്ധിപ്പിക്കേണ്ടതും കഴുത്തിലോ ഉടലിലോ ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണോപാധികൾ പാടില്ലാത്തതുമാണ്.

18. അകലെ നിന്നുതന്നെ ആനയുടെ സാന്നിദ്ധ്യം മനസ്സിലാക്കത്തക്കവണ്ണം അതിന്റെ മുന്നിലും പിന്നിലും ചുവന്ന റിഫ്ളക്ടർ ഘടിപ്പിച്ചിരിക്കണം. എളുപ്പത്തിൽ തിരിച്ചറിയുന്നതിന് ആനയുടെ രൂപത്തിലുള്ള റിഫ്ളക്ടറുകൾ ഘടിപ്പിക്കുന്നതായിരിക്കും അഭികാമ്യം.

19. രാത്രിയിൽ ആനയെ നിരീക്ഷിക്കുന്നതിനും, എതിരെ വരുന്ന വാഹനത്തിലെ ഡ്രൈവറുടെ ശ്രദ്ധ പതിയുന്നതിനുമായി ആനയുടെ സമീപം വെളിച്ചം ഉണ്ടായിരിക്കേണ്ടതാണ്.

20. ആനയെ വാഹനത്തിൽ കയറ്റുന്നതിനു മുൻപ് വെറ്ററിനറി ഡോക്ടറിൽ നിന്നും നിയമാനുസൃതമുള്ള ഹെൽത്ത് സർട്ടിഫിക്കറ്റ് വാങ്ങിയിരിക്കേണ്ടതാണ്. ഇത് പാപ്പാന്റെ പക്കൽ ഉണ്ടായിരിക്കണം.

21. മദപ്പാട് ഒഴിവാക്കാനായി ആനകൾക്ക് മരുന്നു നൽകാൻ പാടില്ല.

22. ആനയ്ക്കും പാപ്പാനും യാത്രാവസാനം മതിയായ വിശ്രമം അനുവദിക്കേണ്ടതാണ്.

23. ആന പരിപാലനം സംബന്ധിച്ച് നിലവിലുള്ള എല്ലാ നിയന്ത്രണങ്ങളും നിർദ്ദേശങ്ങളും ആനയെ വാഹനത്തിൽ കൊണ്ടുപോകുന്നതിന് ബാധകമായിരിക്കും.

(ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ സർക്കുലർ നം. 1/2009, തീയതി 14.01.2009).

52. ചരിയുന്ന നാട്ടാനകളെ വനപ്രദേശങ്ങളിൽ സംസ്കരിക്കുന്നതിന്

1. ചരിയുന്ന ആനയുടെ ഉടമസ്ഥൻ ആനയുടെ സംസ്കാരത്തിനായി ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ അപേക്ഷ നൽകേണ്ടതാണ്.

2. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ മേൽനോട്ടത്തിൽ ആവശ്യമായ സുരക്ഷാസജ്ജീകരണത്തോടുകൂടി മാത്രമേ ആനയുടെ ജഡം സംസ്കരിക്കാൻ പാടുള്ളൂ.

ഉടമയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ജഡം വനംപ്രദേശത്ത് സംസ്കരിക്കുന്ന തിന് ആവശ്യമായ അനുമതി ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നൽകേണ്ടതാണ്.

3. 1972-ലെ വന്യജീവി (സംരക്ഷണം) നിയമപ്രകാരം ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ള ആനയുടമസ്ഥർ ഈ സൗകര്യം ലഭ്യമാക്കുന്ന തിനായി 5000/- രൂപ ഫീസായി ഒടുക്കേണ്ടതാണ്.

4. ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ഇല്ലാത്തതും, എന്നാൽ മൈക്രോചിപ്പ് ഘടിപ്പിച്ചിട്ടുള്ളതുമായ ആനകൾക്ക് 30,000/- രൂപ് (മുപ്പതിനായിരം) രൂപയും ഫീസായി ഒടുക്കണം.

5. ചരിയുന്ന ആനയുടെ മരണവിവരം, മഹസ്സർ, പോസ്റ്റ്മോർട്ടം റിപ്പോർട്ട് മറ്റ് ആവശ്യമായ രേഖകൾ എന്നിവ വനം വകുപ്പ് സൂക്ഷിക്കേണ്ടതാണ്.

6. 1972-ലെ വന്യജീവി (സംരക്ഷണം) നിയമപ്രകാരം ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലാത്തതും എന്നാൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ളതും, മൈക്രോചിപ്പ് ഘടിപ്പിച്ചിട്ടുള്ളതുമായ എല്ലാ ആനകൾക്കും ഈ സൗകര്യം ലഭ്യമാകുന്നതാണ്.

7. 1972-ലെ വ്യനജീവി (സംരക്ഷണം) നിയമപ്രകാരം ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലാത്തതും, സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ളതും എന്നാൽ മൈക്രോചിപ്പ് ഘടിപ്പിച്ചിട്ടുള്ളതുമായ ആന ഉടമസ്ഥർ ഈ സൗകര്യം ലഭ്യമാക്കുന്നതിനായി 1000 രൂപ ഫീസായി ഒടുക്കേണ്ടതാണ്.

8. മേൽ നിബന്ധനകൾ പ്രകാരം ആനയുടെ ജഡം വന പ്രദേശത്ത് മറവു ചെയ്യുന്നതിന് വേണ്ട അനുവാദം നൽകി എന്നതുകൊണ്ട് അങ്ങനെയുള്ള ആനയുടെ ഉടമസ്ഥനെതിരെ ആ ആനയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്നതും ഉണ്ടായേക്കാവുന്നതുമായ നിയമനടപടികളിൽ നിന്നും ഉടമസ്ഥനോ ബന്ധപ്പെട്ടവരോ വിമുക്തരാവുന്നതല്ല.

9. ആനയെ സംസ്കരിക്കുന്നതിനുള്ള എല്ലാ ചെലവുകളും ആന ഉടമ വഹിക്കേണ്ടതാണ്.

10. ആനയുടെ ജഡം പൂർണ്ണമായി കത്തി തീർന്നു എന്ന് ആന ഉടമ ഉറപ്പ് വരുത്തേണ്ടതാണ്.

53. ആനകള വാഹനത്തിൽ ഒരു ജില്ലയിൽ നിന്നും മറ്റു ജില്ലകളിലേക്ക് കൊണ്ടുപോകുന്നതിനും തിരിച്ചുകൊണ്ടുവരുന്നതിനും അനുമതി നൽകുന്നതിന് ജില്ലാതലത്തിൽ ചുമതലപ്പെടുത്തിയിട്ടുള്ള ഫോറസ്റ്റ് ഓഫീസർമ്മാർ.

| ക്രമ. നം | ജില്ല | ചുമതലപ്പെടിത്തിയിട്ടുള്ള ഫോറസ്റ്റ് ഓഫീസർ |
|---|---|---|
| 1 | തിരുവനന്തപുരം | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, തിരുവനന്തപുരം |
| 2 | കൊല്ലം | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, പുനലൂർ |
| 3 | ആലപ്പുഴ | അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി) ആലപ്പുഴ |
| 4 | കോട്ടയം | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കോട്ടയം |
| 5 | ഇടുക്കി | വൈൽഡ് ലൈഫ് വാർഡൻ, ഇടുക്കി |
| 6 | പത്തനംതിട്ട | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കോന്നി |
| 7 | എറണാകുളം | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, മലയാറ്റൂർ |

| | | |
|---|---|---|
| 8 | തൃശ്ശൂർ | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, തൃശ്ശൂർ |
| 9 | പാലക്കാട് | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, പാലക്കാട് |
| 10 | കോഴിക്കോട് | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കോഴിക്കോട് |
| 11 | മലപ്പുറം | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, നിലമ്പൂർ |
| 12 | വയനാട് | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, സൗത്ത് വയനാട് |
| 13 | കണ്ണൂർ | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, കണ്ണൂർ |
| 14 | കാസർഗോഡ് | അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററ്ഡ(സോഷ്യൽ ഫോറസ്റ്റി) കാസർഗോഡ്. |

ഒരോ ജില്ലയിലും ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ നിർദ്ദിഷ്ഠ ഫോറത്തിൽ സമർപ്പിക്കുന്ന ആനയുടെ രണ്ടാഴ്ചത്തെ പരിപാടികൾ ഉൾപ്പെടുത്തിയ അപേക്ഷയിന്മേൽ 3 ദിവസത്തിനകം തീരുമാനം എടുക്കേണ്ടതും ആനയ്ക്ക് മതിയായ വിശ്രമം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

(ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ഉത്തരവ് നം. WL(1)8081/2008 തീയതി 28.03.2009.)

നമ്പർ 2609/എഫ്2/2009/വനം

വനം വന്യജീവി (എഫ്) വകുപ്പ്

തീയതി: 03.03.2009

<u>സർക്കുലർ</u>

വിഷയം: നാട്ടാന പരിപാലന നിയമം കർശനമായി നടപ്പിലാക്കുന്നത് സംബന്ധിച്ച്

സൂചന: 1. 06.06.2007-ലെ റവന്യൂ വകുപ്പിന്റെ 27401/ജി2/2007/റവ നമ്പർ സർക്കുലർ.

2. 01/03/2008-ലെ വനം വകുപ്പിന്റെ 19689/എഫ്2/2007/വനം നമ്പർ സർക്കുലർ.

ആനകൾ ഇടയുന്നതിനെതുടർന്ന് ആളപായങ്ങൾ ഉണ്ടാകുന്നതും നാശനഷ്ടങ്ങൾ ഉണ്ടാകുന്നതും കേരളത്തിന്റെ പല ഭാഗത്തുന്നും റിപ്പോർട്ട് ചെയ്യപ്പെടുകയാണ്. ആനകൾക്ക് മൈക്രോചിപ്പ് ഘടിപ്പിക്കാനും ആനപാപ്പാൻമാർക്ക് പരിശീലനം നൽകുവാനും തേർഡ് പാർട്ടി ഇൻഷ്വറൻസ് നിർബന്ധമാക്കാനും എല്ലാ വിഭാഗങ്ങളുടെയും സഹകരണത്തോടെ ഗവൺമെന്റ് മുൻകൈയെടുത്തു. ഇതെല്ലാമുണ്ടായിട്ടും ആനകളുടെ മേലുള്ള പീഡനങ്ങൾ തുടരുകയാണെന്ന് വിവിധ വിഭാഗം ജനങ്ങളും മാധ്യമങ്ങളും അറിയിച്ചു കൊണ്ടേയിരിക്കുന്നു.

ഈ ദു:സ്ഥിതിക്ക് പരിഹാരം കണ്ടെത്താൻ 2003-ലെ നാട്ടാന പരിപാലന ചട്ടങ്ങളിലെ വ്യവസ്ഥകൾ കർശനമായി പാലിക്കപ്പെടേണ്ടതാണ്. പ്രശ്നപരിഹാരത്തിന് അഭ്യന്തരം, റവന്യൂ, ദേവസ്വം, വനം എന്നീ വകുപ്പുകൾ യോജിച്ച് നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഉത്സവാഘോഷവേളയിൽ ആനയെ എഴുന്നള്ളിക്കുമ്പോൾ സ്വീകരിക്കേണ്ട വിപുലമയ മാർഗ്ഗനിർദ്ദേശങ്ങൾ സൂചനപ്രകാരം റവന്യൂ വകുപ്പും വനം വകുപ്പും പുറത്താക്കിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ പ്രശ്നത്തിന്റെ സൗരവം കണക്കിലെടുത്ത് നാട്ടാന പരിപാലനനിയമം കർശനമായ നടപ്പിലാക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

(ഒപ്പ്)

പി.കെ.മൊഹന്തി,

പ്രിൻസിപ്പൽ

സെക്രട്ടറി

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ ജില്ലാ പോലീസ് സൂപ്രണ്ടുമർക്കും

കമ്മീഷണർ, തിരുവിതാംകൂർ/കൊച്ചി/മലബാർ/ഗുരുവായൂർ/കൂടൽമാണിക്യം ദേവസ്വം ബോർഡ്

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(വന്യജീവി വിഭാഗം)

ആഭ്യന്തര വകുപ്പ്

റവന്യൂ വകുപ്പ്.

ബഹു.വനവും ഭവനവും നിർമ്മാണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റ് (അഭ്യന്തരവും വിജിലൻസും)

റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്

വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്

വനം വകുപ്പ് അഡിഷണൽ സെക്രട്ടറി (എഫ്)യുടെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന്.

നാട്ടാനകളെ ആഘോഷങ്ങളിൽ പങ്കെടുപ്പിക്കുന്നത് സംബന്ധിച്ച നോട്ടീസിന്റെ മാതൃക.

നമ്പർ ആഫീസിന്റെ പേര്

തീയതി

<u>നോട്ടീസ്</u>

വിഷയം: - നാട്ടാനകളെ ആഘോഷങ്ങളിൽ പങ്കെടുപ്പിക്കുന്നത് – സംബന്ധിച്ച്

സൂചന:- 2003-ലെ നാട്ടാനകളുട സംരക്ഷണവും, കാര്യനിർവഹണവും. സംബന്ധിക്കുന്ന ചട്ടങ്ങൾ.

താങ്കൾ ചുമതല നിർവഹിക്കുന്ന സ്ഥാപനത്തിൽ നാട്ടാനകളെ പങ്കെടുപ്പിച്ചുകൊണ്ട് ആഘോഷം നടത്തുന്നതായി അറിയുന്നു. നാട്ടാനകളുടെ സംരക്ഷണവും കാര്യനിർവ്വഹണവും സംബന്ധിച്ച് 2003-ൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങൾ അനുസരിച്ച് താഴെപ്പറയുന്ന കാര്യങ്ങൾ നിർബന്ധമായും പാലിച്ചുകൊണ്ടാണ്.

1. ഉത്സവകാലങ്ങളിൽ ആനയെ ഉപയോഗിക്കുന്നതിനുമുമ്പ് ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിലും, റെയിഞ്ച് ഓഫീസിലും അറിയിക്കേണ്ടതും ആഘോഷത്തിന്റെ വിശദമായ കാര്യപരിപാടി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെ ധരിപ്പിക്കേണ്ടതുമാണ്.

2. പരിശീലനം ലഭിച്ച പാപ്പാൻമാരെ മാത്രമേ ആനയെ കൊണ്ടുപോകുന്നതിന് ഉപയോഗിക്കുവാൻ പാടുള്ളൂ. പാപ്പാന്മാർ മദ്യപിച്ചിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

3. ആനകളെ ഉത്സവത്തിന് ഉപയോഗിക്കുന്നതിന് മുമ്പ് വെറ്ററിനറി ഡോക്ടറുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധമായും വാങ്ങിയിരിക്കേണ്ടതാണ്.

4. ആനകൾക്ക് വനം വകുപ്പ് നൽകിയിട്ടുള്ള ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് നിർബന്ധമായും ഉണ്ടായിരിക്കണം.

5. ആനകളെ ഉത്സവത്തിന് ഉപയോഗിക്കുമ്പോൾ വേണ്ടത്ര തീറ്റ, വെള്ളം,വിശ്രമം എന്നിവ ഉറപ്പുവരുത്തേണ്ടതാണ്. ദിവസം ഒരു പ്രാവശ്യമെങ്കിലും കുളിപ്പിച്ചിരിക്കണം. ഇതിന് ആന ഉടമസ്ഥരും/ആഘോഷകമ്മിറ്റിക്കാരും ശ്രദ്ധിക്കേണ്ടതാണ്.

6. ഉത്സവസ്ഥലത്ത് കൂടുതൽ ആനകളെ ഉപയോഗിക്കുമ്പോൾ പരചയസമ്പന്നരായ വെറ്ററിനറി ഡോക്ടറുടെ സേവനം ഉറപ്പുവരുത്തേണ്ടതാണ്.

7. തുടർച്ചയായി ആനയെ വെലിലത്തു നിർത്തേണ്ടിവന്നാൽ നനഞ്ഞ പ്രതലത്തിൽ നിർത്തേണ്ടതാണ്.

8. ആനകളെ ജനക്കൂട്ടത്തിൽ നിന്നും ആവശ്യമായ അകലത്തിൽ മാത്രം നിർത്തണം. ജനങ്ങൾ ആനയെ തൊടാൻ അനുവദിക്കരുത്.

9. കുട്ടിയാനകളെ (1.5 മീറ്ററിൽ താഴെ പൊക്കമുള്ളവ) ആഘോഷങ്ങളിൽ പങ്കെടുപ്പിക്കാൻ പാടില്ല.

10. ആനകൾ നിൽക്കുന്ന സ്ഥലത്തിനടുത്ത് പടക്കം പൊട്ടിക്കുവാൻ പാടില്ല.

11. ആനകളെ എഴുന്നള്ളത്തിന് കഴിവതും കാലത്തും വൈകിട്ടും മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ

12. ആഘോഷങ്ങളിൽ പങ്കെടുപ്പിക്കുന്നതിന് മുമ്പ് 12 മണിക്കൂർ സമയം വിശ്രമം ആനകൾക്ക് നൽകിയിരിക്കണം.

മേൽ നിബന്ധനകളും ബന്ധപ്പെട്ട വനംവകുപ്പ് ഉദ്യോഗസ്ഥൻ നൽകുന്ന നിർദ്ദേശങ്ങളും പാലിക്കാതെ ആനകളെ ആഘോഷങ്ങളിൽ പങ്കെടുപ്പിക്കുന്നത് കുറ്റവും ശിക്ഷാർഹവുമാണ്.

ഒപ്പ്

റെയിഞ്ചാഫീസർ

പകർപ്പ്:

<u>പങ്കാളിത്ത വനപരിപാലനം, ആദിവാസി ക്ഷേമ പ്രവർത്തനങ്ങൾ</u>

54. വനങ്ങളിലും വനത്തിനു സമീപവും താമസിക്കുന്ന പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് ഏതെങ്കിലും തരത്തിലുള്ള ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നുണ്ടോ?

ഉണ്ട്. അപകടത്തിൽപ്പെട്ടോ, വന്യജീവികളുടെ ആക്രമണം മൂലമോ മരണം സംഭവിക്കുകയോ, അംഗവൈകല്യം വരുകയോ ചെയ്യുന്നവർക്ക് വനം വകുപ്പ് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം പ്രകൃതി ദുരന്തം/കാട്ടുമൃഗങ്ങളുടെ ആക്രമണം എന്നിവ കാരണം പാർപ്പിടം നഷ്ടപ്പെട്ട് വനങ്ങളിൽ താമസിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് പ്രതിവർഷം 5000/- രൂപയുടെ സമാശ്വാസത്തിന് ആർഹതയുണ്ട്. ഈ വിഭാഗക്കാർക്ക് രോഗമോ അപകടമോ മൂലം ആശുപത്രിയിൽ കിടത്ത് ചികിത്സിക്കേണ്ട വന്നാലുള്ള ചെലവുകൾക്കായി ഒരാൾക്ക് ഒരു വർഷം 5,000/-രൂപ വരെയും ആശുപത്രിയിലേയ്ക്കും തിരിച്ചുമുള്ള യാത്രാചെലവുകൾക്ക് 1000/- രൂപവരെയും ലഭിക്കും. വനങ്ങളിലും. വനാതിർത്തികളിലും താമസിക്കുന്ന പട്ടികജാതി-പട്ടിക വർഗ്ഗക്കാർ അപകടത്തിൽപെട്ടോ വന്യജീവികളുടെ ആക്രമണംമൂലമോ മരണപ്പെടുകയോ പൂർണ്ണമായ അംഗവൈകല്യം സംഭവിക്കുകയോ ചെയ്യുന്ന പക്ഷം പരമാവധി 1,00,000/- (ഒരു ലക്ഷം) രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാണ്.

ഇതിൽ റെയിൽ, റോഡ് അപകടങ്ങൾ, വന്യജീവി, കടന്നൽ,തേനീച്ച, ആക്രമണം മുങ്ങി മരണം, ഉയരത്തിൽ നിന്നുള്ള വീഴ്ച, പാമ്പുകടി, വൈദ്യുതാഘാതം, ഇടിമിന്നൽ, വെള്ളപൊക്കം, ഉരുൾപൊട്ടൽ മുതലായവയാണ് 'അപകടമെന്ന്' വിവക്ഷിച്ചിരിക്കുന്നത്. ഇൻഷ്വറൻസ് തുക ലഭിക്കുന്നതിന് ക്ലെയിം ഫോം, പോസ്റ്റ്മോർട്ടം റിപ്പോർട്ട്, മരണസർട്ടിഫിക്കറ്റ്, ബില്ലുകൾ, ഡിസ്ചാർജ്ജ് സമ്മറി, വാഹന വാടക രസീത്, റെയിഞ്ചഫീസറുടെ സാക്ഷ്യപത്രം എന്നീ രേഖകൾ സമർപ്പിക്കണം. മരണം, അംഗവൈകല്യം, ചികിത്സ ഇവയോരോന്നിനും ആവശ്യമായ രേഖകൾ ഹാജരാക്കണം. എല്ലാ അപേക്ഷയോടും ഒപ്പം റെയിഞ്ചാഫീസറുടെ സാക്ഷ്യപത്രം നിർബന്ധമാണ്.

<u>അപേക്ഷ അയയ്ക്കേണ്ട ഓഫീസുകൾ</u>

| ക്രമ നമ്പർ | അപേക്ഷരുടെ ജില്ല | അപേക്ഷ അയക്കേണ്ട ഓഫീസ് |
|---|---|---|
| 1 | തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട | യുണൈറ്റഡ് ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്, തിരുവനന്തപുരം, ഡിവിഷണൽ ഓഫീസ്, നമ്പർ 11, പി.ബി.നമ്പർ 5521, മലങ്കര ബിൽഡിംഗ്, പി.ജെ.ടി ഹാൾ റോഡ്, പാളയം,തിരുവന്തപുരം – 695034, ഫോൺ: 0471- 2467344, 2475817, 2476342. |
| 2 | കോട്ടയം, ഇടുക്കി, എറണാകുളം | യുണൈറ്റഡ് ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്, മൂവാറ്റുപുഴ ഡിവിഷണൽ ഓഫീസ്, കുളങ്ങര |

| | | |
|---|---|---|
| | | ടവേഴ്സ്, കച്ചേരിത്താഴം, മൂവാറ്റുപുഴ – 686661 ഫോൺ : 0485 – 2832940. |
| 3 | തൃശ്ശൂർ, പാലക്കാട് | യുണൈറ്റഡ് ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്, പാലക്കാട് ഡിവിഷണൽ ഓഫീസ്, 11/82, മലബാർ ഫോർട്ട്, മൂന്നാംനില, പി.ബി നമ്പർ 92, ജി.ബി റോഡ്, പാലക്കാട് - 678001, ഫോൺ 0491 0 2527107 |
| 4 | മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് | യുണൈറ്റഡ് ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ്, കോഴിക്കോട്, ഡിവിഷണൽ ഓഫീസ്, രണ്ടാം നില, വൈറ്റ് ലയിൻസ് ബിൽഡിംഗ്, പി.ബി.നമ്പർ- 533, കല്ലായി റോഡ്, കോഴിക്കോട്- 673002 ഫോൺ-0495 2701113 |

കൂടുതൽ വിവരങ്ങൾക്ക് : അതാത സ്ഥലത്തെ ഫോറസ്റ്റ് റെയിഞ്ച് ഓഫീസറുമായി ബന്ധപ്പെടേണ്ടതാണ്. തിരുവനന്തപുരത്ത് വനം വകുപ്പ് ആസ്ഥാനത്ത് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസവേറ്റർ (ഇ&ടി ഡബ്ല്യൂ)റുടെ ഓഫീസിലെ 0471 -2529224 എന്ന നമ്പരിൽ ബന്ധപ്പെടാവുനനതാണ്.

(അപേക്ഷ ഫോറം വനം വകുപ്പിന്റെ വെബ് സൈറ്റിൽ ലഭ്യമാണ്)

**55.** സംസ്ഥാന വനവികസന ഏജൻസി.

കേരള സംസ്ഥാന വനവികസന ഏജൻസി 2020 ജൂണിൽ നിലവിൽ വന്ന 1860-ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട സംഘടനകളാണ് എഫ്.ഡി.എകൾ.

ജൈവവൈവിധ്യ സംരക്ഷണ രംഗത്ത് കേരളം അടിസ്ഥാന നയമായി സ്വീകരിച്ചിട്ടുള്ള പങ്കാളിത്ത വനപരിപാലനത്തിലൂടെ വനാശ്രിത സമൂഹങ്ങളുടെ ദാരിദ്ര നിർമ്മാർജ്ജനത്തിനാണ് വനവികസന ഏജൻസി ലക്ഷ്യമിടുന്നത്. വനം ഡിവിഷൻ തലത്തിൽ പ്രവർത്തിക്കുന്ന വനവികസന ഏജൻസികളുടെ ഉന്നതഅധികാര സമിതിയാണ് കേരള സംസ്ഥാന വനവികസന ഏജൻസി. പഞ്ചായത്ത് വാർഡ് തലത്തിൽ പ്രവർത്തിക്കുന്ന പങ്കാളിത്തവനപരിപാലന സ്ഥാപനങ്ങളാ വനസംരക്ഷണ സമിതികളുടേയും (വി.എസ്സ്.എസ്) ഇക്കോഡെവലപ്പ്മെന്റ് കമ്മിറ്റികളുടെയും (ഇ.ഡി.സി)പ്രവർത്തനങ്ങൾക്ക് സാമ്പത്തികവും ഭരണപരവുമായ നേതൃത്വം നൽകുന്നത് സംസ്ഥാന വനവികസന ഏജൻസിയാണ്. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ചെയർമാനായ ഭരണസമിതിയിൽ വിവിധ വകുപ്പ് സെക്രട്ടറിമാർ കുപ്പുതലന്മാർ, കേന്ദ്ര സർക്കാരിന്റെ പ്രതിനിധി, വി.എസ്.എസ്, ഇ.ഡിസി എന്നിവയുടെ പ്രതിനിധികൾ എന്നിവർ അംഗങ്ങളാണ്.

ജൈവവൈവിധ്യ സംരക്ഷണത്തിനായ വനവത്ക്കരണം, വനാശ്രിതരുടെ ജീവനോപാധിക്കായി തടിയേതര വനവിഭാവങ്ങളുടെ ശാസ്ത്രീയമായ ശേഖരണം, മൂല്യവർദ്ധന, വിപണനം എന്നിവയാണ് സംസ്ഥാന വനവികസന ഏജൻസിയുടെ പ്രധാന പ്രവർത്തനങ്ങൾ. കേന്ദ്ര സർക്കാരിന്റെ പുതിയ നിയമമനുസരിച്ച് വി.എസ്.എസ്, ഇ.ഡി.സികൾ വഴി നടപ്പാക്കുന്ന വനവത്ക്കരണത്തിനും വനവിഭവ സംസ്കരണ വിപണനത്തിനുമുള്ള ഫണ്ടുകൾ സംസ്ഥാന വനവികസന ഏജൻസിക്കാണ് നൽകുന്നത്.

വനാശ്രിതരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് ക്രിയാത്മകമായ നേതൃത്വം നൽകാൻ വനവികസന ഏജൻസിക്ക് കഴിയും.

## 56. വനവികസന ഏജൻസി **(Forest Development Agency)** എന്നാൽ എന്ത്?

വനം ഡിവിഷൻ അടിസ്ഥാനത്തിലുള്ള വനസംരക്ഷണ സമിതികളുടെയും /ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികളുടെയും കൂട്ടായ്മയാണ് വനവികസന ഏജൻസി(FDA). വനം ഡിവിഷൻ അടിസ്ഥാനത്തിൽ വനവികസന ഏജൻസികൾ പ്രവർത്തിക്കുന്നു. കൺസർവേറ്റർ ചെയർമാനും, ബന്ധപ്പെട്ട ഡി.എഫ്.ഒ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമാണ. ആ പ്രദേശത്തെ വനസംരക്ഷണ സമിതി/ ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികളെല്ലാം ഇതിൽ അംഗങ്ങളായിരിക്കും. കൂടാതെ ബന്ധപ്പെട്ട വകുപ്പുകളുടെ പ്രതിനിധികളും സ്ഥാനീയ അംഗങ്ങളായി ഉണ്ടാകും. 1860-ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് രജിസ്റ്റർ ചെയ്യപ്പെട്ട സംഘടനകളാണ് എഫ്.ഡി.എ-കൾ

ഫലപ്രദമായ വന സംരക്ഷണത്തിനായി സംയോജിത വനവികസനവും ഗ്രാമീൻ തൊഴിലവസര സൃഷ്ടിയും സംബന്ധിച്ച സമീപനങ്ങൾ ഒറ്റ പരിപാടിയായി കൂട്ടിയിണക്കുക, വനവിഭവശോഷണം നിയന്ത്രിയ്ക്കുന്നതിന് സമൂഹ ഉത്തരവാദിയാക്കുന്നതുവഴി വനവിഭവങ്ങളുടെ ക്രമാതീതമായ ചൂഷണംമൂലമുള്ള വനശോഷണം തടയുക. ആദിവാസികൾക്കും മറ്റു ദുർബല ഗ്രാമീണ ജനതയ്ക്കും തൊഴിൽ സാദ്ധ്യത ഉറപ്പാക്കുക, പ്രകൃതി വിഭവങ്ങളുടെ നിലനില്പുറപ്പാക്കികൊണ്ട് മൊത്തമായ ഗ്രാമീണവികാസം ഉറപ്പാക്കുന്ന രീതിയിൽ മേല്പറഞ്ഞ വിഭാഗത്തിന് സ്ഥായിയായ സമൂഹിക ആസ്തി ഉണ്ടാക്കുക, കേന്ദ്ര വനം പരിസ്ഥിതി വകുപ്പിൽ നിന്നും മറ്റു സ്രോതസ്സുകളിൽ നിന്നും വിവിധ പദ്ധതികൾക്കായുള്ള സഹായം ലഭ്യമാക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുക, മറ്റു വകുപ്പുകളുടെ സഹായം ലഭ്യമാക്കുക, പരിസ്ഥിതിയ്ക്കനുയോജ്യമായ ഗ്രാമവികസനം ആവിഷ്ക്കരിക്കുന്നതിനും നടപ്പാക്കുന്നതിനും മറ്റു വകുപ്പുകളും ഏജൻസികളുമായി സമ്പർക്കം സ്ഥാപിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് എഫ്.ഡി.എ-കൾ പ്രവർത്തിക്കുന്നത്.

നിലവിലുള്ള വനസംരക്ഷണ സമിതികൾ ശക്തിപ്പെടുത്തുക, വനസംരക്ഷണ സമിതികൾ ഇല്ലാത്ത സ്ഥലങ്ങളിൽ അവ രൂപീകരിച്ച് പങ്കാളിത്തവനപരിപാലനം പ്രായോഗികമാക്കുക, ഗ്രാമവികസന പ്രവർത്തനങ്ങൾക്ക് സഹായ സഹകരണം നേടി കൊടുക്കുക, പ്രസ്തുത പ്രവർത്തനങ്ങൾക്ക് വിവിധ ഏജൻസികളിൽ നിന്ന് ധനസഹായം ലഭ്യമാക്കുക എന്നിവയാണ് വനവികസന ഏജൻസികളുടെ പ്രധാന ചുമതലകൾ.

57. ജൈവ വൈവിധ്യ പ്രാധാന്യമുള്ള ഒരു പ്രദേശം സംരക്ഷിക്കുന്നതിന് പൊതുജനങ്ങളെ സഹകരിപ്പിക്കുന്ന ഏതെങ്കിലും പദ്ധതി ഉണ്ടോ?

ഉണ്ട്. വന്യമൃഗ സംരക്ഷണ കേന്ദ്രമോ സംരക്ഷണ റിസർവ്വോ അല്ലാത്ത സ്ഥലങ്ങളിലുള്ള സസ്യജന്തുജാലങ്ങളുടെ കമ്മ്യൂണിറ്റി റിസർവ്വുകൾ സ്ഥാപിക്കാൻ സർക്കാരിന് അധികാരമുണ്ട്. ഉദാഹരണം കടലുണ്ട് കമ്മ്യൂണിറ്റി റിസർവ്വ്.

58. ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി (EDC), വനസംരക്ഷണ സമിതി (VSS)എന്നിവകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്.?

ദേശിയ വനനയപ്രകാരം ജനപങ്കാളിത്തത്തോടെയുള്ള വനസംരക്ഷണത്തിനായി രൂപം കൊടുക്കുന്ന ജനകീയ സമിതികളാണ് ഇ.ഡി.സി, വി.എസ്.എസ് എന്നിവ. വന്യജീവി സങ്കേതങ്ങളിലെ ഇത്തരം ജനകീയ സമിതികൾ ഇക്കോഡെവലപ്പ്മെന്റ് കമ്മിറ്റി

(EDC)എന്നും റിസർവ്വ് വനമേഖലയിലെ ജനകീയ സമിതികൾ വനസംരക്ഷണ സമിതി(VSS)എന്നും അറിയപ്പെടുന്നു.

വനങ്ങളുടെ സംരക്ഷണത്തിനും വനാശ്രിതരുടെ ക്ഷേമത്തിനും മുൻഗണന നൽകുന്ന ഒട്ടനവധി പരിപാടികളാണ് ഈ സ്ഥാപനങ്ങൾ നടപ്പിലാക്കി വരുന്നത്. ഗ്രാമ വികസനം, വന സംരക്ഷണം, സംയോജിത വനവികസനം, ഗ്രാമീണ തൊഴിലവസരങ്ങൾ എന്നിവയെ പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് ഗുണഭോക്തൃ ഗ്രാമങ്ങളിൽ സ്ഥായിയായ സാമൂഹിക ആസ്തികൾ സൃഷ്ടിക്കാൻ പങ്കാളിത്ത വനപരിപാലനം വഴി സാധിച്ചിട്ടുണ്ട്. വനസംരക്ഷണ പരിപാലന പ്രവർത്തനങ്ങൾ വഴി പ്രക്ഷീണ വനങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും, വനത്തെ ആശ്രയിച്ചു ജീവിക്കുന്ന സമൂഹങ്ങൾക്ക് തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിനും സാധിച്ചു. വനപരിപാലന പ്രവർത്തനങ്ങളിൽകൂടി സമിതിക്ക് ലഭിക്കുന്ന തുക ഉപയോഗിച്ച് കുടിവെള്ള പദ്ധതി, അംഗൻവാടി, കമ്മ്യൂണിറ്റിഹാൾ, റോഡുകൾ സഞ്ചാരയോഗ്യമാക്കൽ, പൊതുശുചിത്വ സൗകര്യങ്ങൾ, സ്ഥിരമായി തൊഴിൽ ലഭ്യമാക്കാൻ ഉതകുന്ന ചെറുകിട വ്യവസായങ്ങൾ എന്നിങ്ങനെ വിവിധ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

59. പങ്കാളിത്ത വനപരിപാലന പ്രവർത്തനങ്ങൾ ഏതെല്ലാം വിധത്തിലാണ് ആദിവാസി ക്ഷേമത്തിന് ഉതകുന്നത്?

പ്രത്യേക സാമൂഹ്യ-സാംസ്കാരിക പാരമ്പര്യമുള്ളവരാണ് ഓരോ ആദിവാസി വിഭാഗവും. ഇത്തരം വിഭാഗത്തിന്റെ താല്പര്യങ്ങൾക്ക് യോജിച്ച വിധം അതതുമേഖലയിൽ തയ്യാറാക്കുന്ന സൂക്ഷ്മാസൂത്രണ രേഖയുടെ അടിസ്ഥാനത്തിലാണ് ഓരോ സ്ഥലത്തും പങ്കാളിത്ത വനപരിപാലനം നടപ്പാക്കി വരുന്നത്. മുമ്പൊന്നും ഇല്ലാത്തവിധം അതാതു വനമേഖലയുടെ ഭാഗധേയം നിർണ്ണയിക്കുന്നതിന് ആദിവാസികളെ പ്രാപ്തമാക്കും വിധം 2001-ലെ സർക്കാർ ഉത്തരവ് (സാധാരണ) നം. 40/2001/വനം പ്രകാരം വനപരിപാലനത്തിനുള്ള ഉത്തരവാദിത്വവും അധികാരവും ആദിവാസി വനസംരക്ഷണ സമിതകൾക്ക് നൽകുകയുണ്ടായി. അടിസ്ഥാന സൗകര്യ വികസനം, നേരിട്ടുള്ള തൊഴിൽ ലഭ്യതയിലൂടെയുള്ള വരുമാനം, വിവിധ സർക്കാർ ക്ഷേമ പദ്ധതികളെ അടുത്തറിഞ്ഞ് ഉപയോഗപ്പെടുത്താനുള്ള അവസരം, കൂട്ടായ്മയിലൂടെ ലഭിക്കുന്ന സാമൂഹ്യവീക്ഷണം, പരമ്പരാഗത അറിവുകളെ വനം-പരിസ്ഥിതിശാസ്ത്ര വിജ്ഞാനവുമായി ബന്ധിപ്പിക്കുന്നതിനുള്ള അവസരം, ഇവയെല്ലാം വഴി പങ്കാളിത്ത വനപരിപാലനപ്രവർത്തനം ആദിവാസി ക്ഷേമത്തിന് സമഗ്ര സഹായമാണ് നൽകുന്നത്.

60. വനത്തിനു പുറത്തുള്ള അനുയോജ്യമായ പ്രദേശങ്ങളിൽ പങ്കാളിത്തരീതിയിൽ വനപരിപാലനം സാദ്ധ്യമാണോ ?

സാദ്ധ്യമാണ്. വനത്തിനുപുറത്തുള്ള പ്രദേശങ്ങളിൽ ഗ്രാമഹരിത സംഘങ്ങൾ മുഖേന പങ്കാളിത്ത ആവാസവ്യവസ്ഥാപരിപാലനം (Participatory Habitat Management) നടപ്പിലാക്കുന്നതിന് G.O(MS)32/06F&WLD) നമ്പരായി 30/09/2006-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് പൊതുഉടമസ്ഥതയിലുള്ള പാരിസ്ഥിതിക ദുർബല പ്രദേശങ്ങൾ (കടൽത്തീരം, തണ്ണീർ തടങ്ങൾ, ഉൾനാടൻ ജലസ്രോതസ്സുകൾ തുടങ്ങിയവ) ജൈവ വൈവിദ്ധ്യ പ്രാധാന്യമുള്ള പ്രദേശങ്ങൾ, കാവുകൾ,പക്ഷികളുടെ ആവാസകേന്ദ്രങ്ങൾ തുടങ്ങിയവ), പൊതു-സ്വകാര്യ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമി, സർക്കാർ വകുപ്പുകളുടെ കൈവശമുള്ള പൊതുസ്ഥലങ്ങൾ, സ്വകാര്യ വ്യക്തികളുടെയും കമ്പനികളുടെയും കൈവശമുള്ളതോ, പാട്ടത്തിനെടുത്തതോ ആയ തോട്ടങ്ങൾ, പറമ്പുകൾ തുടങ്ങിയ അനുയോജ്യമായ സ്ഥലങ്ങൾ ഇതിനായി തെരഞ്ഞെടുക്കാവുന്നതാണ്.

61. ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി എന്താണ്?ഉദ്ദേശലക്ഷ്യങ്ങൾ ഏതെല്ലാം?

കാലാവസ്ഥാ വ്യതിയാനത്തെ സംബന്ധിച്ച് ഭാരതസർക്കാർ നടപ്പാക്കുന്ന ദേശീയ കർമ്മ പദ്ധതിയുടെ ഭാഗമാണ് ഗ്രീൻ ഇന്ത്യ മിഷൻ. രാജ്യത്തെ വനം ഉൾപ്പെടെയുള്ള പ്രകൃതി സമ്പത്തിന് കാതലായ വ്യതിയാനം വരുത്തുന്ന, സർവ്വോപരി ജനജീവിതത്തെ സാരമായി ബാധിക്കുമെന്ന തിരിച്ചറിവിലാണ് ഗ്രീൻ ഇന്ത്യാ മിഷന്റെ ഉദയം. രാജ്യത്തെ വന സമ്പത്തും വിസ്തീർണ്ണവും വർദ്ധപ്പിക്കുക, പരിസ്ഥിതി സംരക്ഷിക്കുക, സാമൂഹ്യവനവത്ക്കരണ/അഗ്രോ ഫോറസ്ട്രി പ്രവർത്തനം വിപുലീകരിക്കുക, തണ്ണീർത്തടങ്ങൾ സംരക്ഷിക്കുക എന്നിവയാണ് ഈ പദ്ധിതയിലൂടെ ലക്ഷ്യമിടുന്നത്. കാവുസംരക്ഷണം, ജലസ്രോതസ്സുകളുടെ പരിപോഷണം, പ്രകൃതിജന്യ ഇന്ധന ഉപയോഗം പ്രോത്സാഹിപ്പിക്കുക എന്നിവയും ഈ പദ്ധതിയുടെ ഭാഗമാണ്. പങ്കാളിത്ത വനപരിപാലന സ്ഥാപനങ്ങളായ വനസംരക്ഷണ സമിതികൾ/ ഇക്കോഡെവലപ്മെന്റ് കമ്മിറ്റികൾ മുഖേനയാണ് ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി നടപ്പിലാക്കുന്നത്.

## <u>സാമൂഹ്യ വനവത്ക്കരണം</u>

62. വീട്ടുവളപ്പിൽ നടുന്നതിന് വൃക്ഷതൈകൾ എവിടെ നിന്നും ലഭിക്കും?

എല്ലാ ജില്ലയിലും പ്രവർത്തിക്കുന്ന സാമൂഹ്യ വനവത്ക്കരണ വിഭാഗം ഓഫീസുകളിൽ നിന്നും ആഞ്ഞിലി, വേപ്പ് അശോകം ബദാം, കണിക്കൊന്ന, കൂവളം, കുടംപുളി, കമ്പിൾ, മഹാഗണി, മാവ്, നെല്ലി,ഞാവൽ, പതിമുഖം, പ്ലാവ്, പുളി, സപ്പോട്ട,

തേക്ക്, താന്നി, തേമ്പാവ്, വേങ്ങ തുടങ്ങിയ വൃക്ഷതൈകൾ പൊതുജനങ്ങൾക്ക് 2/- രൂപാ നിരക്കിലും, യുവജന സംഘടനകൾ, മതസംഘടനകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവക്ക് 50 പൈസ നിരക്കിലും കാലവർഷാരംഭത്തോടെ ലഭിക്കുന്നതാണ്. വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് സൗജന്യമായി തൈകൾ സ്കൂളുകൾ വഴി വിതരണം ചെയ്തു വരുന്നുണ്ട്. സാമൂഹ്യവനവത്ക്കരണ വിഭാഗത്തിലെ ജില്ലാ ഓഫീസുകളുടെ മേൽ വിലാസം താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1. | അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ,<br>സാമൂഹ്യവനവത്ക്കരണ വിഭാഗം,<br>രാജീവ് ഗാന്ധി നഗർ, വട്ടിയൂർക്കാവ്.പി.ഒ<br>തിരുവനന്തപുരം, പിൻ-695 013.<br>ഫോൺ: 0471-2360462 | 8 | അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ,<br>സാമൂഹ്യവനവത്ക്കരണ വിഭാഗം പാലസ് റോഡ്, ചെമ്പുക്കാവ്, തൃശ്ശൂർ പിൻ-680 020<br>ഫോൺ: 0487 0 2320609. |
| 2. | അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ,<br>സാമൂഹ്യവനവത്ക്കരണ വിഭാഗം,<br>വനശ്രീ കോംപ്ലക്സ്, ചിന്നക്കട, കൊല്ലം<br>പിൻ: 691 001, ഫോൺ: 0474 -2748976 | 9 | അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ,<br>സാമൂഹ്യവനവത്ക്കരണ വിഭാഗം,<br>അരണ്യഭവൻ, ഒലവക്കോട്.പി.ഒ, പാലക്കാട്<br>പിൻ-678 002, ഫോൺ-0491-2555521 |
| 3. | അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ,<br>സാമൂഹ്യവനവത്ക്കരണ വിഭാഗം<br>ഹരിതാ കോംപ്ലക്സ്, എലിയറക്കൽ<br>കോന്നി.പി.ഒ, പത്തനംതിട്ട, പിൻ: 689 682 | 10 | അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ,<br>സാമൂഹ്യവനവത്ക്കരണ വിഭാഗം<br>II$^{nd}$ ഫ്ളോർ, ന്യൂബ്ലോക്ക്, സിവിൽ സ്റ്റേഷൻ<br>മലപ്പുറം, പിൻ-676505, ഫോൺ 0483-2734803 |

| | | | |
|---|---|---|---|
| | ഫോൺ: 0468-2243452 | | |
| 4. | അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ,<br><br>സാമൂഹ്യവനവത്ക്കരണ വിഭാഗം<br><br>അരണ്യഭവൻ, എസ്.എച്ച് മൗണ്ട് പി.ഒ,<br><br>കോട്ടയം പിൻ: 686 006, ഫോൺ: 0481-2310412 | 11 | അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ,<br><br>സാമൂഹ്യവനവത്ക്കരണ വിഭാഗം, വനശ്രീ,<br><br>മാത്തോട്ടം, അരക്കിണർ.പിഒ, കോഴിക്കോട്<br><br>പിൻ:673028 ഫോൺ:0495-2416900 |
| 5. | അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ,<br><br>സാമൂഹ്യവനവത്ക്കരണ വിഭാഗം,<br><br>കൊമ്മാടി ജംഗ്ഷൻ, ആലപ്പുഴ നോർത്ത്.പി.ഒ<br><br>പിൻ: 688 007 ഫോൺ : 0477-2246034 | 12 | അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ,<br><br>സാമൂഹ്യവനവത്ക്കരണ വിഭാഗം,<br><br>പിണങ്ങോട് റോഡ്, കൽപ്പറ്റ, വയനാട്,<br><br>പിൻ: 673 121 ഫോൺ: 04936-202623 |
| 6. | അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ,<br><br>സാമൂഹ്യവനവത്ക്കരണ വിഭാഗം<br><br>സഹ്യ സാനു, വെള്ളാപ്പാറ, പൈനാവ്.പി.ഒ, ഇടുക്കി, പിൻ : 685 603, ഫോൺ: 04862-232505 | 13 | അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ,<br><br>സാമൂഹ്യവനവത്ക്കരണ വിഭാഗം,<br><br>കണ്ണോത്തുംചാൽ, ടാണ പി.ഒ, കണ്ണൂർ,<br><br>പിൻ: 670012 ഫോൺ : 0497-2705105. |

| | | | |
|---|---|---|---|
| 7. | അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ,<br><br>സാമൂഹ്യവനവത്ക്കരണ വിഭാഗം<br><br>മണഇമല റോഡ്, ഇടപ്പള്ളി.പി.ഒ, കൊച്ചി, എറണാകുളം പിൻ: 682 024,<br><br>ഫോൺ : 0484-2344761 | 14 | അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ,<br><br>സാമൂഹ്യവനവത്ക്കരണ വിഭാഗം, വിദ്യാനഗർ<br><br>പി.ഒ, കാസർഗോഡ്, പിൻ: 670 123<br><br>ഫോൺ: 04994- 255234 |

63. വൃക്ഷവത്ക്കരണ/പരിസ്ഥിതി സംരക്ഷണ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് വനം വകുപ്പ് എന്തെങ്കിലും പ്രോത്സാഹനം നൽകുന്നുണ്ടോ?

ജൈവവൈവിധ്യ സംരക്ഷണ രംഗത്തെ അനുകരണീയ പ്രവർത്തനങ്ങൾക്ക് വന വന്യജീവി വകുപ്പ് ജില്ലാ അടിസ്ഥാനത്തിൽ വനമിത്ര അവാർഡ് നൽകിവരുന്നു. കണ്ടൽക്കാടുകൾ, കാവുകൾ,ഔഷധസസ്യങ്ങൾ, കാഷിക ജൈവവൈവിധ്യം മുതലായവ പരിരക്ഷിക്കുന്ന വ്യക്തികൾ/ വിദ്യാഭ്യാസ സ്ഥാപനങ്ങൾ/ സന്നദ്ധസംഘടനകൾ/ കർഷകർ എന്നിവർ സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർക്ക് അപേക്ഷ നൽകാവുന്നതാണ്.

64. കാവുകൾക്കായുള്ള ധനസഹായത്തിന് എവിടെ അപേക്ഷിക്കണം?

കാവുകളെ സംരക്ഷിച്ച് പരിപാലിക്കുന്നതിന്, സാമ്പത്തിക സഹായം ലഭിക്കുന്നതിനായി സാമൂഹ്യവനവത്ക്കരണ വിഭാഗം പ്രോത്സാഹനം നൽകുന്നുണ്ട്. കാവുകളുടെ ഉടമസ്ഥതയിലുള്ള വ്യക്തികൾ/ട്രസ്റ്റുകൾ എന്നിവർ അപേക്ഷ അതാതു ജില്ലാ സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർക്ക് സമർപ്പിക്കാവുന്നതാണ്.

65. സ്വകാര്യഭൂമിയിൽ മരങ്ങൾ നട്ടുവളർത്തുന്നതിന് പ്രോൽസാഹന സഹായം ഉണ്ടോ?

ഉണ്ട് GO(Rt) No.99/2012 (F&WLD) തീയതി 17/02/2012, GO(Rt) No.486/2012 (FA&WLD) തീയതി 22/09/2012 എന്നീ സർക്കാർ ഉത്തരവകൾ പ്രകാരം

വനം വകുപ്പിന്റെ സാമൂഹ്യവനവത്ക്കരണ വിഭാഗം, സ്വകാര്യഭൂമിയിൽ വൃക്ഷങ്ങൾ നട്ടുവളർത്തുന്ന കർഷകർക്ക് പ്രോത്സാഹന ധനസഹായം നൽകാറുണ്ട്.

ആഗോളതാപനവും കാലാവസ്ഥവ്യതിയാനവും പോലുള്ള പ്രകൃതി ദുരന്തങ്ങൾ ഭൂമിക്കുതന്നെ ഭീഷണിയാകുന്ന ഈ കാലഘട്ടത്തിൽ ഭൂമിയുടെ പച്ചപ്പ് ഉയർത്തുന്നതിനായി കൂടുതൽ വൃക്ഷതൈകൾ നട്ടുവളർത്തുകയാണ് പദ്ധതി ലക്ഷ്യമിടുന്നത്. തടി ഉൽപ്പാദനത്തിൽ സംസ്ഥാനത്തെ സ്വയം പര്യാപ്തമാക്കുക, വീട്ടുവിളകൾക്കൊപ്പം വൃക്ഷത്തൈകൾ കൂടി നട്ടുവളർത്തി കാർഷികോല്പാദനം ഉയർത്തുകയും അതോടൊപ്പം കാർഷികോല്പന്നങ്ങളുടെ വിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകളെ നിയന്ത്രിക്കുന്നതിനും ഇതിലൂടെ ലക്ഷമിടുന്നു.

തേക്ക്, ചന്ദനം,മഹാഗണി, ആഞ്ഞിലി, പ്ലാവ്, ഈട്ടി, കമ്പകം, കുമ്പിൾ, കുന്നിവാക, തേമ്പാവ് തുടങ്ങിയ മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിനാണ് ധനസഹായം നൽകുന്നത്. വ്യക്തിഗത കർഷകർ, വി.എസ്.എസ്, ഇ.ഡി.സി കുടുംബശ്രീ യൂണിറ്റുകൾ, സ്വയം സഹായസംഘങ്ങൾ, കാർഷിക സഹകരണ സ്ഥാപനങ്ങൾ, സർക്കാരിതര സന്നദ്ധ സംഘടനകൾ എന്നിവർക്ക് ഇതിൽ ഭാഗഭാക്കുകളാകാം.

കുറഞ്ഞത് 50 വൃക്ഷത്തൈകൾ എങ്കിലും നട്ടുപിടിപ്പിച്ചാൽ മാത്രമേ പദ്ധതി പ്രകാരം ധനസഹായത്തിന് അർഹതയുണ്ടാകൂ. 50 മുതൽ 200 വരെ വൃക്ഷത്തൈകൾ നടുന്നവർക്ക് ഓരോ വൃക്ഷത്തിനും 50 രൂപ നിരക്കിലും, 201 മുതൽ 400 വരെ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നവർക്ക് ഓരോ വൃക്ഷത്തിനും 40 രൂപാ നിരക്കിൽ പരമാവധി പതിനായിരം രൂപാവരേയും, 401 മുതൽ 625 വരെ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നവർക്ക് ഓരോന്നിനും 30 രൂപ നിരക്കിൽ പരമാവധി 16000/- രൂപാ വരെയുമാണ് ധനസഹായം ലഭ്യമാക്കുക

ഈ പദ്ധതിയിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന കർഷകർക്ക് ക്യാഷ് അവാർഡുകളും വിഭാവനം ചെയ്തിട്ടുണ്ട്.

കൂടുതൽ വിവരങ്ങൾക്ക് അതാതു ജില്ലകളിലെ സാമൂഹ്യ വനവത്ക്കരണ വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാരെ സമീപിക്കേണ്ടതാണ്.

66. സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാസ്ഥാപനങ്ങളിലും, മറ്റ് പൊതുസ്ഥല ങ്ങളിലും, അപകടകരവും, വികസനപ്രവർത്തനങ്ങൾക്ക് തീർത്തും തടസ്സമാകുകയും, ചെയ്യുന്ന മരങ്ങൾ മുറിക്കുന്നതിന് എന്തു ചെയ്യണം?

GO(Rt)No.68/2010 (F&WLD) തീയതി 10/02/2010, GO(Rt) No.172/2010 (FA&WLD)തീയതി 24/02/2010 ഉത്തരവുകൾപ്രകാരം സർക്കാർ, അർദ്ധസർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങൾ മറ്റുപൊതുസ്ഥലങ്ങളിൽ നിൽക്കുന്ന മരങ്ങൾ ജീവനും സ്വത്തിനും ഭീഷണയാകുമ്പോഴും, വികസന പ്രവർത്തനങ്ങൾക്ക് തീർത്തും തടസ്സമാകുമ്പോഴും മുറിച്ച് നീക്കം ചെയ്യുന്നതിനായി അതാതു പ്രദേശങ്ങളിലെ നഗരസഭാ മേയർ/ മുനിസിപ്പൽ ചെയർമാൻ/ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എന്നിവരുടെ അദ്ധ്യക്ഷതയിലുള്ള ട്രീ കമ്മിറ്റികളിൽ പരിശോധനാനന്തരം അനുമതി ലഭിക്കുന്നതിനായി മരങ്ങൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ ട്രീ കമ്മിറ്റി കസ്റ്റോഡിയനായ അതാതു ജില്ലാ സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർക്ക് അപേക്ഷ സമർപ്പിക്കുകയും, തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## <u>വന വിജ്ഞാന വ്യാപനം</u>

67. ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ (Forestry Information Bureau)യുടെ സേവനങ്ങൾ ഏന്തൊക്കെ?

കേരള വനം വകുപ്പിന്റെ പൊതുജനസമ്പർക്ക വിഭാഗവും വനവിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതും ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോയാണ്.

<u>സേവനങ്ങൾ</u>

- വനവിജ്ഞാപന വ്യാപന പ്രചരണത്തിനുള്ള ബോധവൽക്കരണ പരിപാടികൾ
- വിദ്യാലയങ്ങളിൽ ഫോറസ്ട്രി ക്ലബ്ബുകളുടെ രൂപീകരണം
- വിനവിജ്ഞാനം സംബന്ധിച്ച 'അരണ്യം' അടക്കമുള്ള വിവിധതരം പ്രസിദ്ധീകരണങ്ങൾ.
- എക്സിബിഷനുകളുടെ നടത്തിപ്പ്.

ബന്ധപ്പെടേണ്ട ഫോൺ നമ്പർ

പബ്ലിക് റിലേഷൻസ് ഓഫീസർ - 0471 -2320155, 2529143.

വിലാസം

പബ്ലിക് റിലേഷൻസ് ഓഫീസർ

ഫോറസ്റ്റി ഇൻഫർമേഷൻ ബ്യൂറോ

ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്

വഴുതക്കാട്, തിരുവനന്തപുരം – 695 014

E-mail : fibnews@gmail.com


68. ഗ്രീൻ പാസ്പോർട്ട് എന്താണ്? ലഭിക്കാനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം?

വനം – പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളുമായി സഹകരിക്കുന്ന പൊതു സമൂഹത്തിനുള്ള അംഗീകരവും സാക്ഷ്യപത്രവുമാണ് ഗ്രീൻ പാസ്പോർട്ട്. ഇതിന്റെ ആദ്യഘട്ടം തേക്കടിയിലെ പെരിയാർ ടൈഗർ റിസർവ്വിൽ നടപ്പിലാക്കി. പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും അവബോധം നൽകുന്നതിനും പൊതു സമൂഹത്തിന്റെ പരിപൂർണ്ണ പങ്കാളിത്തം ഉറപ്പാക്കാനും ഉദ്ദേശിച്ചാണ് സംസ്ഥാന വ്യാപകമായി ഇത് നടപ്പാക്കാൻ തീരുമാനിച്ചത്. ഒരോ വന മേഖലകൾ സന്ദർശിക്കുമ്പോഴും, അതാതു വനം ഡിവിഷനുകൾ രൂപകൽപ്പന ചെയ്ത മുദ്ര ഗ്രീൻ പാസ്പോർട്ടിൽ പതിക്കാവുന്നതാണ്. ഈ ബന്ധത്തിലൂടെ വനം വകുപ്പും പരിസ്ഥിതി സംരക്ഷകരുമായുള്ള വിശ്വാസം ഊട്ടി ഉറപ്പിക്കുന്നു. ഈ ആശയത്തിന്റെ പുതുമയും പ്രയോജനവും കണക്കിലെടുത്ത് വനം വകുപ്പിന്റെ എല്ലാ ടെറിട്ടോറിയൽ ഡിവിഷനുകളിലും, വന്യമൃഗസങ്കേതങ്ങളിലും ഉപകാരപ്രദമായ രീതിയിൽ നടപ്പാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

ഗ്രീൻ പാസ്പോർട്ട് ലഭിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

1. ഗ്രീൻ പാസ്പോർട്ട് എല്ലാ ടെറിട്ടോറിയൽ/വൈൽഡ് ലൈഫ് ഡിവിഷനുകളിലും ലഭിക്കുന്നതാണ്.

2. ഒരു വ്യക്തി താമസിക്കുന്ന സ്ഥലത്തിന് ഏറ്റവും അടുത്തുള്ള ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിലോ/വന്യജീവി സങ്കേതം വൈൽഡ് ലൈഫ് വാർഡന്റെ ഓഫീസിലോ അപേക്ഷിക്കാവുന്നതാണ്.

3. ഓരോ അപേക്ഷകനും 100 രൂപ ഫീസ് അടച്ച് നിശ്ചിത അപേക്ഷാ ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. വിദ്യാർത്ഥികൾക്കുള്ള ഫീസ് നിരക്ക് 50 രൂപയാണ്.

4. ഒരോ അപേക്ഷയ്ക്കൊപ്പവും അപേക്ഷകൻ വനകുറ്റകൃത്യങ്ങളിലൊന്നും ഉൾപ്പെട്ടിട്ടില്ല എന്നുള്ള സാക്ഷ്യപത്രം അപേക്ഷകന്റെ വാസസ്ഥലത്തിന് സമീപത്തുള്ള റെയിഞ്ച് ഫോറസ്റ്റ് ഓഫീസിൽ നിന്നും വാങ്ങി സമർപ്പിക്കേണ്ടതാണ്. സാക്ഷ്യപത്രം അനുവദിച്ച നൽകുന്ന ഓഫീസിൽ നിന്നും ഗ്രീൻ പാസ്പോർട്ടിന്റെ നമ്പരും, ടി ഡിവിഷന്റെ കോഡ് സൂചിപ്പിക്കുന്ന നമ്പരും രേഖപ്പെടുത്തി നൽകണം.

5. അപേക്ഷ നിരസിക്കുകയാണെങ്കിൽ ആയതിനുള്ള കാരണം, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/ വൈൽഡ് ലൈഫ് വാർഡൻ അപേക്ഷകനെ രേഖാമൂലം 15 ദിവസത്തിനകം അറിയിച്ചിരിക്കേണ്ടതാണ്.

6. ഗ്രീൻ പാസ്പോർട്ട് കൈവശമുള്ള ഒരാൾ ഓരോ വന ഡിവിഷനുകളിലും, വന്യമൃഗസങ്കേതങ്ങളിലും സന്ദർശനാനുമതിയുള്ള സ്ഥലങ്ങളിലെ പ്രവേശന കവാടത്തിൽ പാസ്പോർട്ട് കാണിക്കേണ്ടതും അതാതു പ്രദേശത്തിനുള്ളിൽ തയ്യാറാക്കിയ സീലുകൾ തീയതി സഹിതം റെയിഞ്ച് ഓഫീസറുടെ റാങ്കിൽ കുറയാത്ത ബന്ധപ്പെട്ട ഫോറസ്റ്റ് ഓഫീസർ പാസ്പോർട്ടിൽ രേഖപ്പെടുത്തി നൽകേണ്ടതാണ്.

7. ഗ്രീൻ പാസ്പോർട്ടുമായി എത്തുന്നവരുടെ രജിസ്റ്റർ പ്രവേശന കവാടത്തിൽ വനം വകുപ്പ് ഉദ്യോഗസ്ഥർ സൂക്ഷിക്കേണ്ടതാണ്.

8. ഒരോ ഗ്രീൻ പാസ്പോർട്ടിനും ഡിവിഷൻ തലത്തിൽ പ്രത്യേക നമ്പരുകളും ഡിവിഷൻ കോഡും ഉണ്ടായിരിക്കും.

9. സന്ദർശനവേളയിൽ ഗ്രീൻ പാസ്പോർട്ട് കൈവശമുള്ള വ്യക്തി വന വന്യമൃഗ സംരക്ഷണത്തിനായി സന്നദ്ധസേവനം നടത്തുന്നുണ്ടെങ്കിൽ ആ വിവരവും ഗ്രീൻ പാസ്പോർട്ടിൽ രേഖപ്പെടുത്തേണ്ടതാണ്. ഉദാഹരണമായി പ്ലാസ്റ്റിക് നിർമ്മാർജ്ജനം, കാട്ടുതീ കെടുത്തൽ, വന്യമൃഗങ്ങൾക്ക് വെള്ളം ലഭ്യമാക്കുന്ന കുളങ്ങൾ കുഴിക്കുക തുടങ്ങിയവ. കൂടാതെ പങ്കെടുക്കുന്ന പ്രകൃതി പഠനക്യാമ്പുകൾ മറ്റു പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങൾ തുടങ്ങിയവയും ഗ്രീൻ പാസ്പോർട്ടിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ രേഖപ്പെടുത്തി സീൽ ചെയ്തു നൽകേണ്ടതാണ്.

10. ഗ്രീൻ പാസ്പോർട്ട് കൈവശമുള്ള ഒരാൾക്ക് മറ്റാനുകൂല്യങ്ങളൊന്നും ഇപ്പോൾ വിഭാവനം ചെയ്യുന്നില്ല.

69. ഫോറസ്ട്രി ക്ലബുകൾ രൂപീകരിക്കുന്നത് എങ്ങനെ?

വിദ്യാഭ്യാസ സ്ഥാപനത്തിന്റെ (സ്കൂൾ) പ്രിൻസിപ്പാൾ അല്ലെങ്കിൽ ഹെഡ് മാസ്റ്റർ രക്ഷാധികാരിയും ഒന്നോ രണ്ടോ അദ്ധ്യാപകർ സ്റ്റാഫ് ഗൈഡുകളും സേവന മനോഭാവമുള്ള മുപ്പതോ നാൽപ്പതോ വിദ്യാർത്ഥികൾ അംഗങ്ങളുമായാണ് വിദ്യാലയങ്ങളിൽ ഫോറസ്ട്രി ക്ലബ് രൂപീകരിക്കേണ്ടത്. ക്ലബ് രൂപീകരിച്ചു കഴിഞ്ഞാൽ അത് രജിസ്റ്റർ ചെയ്തു കിട്ടുന്നതിനായി നിർദ്ദിഷ്ട ഫോറത്തിൽ പബ്ലിക് റിലേഷൻസ് ഓഫീസർ, ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ, വഴുതക്കാട്, തിരുവനന്തപുരം-14 എന്ന മേൽ വിലാസത്തിൽ അപേക്ഷ സമർപ്പിക്കണം. അപേക്ഷാ ഫീസില്ല. വനം പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥി ശക്തി പ്രയോജനപ്പെടുത്താനും അതുവഴി സുസ്ഥിര വികസനത്തിന്റെ മാർഗ്ഗങ്ങൾ വരും തലമുറയിലേയ്ക്ക് പകർന്നു നൽകുന്ന തരത്തിലായിരിക്കണം ക്ലബിന്റെ പ്രവർത്തനം. ഇതിന് വനം വകുപ്പിന്റെ സാങ്കേതിക സഹായം ലഭിക്കും. ക്ലബ് പ്രവർത്തനങ്ങളിൽ പൂർണ്ണമായി ഏർപ്പെടേണ്ടി വരുമ്പോൾ സ്കൂൾ അദ്ധ്യാപകർക്ക് പ്രത്യേക അവധി അനുവദിക്കാൻ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ ഉത്തരവുണ്ട്.

70. ഫോറസ്റ്റ് സെൻട്രൽ ലൈബ്രറിയുടെ പ്രവർത്തനം എങ്ങിനെയാണ്?

വനം വകുപ്പ് ആസ്ഥാനത്തുള്ള ഫോറസ്റ്റ് സെൻട്രൽ ലൈബ്രറിയിൽ ഫോറസ്ട്രി വിഷയങ്ങളിലുള്ള വിവിധ പുസ്തകങ്ങൾക്കു പുറമേ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ജനറൽ ബുക്കുകൾ, കുട്ടികൾക്കുവേണ്ടയുള്ള പുസ്തകങ്ങൾ എന്നിവയും ലഭ്യമാണ്. കൂടാതെ

ഗവേഷണ വിദ്യാർത്ഥികൾക്ക് റഫറൻസിനുള്ള സൗകര്യവും ഇവിടെ ലഭിക്കും. വനശാസ്ത്ര സംബന്ധമായ പുസ്തകങ്ങൾക്കു പുറമേ, ജന്തുശാസ്ത്രം, സസ്യശാസ്ത്രം പരിസ്ഥിതി സംബന്ധമായ വിഷയങ്ങളിലുള്ള പുസ്തകങ്ങളും ലഭ്യമാണ്. രാവിലെ 10 മണിമുതൽ വൈകുന്നേരം 5 മണിവരെയാണ് ലൈബ്രറിയുടെ പ്രവർത്തനസമയം. ആകെ 23216 പുസ്തകങ്ങൾ ലൈബ്രറിയിൽ നിലവിലുണ്ട്. വിശദവിവരങ്ങൾക്ക് താഴെപ്പറയുന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക നമ്പർ - 0471 – 2529368.

<u>വനസംരക്ഷണത്തിന് നിയമത്തിന്റെ പിന്തുണ</u>

വനം വന്യജീവി സംരക്ഷണത്തിനായുള്ള പ്രധാനപ്പെട്ട നിയമങ്ങളിലെയും ചട്ടങ്ങളിലെയും ചില വകുപ്പുകൾ ചുവടെ ചേർക്കുന്നു. അവയ്ക്ക് വിരുദ്ധമായി പ്രവർത്തിച്ചാൽ താഴെപ്പറയും പ്രകാരമുല്ള നടപടികൾക്ക് വിധേയമാകേണ്ടിവരും.

| കുറ്റകൃത്യം | | ശിക്ഷ |
|---|---|---|
| 1 | കാടിന് തീ വയ്ക്കുക, തീപിടിക്കുന്ന വസ്തുക്കൾ കാട്ടിലുപേക്ഷിക്കുക. അനധികൃതമായി റിസർവ്വിൽ നിന്നും കടത്തികൊണ്ടുവന്ന വനവിഭവം അറിഞ്ഞു കൊണ്ട് സ്വീകരിക്കുകയോ കൈവശം വയ്ക്കുകയോ ചെയ്യുക. | നാശനഷ്ടത്തിനുള്ള നഷ്ടപരിഹാര തുക ഈടാക്കുന്നതിനുപുറമേ ഒരു വർഷത്തിൽ കുറയാതെ അഞ്ചു വർഷം വരെ തടവുശിക്ഷയും 1000 രൂപയിൽ കുറയാതെ 5000 രൂപവരെ പിഴയും (1000 രൂപയിൽ താഴെ സർക്കാരിന് നഷ്ടം വരുന്നതും ഗൗരവസ്വഭാവമില്ലാത്തതുമായ കുറ്റം വകുപ്പുതലത്തിൽ തീർപ്പാക്കാൻ കഴിയും). |
| 2 | റിസർവ്വ് വനത്തിൽ നിൽക്കുന്നതോ വീണു കിടക്കുന്നതോ ആയ മരങ്ങൾ നശിപ്പിക്കുക/ വെട്ടികടത്തുക/കടത്താൻ ശ്രമിക്കുന്നതുവഴി കാടിന് നാശനഷ്ടമുണ്ടാക്കുക/ കൃഷിചെയ്യുക/ കൃഷിക്കായി തെളിക്കുക/കന്നുകാലിയെ തീറ്റുക /അനധികൃതമായി | - Do - |

| | | |
|---|---|---|
| | പ്രവേശിക്കുകയോ മണലടക്കമുള്ള വനവിഭവങ്ങൾ കടത്തുകയോ ചെയ്യുക. | |
| 3 | തടിയിലോ നിൽപ്പുമരങ്ങളിലോ വ്യാജമായി സർക്കാർ മുദ്ര പതിപ്പിക്കുന്നതും അതിർത്തിക്കല്ലുകൾ നീക്കുന്നതും, നശിപ്പിക്കുന്നതും, വികൃതമാക്കുന്നതും. | രണ്ട് വർഷം വരെ തടവോ, 1000 രൂപാവരെ പിഴയോ രണ്ടും ചേർന്ന ശിക്ഷയോ അനുഭവിക്കണം.(ഈ കുറ്റം നഷ്ട പരിഹാരം വാങ്ങി വകുപ്പ് തലത്തിൽ തീർപ്പാക്കാൻ കഴിയില്ല). |
| 4 | സർക്കാർ ഉടമസ്ഥതയിലുള്ള തടിയോ, വിറകോ, കരിയോ, ആനക്കൊമ്പോ അനധികൃതമായി കടത്തികൊണ്ടു പോകുക. | കുറ്റകൃത്യത്തിന് ഉപയോഗിച്ച ഉപകര ണങ്ങളും വാഹനങ്ങളും കണ്ടു കെട്ടുന്നതും ഒപ്പം കേരള വന നിയമം നിഷ്കർഷിക്കുന്ന ശിക്ഷ അനുഭവിക്ക കയും വേണം. |
| 5 | 1972-ലെ വന്യജീവി സംരക്ഷണ നിയമം സെക്ഷൻ2 (16)-ലെ പട്ടിക ഒന്നിലും പട്ടിക രണ്ടിലെ ഭാഗം രണ്ടിലും ഉൾപ്പെടുത്തി യിരിക്കുന്ന വന്യജന്തുക്കളെ വെട്ടയാടുകയോ അവയുടെ ശരീരഭാഗങ്ങളുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ ചെയ്യുക, വന്യജീവി സങ്കേതത്തിലോ ദേശീയോദ്യാനത്തിലോ കടന്ന് വേട്ടയാടുക വന്യജീവി സങ്കേത ത്തിന്റയോ ദേശിയോദ്യാനത്തിന്റെയോ അതിരുകൾ വ്യത്യാസപ്പെടുത്തുക. | മൂന്ന് വർഷം മുതൽ ഏഴ് വർഷം വരെയുള്ള തടവും ഒപ്പം പതിനായിരം രൂപയിൽ കുറയാത്ത പിഴയും. കുറ്റം ആവർത്തിച്ചാൽ മേൽപ്പറഞ്ഞ തടവും ശിക്ഷ യ്ക്കൊപ്പം കുറഞ്ഞത് 25,000 രൂപ പിഴ ഒടുക്കണം. |
| 6 | കാഴ്ചബംഗ്ലാവിൽ മൃഗങ്ങളെ സംരക്ഷിക്കുന്ന സ്ഥലം മലിനപ്പെടുത്തുക, മൃഗങ്ങളെ പീഢിപ്പിക്കുക, ദേഹോപദ്രവം ചെയ്യുക, ശല്യപ്പെടുത്തുക, ശബ്ദം ഉണ്ടാക്കി സ്വൈരം കെടുത്തുക തുടങ്ങിയ പ്രവൃത്തികൾ. | ആറ് മാസംവരെ തടവ് ശിക്ഷയോ 2000 രൂപവരെ പിഴയോ രണ്ടും കൂടിയോ അനുഭവിക്കണം. കുറ്റം ആവർത്തിച്ചാൽ ഒരു വർഷം വരെയുള്ള തടവോ 5000/-രൂപ വരെയുള്ള പിഴ ശിക്ഷയോ രണ്ടും ചേർന്ന ശിക്ഷയോ അനുഭവിക്കണം. |

| | | |
|---|---|---|
| 7 | 1972-ലെ വന്യജീവി സംരക്ഷണ നിയമത്തിന്റെ അദ്ധ്യായം VA-യിൽ പരാമർശിക്കുന്ന പട്ടിക ഒന്നിലും പട്ടിക രണ്ടിന്റെ രണ്ടാം ഭാഗത്തും ഉൾപ്പെടുന്ന വന്യമൃഗങ്ങളുടെ സ്റ്റാഫ് ചെയ്ത ട്രോഫികൾ, നഖം, തോൽ, ഇറച്ചി, മറ്റ് ശരീരഭാഗങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ | മൂന്നുവർഷം മുതൽ എഴ് വർഷം വരെ തടവുശിക്ഷയും, പതിനായിരം രൂപയിൽ കുറയാത്ത പിഴയും. |
| 8 | ടൈഗർ റിസർവ്വിൽ വേട്ടയാടുക, ടൈഗർ റിസവ്വിന്റെ അതിർത്തി മാറ്റുക എന്നിവയുമായി ബന്ധപ്പെട്ട കുറ്റം. | മൂന്നുവർഷത്തിൽ കുറയാതെ എഴുവർഷം വരെ തടവും അൻപതിനായിരം രൂപയിൽ കുറയാതെ രണ്ടു ലക്ഷം രൂപവരെ പിഴയും കുറ്റം ആവർത്തിച്ചാൽ എഴു വർഷത്തിൽ കുറയാതെ തടവും. അഞ്ചുലക്ഷത്തിൽ കുറയാതെ അൻപതു ലക്ഷം രൂപ വരെ പിഴയും. |

71. <u>സേവനാവകാശ നിയമം</u>

സർക്കാർ വകുപ്പുകൾ ജനസേവനം സമയബന്ധിതമായി നിർവ്വഹിക്കുന്നതിനായാണ് കേരള സർക്കാർ സേവനാവകാശ നിയമം നടപ്പിലാക്കിയത്. G.O(P)No.116/2012 (F&WLD) dated, 07/12/12 പ്രകാരം വനം–വന്യജീവി വകുപ്പിലും സേവനാവകാശ നിയമം നടപ്പിലാക്കിക്കഴിഞ്ഞു. വനം വന്യജീവി വകുപ്പിൽ ഇനി മുതൽ താഴെപ്പറയുന്ന സേവനങ്ങൾ സേവനാവകാശത്തിന്റെ പരിധിയിൽ വരുന്നതാണ്.

| ക്രമ നമ്പർ | സേവനങ്ങൾ | ഉത്തരവാദിത്വപ്പെട്ട ഓഫീസർ | സമയപരിധി | ആദ്യഅപ്പീൽ അധികാരി | രണ്ടാം അപ്പീൽ അധികാരി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമം 2005 പ്രകാരം സർക്കാർ നാമ നിർദ്ദേ ശം ചെയ്ത 50 വില്ലേജുക ളിൽ നിൽക്കുന്ന മരങ്ങൾ മുറിക്കുന്നതിനും, കൊണ്ടുപോകുന്നതി നുമുള്ള പാസ്സ് ലഭ്യമാക്കൽ | ഫോറസ്റ്റ് റെയിഞ്ച് ഓഫീസർ | 30 ദിവസം | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ | സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേ റ്റർ |
| 2 | പൊതു ലേലത്തിനു ശേഷം ലഭിക്കുന്ന പോസ്റ്റ് ഓഫറുകൾ സ്വീകരിച്ച് ലേലം സ്ഥിരീകരണം നൽകുന്നതിന് (ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ/ അധികാരപ്പെടുത്തി യ ഉദ്യോഗസ്ഥനോ നടത്തിയ ലേലം അവസാനിച്ച തിനു ശേഷം) | സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർ വേറ്റർ | 21 ദിവസം | അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റ ർ | പ്രിൻസിപ്പ ൽ ചീഫ് ഫോറസ്റ്റ് കൺസർവേ റ്റർ & ഹെഡ്ഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് |
| 3 | വന്യജീവികൾ കൃഷിനാശം വരുത്തിയതിനുള്ള നഷ്ടപരിഹാരത്തി നായി സമർപ്പിക്കുന്ന അപേക്ഷ | ഡിവിഷണ ൽ ഫോറസ്റ്റ് ഓഫീസർ | 30 ദിവസം | സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റ ർ | അഡീഷണ ൽ പ്രിൻസിപ്പ ൽ ചീഫ് ഫോറസ്റ്റ് കൺസർവേ റ്റർ (റീജിയണൽ ) |

| | | | | | |
|---|---|---|---|---|---|
| 4 | വന്യമൃഗാക്രമണം മൂലം മരണം സംഭവിച്ചാൽ ആയതിനുള്ള അപേക്ഷ സമർപ്പണം (കൊല്ല പ്പെട്ടയാളുടെ തൊട്ടടു ത്ത ബന്ധു വാണെന്ന് തെളിയിക്കു ന്ന തിനുള്ള സർട്ടിഫിക്കറ്റ് സഹിതം) | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ | 30 ദിവസം | സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ | അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (റീജിയണൽ) |
| 5 | പ്രോപ്പർട്ടിമാർക്ക് രജിസ്ട്രേഷൻ | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ | 15 ദിവസം | സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ | അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (റീജിയണൽ) |
| 6 | വനപ്രദേശത്ത് സിനിമാ ഷൂട്ടിങ്ങിനുള്ള അനുവാദം ലഭ്യമാക്കൽ | ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ | 3 ദിവസം | അഡീ.പി.സി.സി.എഫ്, റീജിയണൽ | പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ |
| 7 | സംരക്ഷിത വനപ്രദേശങ്ങളിലെ സിനിമാ ഷൂട്ടിംങ് | ചീഫ് വൈൽഡ് ലൈഫ് വാർഡൻ | 3 ദിവസം | ഡെപ്യൂട്ടി സെക്രട്ടറി വനം-വന്യജീവി വകുപ്പ്, ഗവ.സെക്രട്ടറിയേറ്റ് | സെക്രട്ടറി വനം-വന്യജീവി വകുപ്പ്, ഗവ.സെക്രട്ടറിയേറ്റ് |

| | | | | | |
|---|---|---|---|---|---|
| 8 | സർക്കാർ വകുപ്പുകൾ അംഗീകരിച്ച ഗവേഷണ പദ്ധതികൾനടപ്പി ലാക്കുന്നത് | ചീഫ് വൈൽഡ് ലൈഫ് വാർഡൻ | 10 ദിവസം | ഡെപ്യൂട്ടി സെക്രട്ടറി വനം-വന്യ ജീവി വകുപ്പ്, ഗവ.സെക്രട്ടറി യേറ്റ് | സെക്രട്ടറി വനം-വന്യജീവി വകുപ്പ്, ഗവ.സെക്രട്ട റിയേറ്റ് |
| 9 | വാഹനങ്ങളിൽ ആന കളുടെ അന്തർ സംസ്ഥാന സഞ്ചാര ത്തിനുള്ള അനുവാദം സംബന്ധിച്ച് | ഡിവിഷണ ൽ ഫോറസ്റ്റ് ഓഫീസർ | 3 ദിവസം | സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റ ർ | അഡീഷണ ൽ പ്രിൻസിപ്പ ൽ ചീഫ് ഫോറസ്റ്റ് കൺസർവേ റ്റർ (റീജിയണൽ ) |
| 10 | പ്രകൃതി പഠന (നേച്ചർ) ക്യാമ്പിനുള്ള അപേക്ഷകൾ | ഡിവിഷണ ൽ ഫോറസ്റ്റ് ഓഫീസർ | 7ദിവസം | സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റ ർ | അഡീഷണ ൽ പ്രിൻസിപ്പ ൽ ചീഫ് ഫോറസ്റ്റ് കൺസർവേ റ്റർ (റീജിയണൽ ) |